# ആദരാഞ്ജലികൾ







## റവ.ഫാ. പോൾ മണക്കാട്ടുമറ്റം

മാനന്തവാടി രൂപതയിലെ വൈദികനായ ബഹു. പോൾ മണക്കാട്ടുമറ്റം 2015 ഏപ്രിൽ 8-ന് കർത്താവിൽ നിദ്രപ്രാപിച്ചു. ബഹു. മണക്കാട്ടുമറ്റം പോളച്ചൻ പാലാ രൂപതയിലെ രാമപുരം ഇടവകയിലെ മണക്കാട്ടുമറ്റം അലക്സാണ്ടർ-മേരി ദമ്പതികളുടെ രണ്ടാമത്തെ മകനായി 1936 ഫെബ്രുവരി മാസം 13-ന് ജനിച്ചു. (ഇപ്പോൾ കുറുഞ്ഞി ഇടവക). ആളുകൾ അദ്ദേഹത്തെ പോളച്ചനെന്നും പൈലോച്ചനെന്നും വിളിച്ചു. രാമപുരം നോർത്ത് എൽ.പി.സ്കൂൾ, സെന്റ് അഗസ്റ്റ്യൻ ഹൈസ്കൂൾ രാമപുരം എന്നീ വിദ്യാലയങ്ങളിൽ നിന്നും പ്രാഥമിക പഠനം പൂർത്തിയാക്കിയശേഷം പോളച്ചൻ വൈദിക പഠനത്തിനായി സെമിനാരിയിൽ ചേർന്നു. വൈദിക പരിശീലനം പൂർത്തിയാക്കിയ അദ്ദേഹം 1966 ജനുവരി മാസം 8-ന് തലശ്ശേരിയിൽ വച്ച് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്നും പൗരോഹിത്യപട്ടം സ്വീകരിച്ചു. അച്ചന്റെ കുടുംബം ദൈവവിളികളാൽ അനുഗ്രഹീതമാണ്. 9 അംഗങ്ങളുള്ള അച്ചന്റെ കുടുംബത്തിൽ നിന്ന് പോളച്ചനെ കൂടാതെ അച്ചന്റെ സഹോദരങ്ങളായ ഫാ. അലക്സ്, ബ്രദർ ജോസഫ് സി.എം.എസ്.എഫ്, സി.ഗ്രാസിയ എം.എസ്.എ, സി.ബർത്തില്ല എം.എസ്.എ, സി. അഗത്ത എസ്.എച്ച്, സി. ജോവിറ്റ എസ്.എച്ച്. എന്നിവരും സമർപ്പിത ജീവിതം നയിക്കുന്നവരാണ്.

വൈദികപട്ടം സ്വീകരിച്ച ഉടനെ അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ സെക്രട്ടറിയായും തുടർന്ന് മാനന്തവാടിയിലുള്ള സെന്റ് തോമസ് മൗണ്ട്, മാനന്തവാടി എസ്റ്റേറ്റ് എന്നിവിടങ്ങളിലെ മാനേജരായും സേവനം ചെയ്തു. പിന്നീട് 1973-ൽ മാനന്തവാടി രൂപത സ്ഥാപിതമായപ്പോൾ അച്ചൻ മാനന്തവാടി രൂപതയിൽ ചേർന്നു. ഒരുവർഷം തോണിച്ചാൽ ഇടവകയുടെ വികാരിയായി സേവനം ചെയ്തശേഷം തുടർന്നുള്ള തന്റെ സേവനകാലം മുഴുവനും കാട്ടിക്കുളത്തുള്ള വുഡ്ലാന്റ്സ് എസ്റ്റേറ്റ് മാനേജരായി നിശബ്ദസേവനം തുടരുകയായിരുന്നു ബഹു.

പോളച്ചൻ. ഇതിനിടയിൽ 1974 ആഗസ്റ്റ് മാസം 1-ാം തീയതി മുതൽ കാട്ടിക്കുളം ഇട വകയുടെ വികാരിയായി. കാട്ടിക്കുളത്തും പരിസരപ്രദേശങ്ങളിലുമുള്ള കുടിയേറ്റ കർഷകരുടെ സാമ്പത്തിക പുരോഗതിയോടൊപ്പം ആത്മീയവളർച്ചയിലും അച്ചൻ പ്രത്യേകം ശ്രദ്ധാലുവായിരുന്നു. ആദ്യകാലങ്ങളിൽ കാട്ടിക്കുളം പ്രദേശത്തെ മുഴു വൻ വിശ്വാസികളുടേയും ആത്മീയ കാര്യങ്ങൾ ശ്രദ്ധിച്ചിരുന്നത് അച്ചനായിരുന്നു. ഇതിന്റെ ഭാഗമായി ആ പ്രദേശത്തുള്ള പനവല്ലി, അപ്പപ്പാറ, ബാവലി, എടയൂർകുന്ന് എന്നീ ഇടവകകൾ സ്ഥാപിക്കാൻ മുൻകൈ എടുത്തതും അച്ചനാണ്. 2006-ൽ വിയാനിഭവനിൽ വിശ്രമജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്നതുവരെയും വുഡ്ലാന്റ് എസ്റ്റേറ്റിന്റെ പ്രവർത്തനങ്ങൾ സുഗമമായി നടത്തിക്കൊണ്ടുപോയത് ബഹു. പോള ച്ചനായിരുന്നു. 1978-ൽ തിരുനെല്ലിയിലെ ആദിവാസികൾക്കിടയിൽ പട്ടിണിമരണം ഉണ്ടായതിനെതുടർന്ന് രൂപതയുടെ ഇടപെടൽ ഉണ്ടായപ്പോൾ മുന്നിൽ നിന്ന് നേതൃത്വം നൽകാൻ പോളച്ചൻ ഉണ്ടായിരുന്നു. താൻ നോക്കിനടത്തുന്ന തോട്ടത്തിൽ മാത്രമല്ല സമീപപ്രദേശങ്ങളിലെ സാധാരണക്കാരായ കർഷകർക്കും പുത്തൻ കൃഷിയറിവുകൾ പകർന്നു നൽകാൻ അച്ചൻ ഉത്സാഹവാനായിരുന്നു. സഭാധികാരികളോട് എന്നും വിധേയത്വം പുലർത്തുകയും ഏൽപ്പിച്ച എല്ലാ ഉത്തരവാദിത്വങ്ങളും തികഞ്ഞ ആത്മാർത്ഥതയോടെ നിർവ്വഹിക്കുകയും ചെയ്ത അനുകരണീയനായ ആത്മീയ ഗുരുവായിരുന്നു ബഹു. പോളച്ചൻ. രോഗാവസ്ഥയിൽ വിയാനിഭവനിൽ കഴിഞ്ഞി രുന്ന ബഹുമാനപ്പെട്ട അച്ചൻ ഏപ്രിൽ 8-ന് രാവിലെ 7.30 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. രാവിലെ 10.30 ന് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് മൃതസം സ്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗത്തിന് നേതൃത്വം നൽകുകയും തുടർന്ന് അച്ചന്റെ മൃതദേഹം ദ്വാരക പാസ്റ്ററൽ സെന്ററിന്റെ ചാപ്പലിലേയ്ക്ക് മാറ്റുകയും ചെയ്തു. തുടർന്ന് മൃതസംസ്കാര ശുശ്രൂഷയുടെ രണ്ടാം ഭാഗത്തിനും അഭിവന്ദ്യ ജോസ് പിതാവ് നേതൃത്വം നൽകി. അന്ന് ഹർത്താലായിരുന്നെങ്കിലും ദ്വാരകയിലും പരിസരങ്ങളിൽ നിന്നുമായി ധാരാളം സിസ്റ്റേഴ്സ് പാസ്റ്ററൽ സെന്ററിന്റെ ചാപ്പലിൽ അച്ചനുവേണ്ടി പ്രാർത്ഥനയിൽ ചെലവഴിച്ചു. അന്ന് രാത്രി അഭിവന്ദ്യ ഞരളക്കാട്ട് പിതാവും 9-ാം തീയതി രാവിലെ അഭിവന്ദ്യ ജോർജ് വലിയമറ്റം പിതാവും അച്ചന് ആദരാഞ്ജലികൾ അർപ്പിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

തുടർന്ന് 9-ാം തീയതി ഉച്ചയ്ക്ക് 2 മണിയോടെ അച്ചന്റെ ഭൗതിക ദേഹം സിയോൻ ഹാളിലേയ്ക്ക് മാറ്റുകയും ഉച്ചകഴിഞ്ഞ് 3 മണിയ്ക്ക് മൃതസംസ്കാര ശുശ്രൂഷ യുടെ ഭാഗമായ സമൂഹബലിയ്ക്ക് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് മുഖ്യ കാർമ്മികത്വം വഹിക്കുകയും അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവ് ബഹു. പോള ച്ചനെ അനുസ്മരിച്ച് ചരമപ്രസംഗം നടത്തുകയും ചെയ്തു. റവ.ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ, റവ.ഫാ. ജെയിംസ് കുറ്റിമാക്കൽ, റവ.ഫാ. ജോർജ്ജ് ആലുക്ക, റവ.ഫാ. അഗസ്റ്റ്യൻ കല്ലുങ്കത്തറ, റവ.ഫാ. ഗർവ്വാസീസ് മറ്റം, പോളച്ചന്റെ സഹോദ രൻ റവ.ഫാ. അലക്സ് മണക്കാട്ടുമറ്റം എന്നിവർ സമൂഹബലിയ്ക്ക് സഹകാർമ്മിക രായിരുന്നു. ഏവർക്കും പ്രിയങ്കരനായിരുന്ന ബഹു. പോളച്ചനെ ദൈവം നിത്യസമ്മാനം നൽകി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ബഹു. പോളച്ചന്റെ ദീപ്തമായ സ്മരണയ്ക്ക് മുൻപിൽ മാനന്തവാടി രൂപതാ കുടുംബത്തിന്റെ മുഴുവ ന്റെയും പ്രാർത്ഥനാനിർഭരമായ ആദരാഞ്ജലികൾ.

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 06** **മെയ്-2015** **ലക്കം 5**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
| --- | --- |

# ഉള്ളടക്കം


സർക്കുലർ ........................................................ 07
വിശുദ്ധ ചുമതലകൾ ................................................. 12
യാത്രയിലായിരിക്കുന്ന സഭ ........................................ 20
*Exploring the Phenomenon of Word Stealing*............... 28
രൂപതാകച്ചേരി വാർത്തകൾ ........................................ 32
*Vocation Bureau* ....................................................... 34
സെമിനാരി വാർത്തകൾ .............................................. 35
മതബോധനരംഗം ...................................................... 37
ചെറുപുഷ്പമിഷൻലീഗ് ............................................... 53
*Department of Youth Ministry* .................................. 57
കെ.സി.വൈ.എം. ...................................................... 60
കുടുംബപ്രേഷിതത്വം ................................................. 64
സീയോൻ വാർത്തകൾ ............................................... 67
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................... 68
സാമൂഹ്യ സേവനരംഗം (WSSS) .................................. 73
കേരള ലേബർ മൂവ്മെന്റ് ........................................... 78
കെസിബിസി മദ്യവിരുദ്ധ സമിതി ............................. 79
*CEADOM* വിദ്യാഭ്യാസ മേഖല ........................................ 80
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ...................................... 84
ബിഷപ്സ് പ്രോഗ്രാം .................................................. 85

# സർക്കുലർ

## സമർപ്പിത വർഷാചരണം

**മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,**

സമർപ്പിത വർഷാചരണം തുടങ്ങിയ അവസരത്തിൽ, സമർപ്പിതരെക്കുറിച്ച് 2014 നവംബർ 23-ന് ഞാൻ എഴുതിയ ഇടയലേഖനത്തിന്റെ രണ്ടാം ഭാഗത്ത് സമർപ്പിതരായ സഹോദരന്മാരെക്കുറിച്ച് പ്രത്യേകം എഴുതിയിരുന്നല്ലോ. ഇപ്പോൾ സമർപ്പിതരായ സഹോദരിമാരുടെ ശുശ്രൂഷയെക്കുറിച്ച് എഴുതാനാഗ്രഹിക്കുന്നു.

ഭാരതകത്തോലിക്കാസഭയിൽ ആകെ 94,000 സമർപ്പിതരായ സഹോദരിമാർ സേവനമനുഷ്ഠിക്കുന്നുണ്ട്. ഇവരിൽ 33,000 പേർ സീറോ-മലബാർ സഭയിൽ നിന്നുള്ളവരും ഈ സഭയുടെ നേരിട്ടുള്ള ശുശ്രൂഷാരംഗങ്ങളിൽ വ്യാപരിക്കുന്നവരുമാണ്. ഇതുകൂടാതെ ഈ സഭയിൽ നിന്നുള്ള 20,000 പേരെങ്കിലും ലത്തീൻ -സീറോ മലങ്കര സഭകളുടെ ആഭിമുഖ്യത്തിലുള്ള ശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുന്നു എന്നാണ് കരുതപ്പെടുന്നത്. അംഗസംഖ്യയിലെ ഈ വർദ്ധിച്ച സാന്നിദ്ധ്യം സഭയിലും ലോകത്തിലും സന്യാസിനികൾ നല്കുന്ന ശുശ്രൂഷയുടെ പ്രാധാന്യം വ്യക്തമാക്കുന്നു.

സന്യാസിനിമാർ വിവിധ രീതികളിലാണ് തങ്ങളുടെ അർപ്പിത ജിവിതം നയിക്കാൻ നിശ്ചയിക്കപ്പെട്ടിരിക്കുന്നത് എന്ന വസ്തുത അത്മായസഹോദരങ്ങൾ മനസ്സിലാക്കിയിരിക്കേണ്ടതാണ്. പൂർണ്ണമായി ധ്യാനാത്മക ജീവിതം നയിക്കുന്നവർ, ഭാഗികമായ ധ്യാനാത്മക ജീവിതക്കാർ, പൂർണ്ണമായി അജപാലനപ്രവർത്തനങ്ങളിലേർപ്പെടുന്നവർ, വിവിധ ഭൗതിക മേഖലകളിൽ വ്യാപരിക്കുകയും അതേസമയം വ്രതബദ്ധജിവിതം നയിക്കുകയും ചെയ്യുന്ന സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടുകാർ, സമൂഹജീവിതമില്ലാതെ ഏകസ്ഥരായി കഴിയുന്നവർ, സന്യാസവ്രതങ്ങളില്ലാതെ ജിവിക്കുന്ന അപ്പസ്തോലികസംഘങ്ങൾ - എന്നിങ്ങനെ വിവിധ തലങ്ങളിലുള്ള അർപ്പിത ജീവിതരീതികളുണ്ട്.

തിരുസഭയുടെ ആരംഭകാലം മുതൽതന്നെ പാശ്ചാത്യ പൗരസ്ത്യ സഭകളിൽ സമർപ്പിതജീവിതം നയിച്ചിരുന്ന സ്ത്രീകളുടെ സമൂഹങ്ങളുണ്ടായിരുന്നു. പുരുഷൻമാർ നിയമങ്ങൾ എഴുതി ഉണ്ടാക്കി സമൂഹമായി ജീവിക്കാൻ ആരംഭിച്ചപ്പോൾ അത്തരം ജീവിതരീതി സ്വീകരിക്കാൻ സ്ത്രീകളും തയ്യാറായി. സന്യാസ സഭാസ്ഥാപകരുടെ ആദർശങ്ങളെ അനുകരിച്ചുകൊണ്ട് ആ സഭകളുടെ സഹായികളോ പിന്നണി പ്രവർത്തകരോ ആയിട്ടാണ് പല സന്യാസിനീ സമൂഹങ്ങളും സഭയിൽ ജന്മം കൊണ്ടത്.

പൗരസ്ത്യസഭയിലെ സന്യാസ പ്രസ്ഥാനങ്ങൾക്കു നിയതമായ രൂപവും ഭാവവും നല്കുന്നതിൽ ഗണ്യമായ സംഭാവനകൾ നല്കിയ വി.പക്കോമിയോസ് (287–346) അദ്ദേഹത്തിന്റെ സഹോദരിയായ മേരിയുടെ നേതൃത്വത്തിൽ സ്ത്രീകൾക്കുവേണ്ടിയുള്ള സമൂഹം സ്ഥാപിച്ചു. നാലാം നൂറ്റാണ്ടിന്റെ അവസാനകാലഘട്ടം മുതൽ ഈജിപ്തിലും, സിറിയൻ നാടുകളിലും, ഏഷ്യാമൈനറിലും സ്ത്രീകളുടെ സമൂഹങ്ങളും അവയിൽ ധാരാളം സന്യാസിനികളുമുണ്ടായിരുന്നതായി ചരിത്രകാരൻമാർ രേഖപ്പെടുത്തിയിട്ടുണ്ട്. പൗരസ്ത്യസഭയിലെ താപസികരെപ്പറ്റി പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ സ്ത്രീകൾക്കു വേണ്ടിയുള്ള താപസിനികളുടെ കൂട്ടായ്മകൾ *കന്യകകളുടെ സമൂഹം (Community of virgins)* എന്ന പേരിൽ ഉണ്ടായിരുന്നതായുള്ള സൂചനകൾ നല്കുന്നു.

പാശ്ചാത്യസഭയിൽ പുരുഷ സന്യാസസമൂഹങ്ങൾക്കു തുടക്കം കുറിച്ച സന്യാസ സഭാശ്രേഷ്ഠന്മാരെല്ലാവരും തന്നെ സ്ത്രീകൾക്ക് സന്യാസജീവിതത്തിനുള്ള പ്രത്യേക ക്രമീകരണങ്ങൾ സന്യാസ ശ്രേഷ്ഠകളുടെ നേതൃത്വത്തിൽ നടത്തിയിരുന്നു എന്ന് പാരമ്പര്യം സാക്ഷിക്കുന്നു. ഇപ്രകാരം ബെനഡിക്ടൈൻ സന്യാസത്തിൽ വി.സ്കൊളാസ്റ്റിക്കായെയും, ഫ്രാൻസിസ്കൻ സന്യാസത്തിൽ വി.ക്ലാരയെയും, കർമ്മലീത്താ സന്യാസത്തിൽ ആവിലായിലെ വി.അമ്മത്രേസ്യയെയും പ്രത്യേകം എടുത്തുപറയേണ്ടതാണ്.

പാശ്ചാത്യ പൗരസ്ത്യ സഭകളിലുണ്ടായിരുന്നതുപോലെ സീറോ മലബാർ സഭയിലും പാശ്ചാത്യ മിഷനറിമാരുടെ വരവിന് മുൻപ് സമൂഹജീവിതം നയിച്ചിരുന്ന സന്യാസിനികളുണ്ടായിരുന്നിരിക്കണം. സ്ത്രീകൾ ദൈവാലയശുശ്രൂഷയിലും സുവിശേഷവേലയിലും മുന്നിട്ടു നിന്നിരുന്നുവെന്നതിന് തെളിവുകളുണ്ട്. മാമ്മോദീസാവേളയിൽ തൈലം പൂശലിന് സഹായികളായി മ്ശംശാനീസാമാരെ നിയോഗിച്ചിരുന്നതായി

നമ്മുടെ ഡീക്കൻപട്ടശുശ്രൂഷാക്രമത്തിൽ പരാമർശമുണ്ട്. നമ്മുടെ സഭ ലത്തീൻ ഭരണത്തിന് വിധേയമായ കാലഘട്ടം മുതൽ സന്യാസജിവിതത്തിലും പാശ്ചാത്യശൈലികൾ സ്വീകരിച്ചുതുടങ്ങി.

സമർപ്പിതജീവിതത്തിലേക്കുള്ള സ്ത്രീകളുടെ ദൈവവിളികളെ പ്രോത്സാഹിപ്പിക്കാനായി തദ്ദേശിയ സന്യാസിനീസമൂഹങ്ങൾ ഉണ്ടാകേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കി സുറിയാനിക്കാരുടെ ആദ്യത്തെ വികാരിജനറാളായിരുന്ന ചാവറയച്ചൻ കർമ്മലീത്താ പാരമ്പര്യത്തിലുള്ള സന്യാസിനീസമൂഹം കേരളത്തിൽ സ്ഥാപിച്ചു. തുടർന്ന് വിവിധ സന്യാസിനീ സമൂഹങ്ങളും നമ്മുടെ സഭയിൽ ജനിച്ചു വളർന്നു. ഇന്ന് സ്ത്രീകൾക്കായി സീറോ മലബാർ സഭയിൽ തദ്ദേശീയങ്ങളായ 34 സന്യാസിനീ സമൂഹങ്ങളും 6 സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടുകളും 9 ഭക്ത സമൂഹങ്ങളുമുണ്ട്. പൂർണ്ണമായി ധ്യാനാത്മക ജീവിതം നയിക്കുന്ന 3 സന്യാസിനീസമൂഹങ്ങളാണ് നമ്മുടെ സഭയിലുള്ളത്. ഇതുകൂടാതെ ലത്തീൻസഭയിൽ രൂപംകൊണ്ട 7 സന്യാസിനീസഭകളുടെ പ്രവിശ്യകളും 150-ഓളം സന്യാസിനീ സഭകളുടെ ഭവനങ്ങളും സീറോ മലബാർ സഭയിൽ ഉണ്ട്.

രണ്ടാം വത്തിക്കാൻ കൗൺസിലിന് ശേഷം സന്യാസിനിമാർ സഭാശുശ്രൂഷയിൽ വലിയ പങ്കുവഹിക്കുന്ന സജീവാംഗങ്ങളായി തീർന്നിട്ടുണ്ട് എന്നത് ശ്ലാഘനീയമാണ്. ഇന്ന് പ്രേഷിതപ്രവർത്തനത്തിലും അജപാലനത്തിലും വൈദികരോട് സഹകരിച്ച് വളരെയേറെ ശുശ്രൂഷകൾ സന്യാസിനികൾ സ്തുത്യർഹമായി നിർവ്വഹിക്കുന്നു. വിശ്വാസപരിശീലനത്തിലും, പൊതുവിദ്യാഭ്യാസത്തിലും, ആതുര ശുശ്രൂഷയിലും അഗതിസേവനത്തിലും കുടുംബ പ്രേഷിതത്വത്തിലും സജീവസാന്നിദ്ധ്യം നല്കി സന്യാസിനികൾ ക്രിസ്തീയ സ്നേഹത്തിന്റെ പങ്കുവയ്ക്കൽ നടത്തുന്നത് വലിയ ക്രൈസ്തവസാക്ഷ്യം തന്നെയാണ്. ആധുനികകാലത്തെ പുതിയ വെല്ലുവിളികൾ നേരിട്ടുകൊണ്ടു പോലും നമ്മുടെ സഹോദരിമാർ പ്രേഷിത പ്രവർത്തനത്തിൽ ധൈര്യപൂർവ്വം മുന്നേറുന്നുണ്ട്. ഇരുപതു വർഷം മുമ്പ് തന്റെ ജീവൻ ബലികഴിച്ചു പോലും ഈശോയുടെ സ്നേഹത്തിനു സാക്ഷ്യം വഹിച്ച സി. റാണി മരിയായും അടുത്ത കാലത്ത് കാന്ദമാലിലും, ഈയ്യിടെ പശ്ചിമബംഗാളിലെ നദിയായിലും ആക്രമിക്കപ്പെട്ട സിസ്റ്റേഴ്സും നമ്മുടെ കൺമുമ്പിൽ തെളിഞ്ഞു നിൽക്കുന്നുണ്ടല്ലോ.

കാലത്തിനനുസൃതമായി സന്യാസജീവിത രീതികൾക്ക് മാറ്റം വന്നിട്ടുണ്ട് എന്നതും വാസ്തവമാണ്. ആദ്ധ്യാത്മികതയുടെ ഭാഗമായി സഭാസേവനത്തെ യോജിപ്പിച്ച് കൊണ്ടുപോകുന്ന ഒരുശൈലി ഇന്ന് അവർ അവലംബിക്കുന്നു. ഭാരതത്തിലെ ശുശ്രൂഷകൾക്ക് പുറമെ വിദേശരാജ്യങ്ങളിലും പ്രത്യേകിച്ച് ആഫ്രിക്കയിലെ വിവിധ മിഷൻ പ്രദേശങ്ങളിലും നമ്മുടെ സഭയിൽ നിന്നുള്ള സന്യാസിനികൾ കടന്നു ചെന്ന് നിസ്വാർത്ഥ സേവനത്തിന്റെ ക്രൈസ്തവ സാക്ഷ്യം നല്കുന്നു.

സീറോ മലബാർ സഭയിൽനിന്ന് സന്യസ്തസമർപ്പിത ജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്നവരുടെ എണ്ണത്തിൽ അടുത്തകാലങ്ങളിലായി കുറവുകൾ വന്നിട്ടുണ്ട് എന്നത് യാഥാർത്ഥ്യമാണ്. സന്യസ്ത ജീവിതത്തിലേയ്ക്കുള്ള ദൈവവിളി പ്രോത്സാഹനത്തിന് സഭയ്ക്കു മുഴുവൻ കടമയുണ്ട്. ഇടവക സമൂഹത്തിനു പൊതുവെയും കുടുംബത്തിനു പ്രത്യേകിച്ചും ഈ രംഗത്തുള്ള ഉത്തരവാദിത്വം ഏറെയാണ്. സന്യസ്ത ജീവിതത്തിലേയ്ക്കുള്ള ദൈവവിളികൾ പ്രോത്സാഹിപ്പിക്കുന്ന അന്തരീക്ഷം നമ്മുടെ കുടുംബങ്ങളിലുണ്ടാകേണ്ടതുണ്ട്. കുടുംബങ്ങളിലെ മൂല്യങ്ങളും സാഹചര്യങ്ങളും സമർപ്പിത ജീവിതത്തിലേയ്ക്കുള്ള ദൈവവിളികൾ സ്വീകരിക്കുന്നതിന് അനുകൂലമായിരിക്കണം. മാതാപിതാക്കളും ഇടവകയിലെ സമർപ്പിതരും വിശ്വാസപരിശീലകരും യുവതികളെ തങ്ങളുടെ ദൈവവിളികളെ കണ്ടെത്താൻ സഹായിക്കണം.

തിരുസഭയ്ക്കും പൊതുസമൂഹത്തിനുമായി പ്രാർത്ഥിക്കുകയും നിസ്വാർത്ഥമായി സേവനം അനുഷ്ഠിക്കുകയും ചെയ്യുന്ന സമർപ്പിത സന്യാസിനികളെ സ്നേഹിക്കുവാനും സഹായിക്കുവാനും നമുക്കോരോരുത്തർക്കും കടമയുണ്ട്. അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും നമ്മുടെ സമൂഹത്തിന്റെ കരുതലും പരിഗണനയും അവരോടു നിരന്തരം പ്രകടിപ്പിക്കുകയും ചെയ്യണം.

ഭൗതിക സുഖങ്ങളെല്ലാം വെടിഞ്ഞ് നിത്യമണവാളനായ ഈശോയോട് ഏറ്റവും അടുത്ത് സഹവസിച്ച് ത്യാഗങ്ങൾ സന്തോഷത്തോടെ ഏറ്റെടുത്ത്, മുഴുവൻ സമയശുശ്രൂഷകരായി ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായി ജീവിച്ച്, ലോകത്തെമ്പാടും പരിമളമായി ഭവിക്കുന്ന സമർപ്പിതജീവിതക്കാരായ എല്ലാ സന്യാസിനിമാരെയും ഹൃദയപൂർവ്വം അഭിനന്ദിക്കുകയും അവർക്ക് എല്ലാവിധ

ദൈവാനുഗ്രഹങ്ങൾ നേരുകയും ചെയ്യുന്നു. സീറോ മലബാർ സഭയിൽ ജനിച്ച് കേരളമണ്ണിൽ സന്യാസസമർപ്പണജീവിതം നയിച്ച് സന്യസ്ത സമർപ്പിത ജീവിതത്തിലെ താരകങ്ങളായി പ്രശോഭിക്കുന്ന വിശുദ്ധ അൽഫോൻസായും, വിശുദ്ധ എവുപ്രാസ്യായും, വാഴ്ത്തപ്പെട്ട മറിയം ത്രേസ്യായും സമർപ്പിതരായ എല്ലാസഹോദരിമാർക്കും മാതൃകകളും മദ്ധ്യസ്ഥരുമായിരിക്കട്ടെ. ഈ സമർപ്പിത വർഷത്തിലെ എല്ലാ നവീകരണ പദ്ധതികളിലും അരൂപിയുടെ നിറവ് ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ നിങ്ങളേവരെയും ഞാൻ ആശീർവദിക്കുന്നു.

**കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി**
എറണാകുളം–അങ്കമാലി അതിരൂപതാ മെത്രാപ്പോലീത്ത

---

**NB:- ഈ സർക്കുലർ സൗകര്യപ്രദമായ ഒരു ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുന്നത് ഉചിതമായിരിക്കും.**

# *വിശുദ്ധ ചുമതലകൾ*

**വൈദികരുടെ തളർച്ചയെക്കുറിച്ച് തനിക്കറിയാമെന്ന് തൈലാ ശീർവാദ ദിവ്യബലിവേളയിൽ മാർപാപ്പ.**

*ഏപ്രിൽ 2 പെസഹാവ്യാഴാഴ്ച രാവിലെ വിശുദ്ധ പത്രോസിന്റെ ബസിലിക്കയിൽ വച്ച് ഫ്രാൻസീസ് മാർപാപ്പ തൈലാശീർവാദദിവ്യ ബലിയർപ്പിച്ചു. തന്റെ വചനവിചിന്തനത്തിന്റെ സമയത്ത് പരിശുദ്ധ പിതാവ് വൈദികരുടെ തളർച്ചയെക്കുറിച്ച് ചർച്ചചെയ്തു. എങ്കിലും, ജന ങ്ങളോടൊത്തായിരിക്കുന്നതിൽ കർത്താവ് ഒരിക്കലും തളരുന്നില്ല എന്ന് അദ്ദേഹം തുടർന്നുപറഞ്ഞു. "ജനങ്ങൾ തങ്ങളുടെ വൈദികരെ സ്നേഹിക്കുന്നു എന്നും തങ്ങൾക്ക് അജപാലകർ വേണമെന്ന് അവർ ആഗ്രഹിക്കുകയും ആവശ്യപ്പെടുകയും ചെയ്യുന്നു" എന്നും അദ്ദേഹം പ്രസ്താവിച്ചു. മാർപാപ്പയുടെ വചന വിചിന്തനത്തിന്റെ പരിഭാഷ ചുവടെ.*

"എന്റെ കൈ എന്നും അവനോടൊത്തുണ്ടായിരിക്കും. എന്റെ ഭുജം അവനു ശക്തി നൽകും" (സങ്കീ. 89.21)

"ഞാൻ എന്റെ ദാസനായ ദാവീദിനെ കണ്ടെത്തി; വിശുദ്ധ തൈലം കൊണ്ട് ഞാൻ അവനെ അഭിഷേകം ചെയ്തു" (വാക്യം 20) എന്നു പറയുമ്പോൾ കർത്താവ് അർത്ഥമാക്കുന്നത് ഇതാണ്. ഒരു വൈദി കനെ "കണ്ടു മുട്ടു"മ്പോഴൊക്കെ നമ്മുടെ പിതാവ് ചിന്തിക്കുന്നതും ഇതുതന്നെയാണ്. അവിടുന്ന് തുടർന്നുപറയുന്നു: "എന്റെ വിശ്വ സ്തതയും കാരുണ്യവും അവനോടുകൂടെ ഉണ്ടായിരിക്കും;.... അവൻ എന്നോട്, എന്റെ പിതാവും എന്റെ ദൈവവും എന്റെ രക്ഷാശിലയും അവിടുന്നാണ് എന്ന് ഉച്ചത്തിൽ ഉദ്ഘോഷിക്കും" (വാക്യങ്ങൾ 24, 26).

നമ്മുടെ ദൈവത്തിന്റെ ഈ ആത്മഗതത്തിലേക്ക് സങ്കീർത്തക നോടൊത്ത് പ്രവേശിക്കുന്നതു നല്ലതാണ്. നമ്മെക്കുറിച്ച്, തന്റെ വൈദി കരെക്കുറിച്ച്, തന്റെ അജപാലകരെക്കുറിച്ച് അവിടുന്ന് സംസാരിക്കുന്നു. എന്നാൽ, വാസ്തവത്തിൽ അത് ഒരു ആത്മഗതമല്ല. എന്തെന്നാൽ, അവിടുന്ന് മാത്രമല്ല സംസാരിക്കുന്നത്. യേശുവിനോട് പിതാവ് പറ യുന്നു: "നിന്റെ സ്നേഹിതന്മാർക്ക്, നിന്നെ സ്നേഹിക്കുന്നവർക്ക്, ഒരു സവിശേഷരീതിയിൽ എന്നോട് ഇപ്രകാരം പറയാൻ കഴിയും: 'അങ്ങ് എന്റെ പിതാവാകുന്നു' (cf. യോഹ. 14:21). നമ്മെ സഹായിക്കുന്നതിൽ കർത്താവിന് ഇത്രമാത്രം താൽപര്യമുണ്ടെങ്കിൽ, അതിന്റെ കാരണം

അവിടുത്തെ വിശ്വസ്തജനത്തെ അഭിഷേകം ചെയ്യുന്ന ചുമതല എളുപ്പമല്ലെന്ന്, അത് ക്ലേശകരമാണെന്ന്, അതു നമ്മെ തളർത്തുമെന്ന് അവിടുത്തേക്ക് അറിയാമെന്നുള്ളതാണ്. നമ്മുടെ ദൈനംദിനപ്രേഷിതത്വം ഉളവാക്കുന്ന സാധാരണ ക്ഷീണം മുതൽ രോഗത്തിന്റെ തളർച്ചയും മരണവും രക്തസാക്ഷിത്വംവരെപോലും എത്രയോ രീതികളിൽ നാം ഇത് അനുഭവിക്കുന്നു.

വൈദികരുടെ ക്ഷീണം! നിങ്ങളെല്ലാവരും അനുഭവിക്കുന്ന ഈ തളർച്ചയെക്കുറിച്ച് ഞാൻ എത്രമാത്രം ചിന്തിക്കുന്നുവെന്ന് നിങ്ങൾക്കറിയാമോ? അതിനെക്കുറിച്ച് കൂടെക്കൂടെ, പ്രത്യേകിച്ച് ഞാൻതന്നെ ക്ഷീണിതനായിരിക്കുമ്പോൾ, ചിന്തിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. നിങ്ങളുടെ കരുതലിന് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനത്തിന്റെ മദ്ധ്യത്തിൽ നിങ്ങൾ അദ്ധ്വാനിക്കുമ്പോൾ, ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. നിങ്ങളിൽ പലരും ഏകാന്തവും അപകടകരവുമായ സ്ഥലങ്ങളിലാണ് പ്രവർത്തിക്കുന്നത്. പ്രിയപ്പെട്ട വൈദികരേ, നമ്മുടെ തളർച്ച സ്വർഗ്ഗത്തിലേക്ക് നിശബ്ദമായി ഉയരുന്ന ധൂപാർച്ചനപോലെയാണ് (cf. സങ്കീ. 141:2; വെളി. 8:3-4) നമ്മുടെ തളർച്ച പിതാവിന്റെ ഹൃദയത്തിലേക്ക് നേരിട്ടുകടക്കുന്നു.

ഈ തളർച്ചയെക്കുറിച്ച് പരിശുദ്ധ കന്യകാമറിയം നന്നായി അറിയുന്നുവെന്നും അവൾ അത് കർത്താവിലേക്ക് നേരിട്ടുകൊണ്ടുപോകുന്നുവെന്നും മനസ്സിലാക്കുക. തന്റെ മക്കൾ എപ്പോഴാണ് തളരുക എന്ന് നമ്മുടെ അമ്മ എന്ന നിലയിൽ അവൾക്ക് അറിയാം അവളുടെ ഏറ്റവും വലിയ താൽപര്യം അതാണ്. “സ്വാഗതം! എന്റെ കുഞ്ഞേ, വിശ്രമിക്കുക. നമുക്കു പിന്നീടു സംസാരിക്കാം...” നാം അവളുടെ പക്കൽ ചെല്ലുമ്പോഴൊക്കെ, അവൾ നമ്മോടു പറയുന്നു: “നിന്നോടൊത്ത് ഞാൻ ഇവിടെയില്ലേ, നിന്റെ അമ്മയായ ഞാൻ?” (cf. സുവിശേഷത്തിന്റെ ആനന്ദം, 286). കാനായിൽ ചെയ്തതുപോലെ, “അവർക്കു വീഞ്ഞില്ല” (യോഹ. 2:3) എന്ന് അവൾ തന്റെ ദിവ്യപുത്രനോടു പറയും.

അജപാലന പ്രവർത്തനംകൊണ്ട് കുനിഞ്ഞുപോകുന്നതായി നമുക്ക് അനുഭവപ്പെടുമ്പോഴൊക്കെ, വിശ്രമിക്കാനുള്ള പ്രലോഭനം നമുക്ക് ഉണ്ടായെന്നുവരാം. വിശ്രമംതന്നെ ഒരു ദൈവികദാനമല്ലേ എന്ന മട്ടിൽ നാം ചിന്തിച്ചേക്കും. ഈ പ്രലോഭനത്തിൽ നാം വീഴാൻ പാടില്ല. നമ്മെ ആശ്ലേഷിക്കുകയും എടുത്തുയർത്തുകയും ചെയ്യുന്ന യേശുവിന്റെ കണ്ണുകളിൽ നമ്മുടെ തളർച്ച വിലപ്പെട്ടതാണ്: “അദ്ധ്വാനിക്കുന്നവരും ഭാരംവഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം” (മത്താ. 11:28). തികച്ചും

ക്ഷീണിതനായി അനുഭവപ്പെടുന്നുവെങ്കിലും, ആരാധനയ്ക്കായി കുമ്പിടാനും "കർത്താവേ, ഇന്നേയ്ക്ക് ഇത്രയും മതി" എന്നു പറയാനും ഒരു വൈദികനു സാധിക്കുകയും തന്നെത്തന്നെ പിതാവിനു ഭരമേൽപ്പിക്കുകയും ചെയ്യുമ്പോഴൊക്കെ, താൻ വീഴുകയില്ലെന്നും നവീകരിക്കപ്പെടുമെന്നും അദ്ദേഹത്തിറിയാം. "ദൈവത്തിന്റെ വിശ്വസ്തജനത്തെ തൈലംകൊണ്ട് അഭിഷേകം ചെയ്യുന്നയാളെ കർത്താവും അഭിഷേകം ചെയ്യുന്നു." നിങ്ങൾക്കു വെണ്ണീറിനു പകരം പുഷ്പമാല്യവും വിലാപത്തിനു പകരം ആനന്ദത്തിന്റെ തൈലവും തളർന്ന മനസ്സിനു പകരം സ്തുതിയുടെ മേലങ്കിയും അവിടുന്ന് നൽകുന്നു" (cf. ഏശ. 61:3).

നാം എപ്രകാരം വിശ്രമിക്കുന്നുവെന്നും നമ്മുടെ തളർച്ചയെ കർത്താവ് കൈകാര്യം ചെയ്യുന്ന രീതിയിലേക്ക് നാം എപ്രകാരം നോക്കുന്നു എന്നുമുള്ളതിലാണ് വിശ്വസ്തമായ പൗരോഹിത്യശുശ്രൂഷയുടെ താക്കോൽ സ്ഥിതിചെയ്യുന്നതെന്ന് നമുക്ക് ഒരിക്കലും മറക്കാതിരിക്കാം. വിശ്രമിക്കുന്നത് എപ്രകാരമെന്ന് അഭ്യസിക്കുക എത്ര ശ്രമകരം! നമ്മുടെ വിശ്വാസത്തെയും നാമും ആടുകളാണ് എന്നു തിരിച്ചറിയാനുള്ള നമ്മുടെ കഴിവിനെയുംകുറിച്ച് ഇത് ഏറെ പറയുന്നു. നമുക്ക് ഇടയന്റെ സഹായം ആവശ്യമുണ്ട്. ഏതാനും ചോദ്യങ്ങൾക്ക് ഇക്കാര്യത്തിൽ നമ്മെ സഹായിക്കാൻ സാധിക്കും.

ദൈവത്തിന്റെ വിശ്വസ്തജനത്തിൽനിന്ന് എനിക്കു ലഭിക്കുന്ന സ്നേഹവും നന്ദിയും മമതയും സ്വീകരിച്ചുകൊണ്ട് വിശ്രമിക്കുന്നത് എങ്ങനെയെന്ന് എനിക്കറിയാമോ? അഥവാ, എന്റെ അജപാലനവൃത്തി തീർന്നുകഴിയുമ്പോൾ, ദരിദ്രരുടേതല്ലാത്തതും ഒരു ഉപഭോഗസമൂഹം ഏർപ്പെടുത്തുന്നതുമായ കൂടുതൽ പരിഷ്ക്കൃത ഉല്ലാസങ്ങൾ ഞാൻ തേടുന്നുണ്ടോ? യഥാർത്ഥത്തിൽ പരിശുദ്ധാത്മാവ്എനിക്കുവേണ്ടി "തളർച്ചയുടെ സമയങ്ങളിൽ വിശ്രമിക്കുന്നുണ്ടോ? അതോ, അവിടുന്ന് എന്നെ തിരക്കുള്ളവനായി നിലനിർത്തുന്ന ഒരാൾ മാത്രമാണോ? ജ്ഞാനിയായ ഒരു വൈദികനിൽനിന്ന് സഹായം തേടുന്നത് എപ്രകാരമെന്ന് എനിക്കറിയാമോ? എന്നിൽനിന്നുതന്നെ, എന്റെമേൽ തന്നെ ഞാൻ ഉന്നയിക്കുന്ന ആവശ്യങ്ങളിൽനിന്ന്, എന്റെ സ്വന്തം ഇച്ഛകളിലും സ്വയം മുഴുകലിലുംനിന്ന് അല്പസമയം മാറി നിൽക്കുന്നത് എങ്ങനെയെന്ന് എനിക്കറിയാമോ? യേശുവിനോടൊത്ത്, സ്വർഗീയ പിതാവിനോടൊത്ത്, കന്യകാമറിയത്തോടും വിശുദ്ധ യൗസേപ്പിനോടുമൊത്ത്, എന്റെ പ്രത്യേക മദ്ധ്യസ്ഥരായ വിശുദ്ധരോടൊത്ത്, സമയംചെലവഴിക്കുന്നതും എളുപ്പമുള്ളതും ലഘുവുമായ അവരുടെ ആവശ്യങ്ങളിലും നമ്മോടൊത്തായിരിക്കുന്നതുകൊണ്ട് ആനന്ദിക്കുന്ന അവരുടെ സന്തോഷങ്ങളിലും

ദൈവത്തിന്റെ ഉപരിമഹത്വത്തോടുമാത്രം ബന്ധപ്പെട്ട അവരുടെ താല്പര്യങ്ങളിലും ആദർശങ്ങളിലും ആശ്വാസം കണ്ടെത്തുന്നതും എപ്രകാരമെന്ന് എനിക്കറിയാമോ? കർത്താവിന്റെ സംരക്ഷണത്തിൻകീഴിൽ, എന്റെ ശത്രുക്കളിൽനിന്ന് ആശ്വസിക്കുന്നത് എങ്ങനെയെന്ന് എനിക്കറിയാമോ? ഞാൻ എപ്രകാരം സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യണം എന്നതു സംബന്ധിച്ച ഏകചിന്തയിൽ ഞാൻ വ്യാപൃതനാണോ? അതോ, എല്ലാ അവസ്ഥയിലും ഞാൻ എന്താണു പറയേണ്ടത് എന്നതു സംബന്ധിച്ച് എന്നെ പഠിപ്പിക്കുന്ന പരിശുദ്ധാത്മവിന് ഞാൻ എന്നെത്തന്നെ ഭരമേൽപ്പിക്കുന്നുണ്ടോ? അനാവശ്യമായി ഞാൻ അസ്വസ്ഥനാകുന്നുണ്ടോ? അതോ, പൗലോസിനെപ്പോലെ, "ആരിലാണ് ഞാൻ വിശ്വാസമർപ്പിച്ചിരിക്കുന്നതെന്ന് എനിക്കറിയാം" (2 തിമോ. 1:12) എന്നു പറഞ്ഞുകൊണ്ട് ഞാൻ ആശ്വാസം കണ്ടെത്തുന്നുണ്ടോ?

ഒരു വൈദികന്റെ പ്രവൃത്തിയായി ഇന്നത്തെ ആരാധനക്രമം വിവരിക്കുന്നതിലേക്ക് ഒരു നിമിഷം നമുക്കു മടങ്ങിപ്പോകാം: ദരിദ്രരെ സുവിശേഷം അറിയിക്കുകയും ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും പ്രഘോഷിക്കുകയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും നൽകുകയും കർത്താവിനു സ്വീകാര്യമായ വത്സരം പ്രഖ്യാപിക്കുകയും ചെയ്യുക. ഹൃദയം തകർന്നവർക്ക് സാന്ത്വനം നൽകുന്നതിനെയും ദുരിതം അനുഭവിക്കുന്നവരെ സമാശ്വസിപ്പിക്കുന്നതിനെക്കുറിച്ചും ഏശയ്യാ പരാമർശിക്കുന്നുണ്ട്.

ഇവ ഒരു ഓഫീസ് നടത്തുന്നതുപോലെയോ ഒരു പാരീഷ്ഹാൾ നിർമ്മിക്കുന്നതുപോലെയോ ഇടവകയിലെ യുവജനങ്ങൾക്കുവേണ്ടി ഒരു ഫുട്ബോൾ മൈതാനം രൂപകല്പന ചെയ്യുന്നതുപോലെയോ എളുപ്പമുള്ളതോ കേവലം യാന്ത്രികമോ ആയ ജോലികളല്ല. ...യേശു പരാമർശിക്കുന്ന ജോലികൾക്ക് അനുകമ്പ പ്രകടിപ്പിക്കാനുള്ള കഴിവ് ആവശ്യമാണ്. നമ്മുടെ ഹൃദയങ്ങൾ "ചലിപ്പിക്കപ്പെടുകയും" അവ നിർവഹിക്കുന്നതിൽ മുഴുവനായി മുഴുകുകയും വേണം. വിവാഹിതരാകുന്ന ദമ്പതികളോടൊത്ത് നാം ആഹ്ലാദിക്കണം. ജ്ഞാനസ്നാനത്തൊട്ടിയിലേക്ക് കൊണ്ടുവരുന്ന കുട്ടികളോടുചേർന്ന് നാം ചിരിക്കണം. യുവകമിതാക്കൾക്കും കുടുംബങ്ങൾക്കും നാം കൂട്ടായിരിക്കണം. ആശുപത്രിക്കിടക്കയിൽ രോഗീലേപനം സ്വീകരിക്കുന്നവരോടുകൂടി നാം വേദനിക്കണം. പ്രിയപ്പെട്ട ഒരാളെ സംസ്ക്കരിക്കുന്നവരോടൊത്ത് നാം ദുഃഖിക്കണം. നമുക്ക് ഒരു തുറന്ന ഹൃദയം ഇല്ലാത്തപക്ഷം... ഈ വികാരങ്ങൾക്ക് ഒരു ഇടയന്റെ ഹൃദയത്തെ ക്ഷീണിപ്പിക്കാൻ കഴിയും. വൈദികരായ നമ്മെ സംബന്ധിച്ചിടത്തോളം, നമ്മുടെ ജനങ്ങളുടെ ജീവിത

ങ്ങളിൽ സംഭവിക്കുന്നത് ഒരു വാർത്താബുള്ളറ്റിൻ പോലെയല്ല. നമ്മുടെ ജനങ്ങളെ നമുക്കറിയാം. അവരുടെ ഹൃദയങ്ങളിൽ നടക്കുന്നത് നാം മനസ്സിലാക്കുന്നു. അവരുടെ സഹനത്തിൽ പങ്കുചേരുന്ന നമ്മുടെ സ്വന്തം ഹൃദയത്തിന് "സഹ-അനുഭൂതി" അനുഭവപ്പെടുന്നു. അത് ക്ഷീണിക്കുന്നു, ആയിരം കഷണങ്ങളായി മുറിയുന്നു, ചലിപ്പിക്കപ്പെടുകയും ജനങ്ങളാൽ "ദഹിപ്പിക്കപ്പെടുക" പോലും ചെയ്യുന്നു. ഇതു വാങ്ങി ഭക്ഷിക്കുക... തന്റെ വിശ്വസ്തജനത്തെ ശുശ്രൂഷിക്കുമ്പോൾ, യേശുവിന്റെ പുരോഹിതൻ ആവർത്തിച്ചു മന്ത്രിക്കുന്ന വാക്കുകളാണിവ. ഇതു വാങ്ങി ഭക്ഷിക്കുക; ഇതു വാങ്ങി പാനം ചെയ്യുക... ഈ രീതിയിൽ, ദൈവവജനവുമായുള്ള സാമീപ്യത്തിൽ, നമ്മുടെ പൗരോഹിത്യജീവിതം ശുശ്രൂഷയ്ക്കുവേണ്ടി നൽകപ്പെടുന്നു. ...ഇത് എപ്പോഴും നമ്മെ തളർത്തുകയും ചെയ്യുന്നു.

തളർച്ചയുടെ ഏതാനും രൂപങ്ങളെക്കുറിച്ച് ഞാൻ ധ്യാനിക്കുകയുണ്ടായി. അവ നിങ്ങളുമായി പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

"ജനങ്ങളുടെ തളർച്ച, ജനക്കൂട്ടത്തിന്റെ തളർച്ച" എന്നു നമുക്ക് വിളിക്കാവുന്ന ഒന്നുണ്ട്. കർത്താവിനെ സംബന്ധിച്ചും നമ്മെ സംബന്ധിച്ചും ഇത് ക്ഷീണിപ്പിക്കുന്നതാണ്. സുവിശേഷം നമ്മോട് അങ്ങനെ പറയുന്നു. എങ്കിലും അത് നല്ല ഒരു തളർച്ചയാണ്, ഫലപ്രദവും ആനന്ദകരവുമായ ഒരു ക്ഷീണം. യേശുവിനെ അനുഗമിച്ച ജനങ്ങൾ, അനുഗ്രഹിക്കാൻവേണ്ടി തങ്ങളുടെ കുട്ടികളെ അവിടുത്തെ പക്കൽ കൊണ്ടുവന്ന കുടുംബങ്ങൾ, രോഗശാന്തി ലഭിച്ചവർ, തങ്ങളുടെ സ്നേഹിതരോടൊത്ത് വന്നവർ, ദിവ്യഗുരുവിനെക്കുറിച്ച് ഏറെ ആവേശഭരിതരായ യുവജനങ്ങൾ, ...ഇവർ ഭക്ഷണം കഴിക്കാനുള്ള സമയംപോലും അവിടുത്തേക്കു നൽകിയില്ല. പക്ഷേ, ജനങ്ങളോടുകൂടിയായിരിക്കുന്നതിൽ കർത്താവിന് ഒരിക്കലും ക്ഷീണം തോന്നിയില്ല. മറിച്ച്, അവരുടെ സാന്നിധ്യം അവിടുത്തേക്ക് നവോന്മേഷം പകരുന്നതായി കാണപ്പെട്ടു. (*cf. 'സുവിശേഷത്തിന്റെ ആനന്ദം', 11*). പ്രവർത്തനമദ്ധ്യേയുള്ള ഈ തളർച്ച എല്ലാ വൈദികർക്കും സ്വീകരിക്കാൻ കഴിയുന്ന ഒരു കൃപയാണ്. (*cf. ibid., 279*). ഇത് എത്ര മനോഹരമാണ്! ജനങ്ങൾ തങ്ങളുടെ വൈദികരെ സ്നേഹിക്കുന്നു. അവർ തങ്ങൾക്ക് അജപാലകർ വേണമെന്ന് ആഗ്രഹിക്കുകയും ആവശ്യപ്പെടുകയും ചെയ്യുന്നു. നാം നമ്മുടെ ഓഫീസുകളിൽ ഒളിച്ചിരിക്കുകയോ സൺഗ്ലാസുകൾ ധരിച്ച് നമ്മുടെ കാറുകളിൽ വെളിയിൽ പോകുകയോ ചെയ്യാത്തപക്ഷം, വിശ്വാസികൾ ഒരിക്കലും നമ്മെ എന്തെങ്കിലും ചെയ്യാനില്ലാത്തവരായി ഉപേക്ഷിക്കുകയില്ല. നല്ലതും ആരോഗ്യകരവുമായ ഒരു ക്ഷീണമുണ്ട്. ആടുകളുടെ ഗന്ധം

ധരിക്കുന്ന.... എന്നാൽ തന്റെ കുട്ടികളിലോ പേരക്കുട്ടികളിലോ ആഹ്ലാദിക്കുന്ന ഒരു പിതാവിന്റെ പുഞ്ചിരി, പുഞ്ചിരിക്കുകകൂടി ചെയ്യുന്ന വൈദികന്റെ തളർച്ചയാണത്. വിലകൂടിയ സുഗന്ധദ്രവ്യം ഉപയോഗിക്കുകയും അന്യരെ അകലെനിന്നും മുകളിൽ നിന്നും നോക്കുകയും ചെയ്യുന്നവരുമായി അതിന് ബന്ധമൊന്നുമില്ല *(cf. ibid., 97).* നാം മണവാളന്റെ സ്നേഹിതരാണ്. ഇതാണ് നമ്മുടെ ആനന്ദം. നമ്മുടെ മദ്ധ്യത്തിൽ യേശു അജഗണത്തെ മേയിക്കുന്നുവെങ്കിൽ, നമുക്ക് മുഖപ്രസാദമില്ലാത്തവരോ വിഷാദഭാവമുള്ളവരോ കുടുംബങ്ങൾ വഷളായ രീതിയിൽ വിരസതയുള്ളവരോ ആയ ഇടയന്മാരാകാൻ കഴിയുകയില്ല. ആടുകളുടെ ഗന്ധവും ഒരു പിതാവിന്റെ പുഞ്ചിരിയും.... അതെ തളർന്നവർ തന്നെ, പക്ഷേ, "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ" (മത്തായി 25:34) എന്ന് കർത്താവ് പറയുന്നത് കേൾക്കുന്നവരുടെ ആനന്ദത്തോടുകൂടിയുള്ളതാണത്.

"ശത്രുക്കളുടെ തളർച്ച" എന്നു നമുക്കു വിളിക്കാൻ കഴിയുന്ന ഒരുതരം തളർച്ചയുമുണ്ട്. പിശാചും അവന്റെ കിങ്കരന്മാരും ഒരിക്കലും ഉറങ്ങുന്നില്ല. ദൈവവചനം കേൾക്കുന്നത് അവരുടെ കാതുകൾക്ക് സഹിക്കാൻ വയ്യാത്തതുകൊണ്ട്, ആ വചനം നിശബ്ദമാക്കാനും അതിനെ വക്രീകരിക്കാനും അവർ അക്ഷീണം യത്നിക്കുന്നു. അവരെ നേരിടുന്നത് കൂടുതൽ തളർച്ചയുണ്ടാക്കുന്നതാണ്. അത് അനിവാര്യമാക്കുന്ന മുഴുവൻ ആയാസത്തോടുകൂടി നന്മചെയ്യുന്നത് മാത്രമല്ല അജഗണത്തെയും തന്നെത്തന്നെയും തിന്മയിൽ നിന്ന് പ്രതിരോധിക്കുന്നതും അതിൽ ഉൾപ്പെടുന്നു *(cf. 'സുവിശേഷത്തിന്റെ ആനന്ദം', 83).* ദുഷ്ടാരൂപി നമ്മളെക്കാൾ വളരെ കൂടുതൽ സമർത്ഥനാണ്. വർഷങ്ങൾക്കൊണ്ട് നാം ക്ഷമാപൂർവം പടുത്തുയർത്തിയതിനെ ഒരു നിമിഷത്തിനുള്ളിൽ തകർക്കാൻ അവനു കഴിയും. അതുകൊണ്ട്, "പരിഹാരം" ചെയ്യേണ്ടത് (ഇത് ആർജ്ജിക്കപ്പെടേണ്ട ഒരു സുപ്രധാന ശീലമാണ്), നല്ല ഗോതമ്പുചെടി നശിപ്പിക്കാതെ, അഥവാ കർത്താവിനു മാത്രം സംരക്ഷിക്കാൻ കഴിയുന്നതിനെ അതിമാനുഷരെപ്പോലെ സംരക്ഷിക്കുന്നുവെന്ന് സങ്കല്പിക്കാതെ തിന്മയെ ധ്വംസിക്കേണ്ടത് എപ്രകാരമെന്ന് അഭ്യസിക്കാനുള്ള കൃപക്കുവേണ്ടി നാം യാചിക്കേണ്ടതാവശ്യമാണ്. അനീതിയുടെ ആഴങ്ങൾക്കു മുന്നിൽ, ദുഷ്ടരുടെ പരിഹാസത്തിനുമുന്നിൽ, ജാഗ്രത നഷ്ടപ്പെടാതിരിക്കാൻ ഇവയെല്ലാം നമ്മെ സഹായിക്കുന്നു. തളർച്ചയുടെ ഈ അവസ്ഥകളിൽ, "ധൈര്യമായിരിക്കുവിൻ; ഞാൻ ലോകത്തെ കീഴടക്കിയിരിക്കുന്നു" (യോഹ. 16:33) എന്ന് കർത്താവ് നമ്മോടു പറയുന്നു. ദൈവവചനം നമുക്ക് കരുത്തു പകരുന്നു.

അവസാനമായി-ഈ വചനവിചിന്തനം തന്നെ നിങ്ങളെ തളർത്താതിരിക്കാൻ വേണ്ടിയാണ് അവസാനമായി എന്നു ഞാൻ പറയുന്നത് - "നമ്മെക്കുറിച്ചുതന്നെയുള്ള തളർച്ച"യും (*cf. 'സുവിശേഷത്തിന്റെ ആനന്ദം', 277)* ഉണ്ട്. എല്ലാറ്റിലുംവച്ച് ഏറ്റവും അപകടമായ തളർച്ച ഇതായിരിക്കാം. ഇതിന്റെ കാരണം മറ്റു രണ്ടുതരം തളർച്ചകളും തുറന്നുകാട്ടപ്പെടുന്നതിൽ നിന്ന്, അഭിഷേകം ചെയ്യാനും പോരാടാനും (എന്തെന്നാൽ അന്യരെ ശുശ്രൂഷിക്കുകയാണ് നമ്മുടെ കർത്തവ്യം)വേണ്ടി നമ്മിൽ നിന്നുതന്നെ പുറത്തുകടക്കുന്നതിൽ നിന്ന് ഉണ്ടാകുന്നു എന്നുള്ളതാണ്. എന്നാൽ ഈ മൂന്നാമതായുള്ള തരം തളർച്ച കൂടുതൽ "ആത്മപരിശോധനാപരം" ആണ്. അത് തന്നോടു തന്നെയുള്ള അസംതൃപ്തിയാണ്. അത് സ്വയം നേരിടുകയും തന്റെ പാപാവസ്ഥയും ദൈവത്തിന്റെ കാരുണ്യത്തിനുവേണ്ടിയുള്ള അവിടുത്തെ സഹായത്തിനുവേണ്ടിയുള്ള തന്റെ ആവശ്യവും ശാന്തമായി അംഗീകരിക്കുകയും ചെയ്യുന്ന ആരുടെയെങ്കിലും അസംതൃപ്തിയല്ല. അങ്ങനെയുള്ള ആളുകൾ സഹായം അഭ്യർത്ഥിക്കുകയും പിന്നീട് മുന്നോട്ടു നീങ്ങുകയും ചെയ്യുന്നു. എല്ലാം ഉപേക്ഷിച്ചതിനുശേഷവും ഈജിപ്തിലെ ഇറച്ചിക്കലങ്ങൾക്കുവേണ്ടി തുടർന്ന് മോഹിക്കുന്ന, വ്യത്യസ്തമായ എന്തോ ആയിരിക്കുക എന്ന മിഥ്യാധാരണ താലോലിക്കുന്ന, "അഭാവമില്ലെങ്കിലും അഭാവമുള്ള"തിനോടു ബന്ധപ്പെട്ട ഒരു തളർച്ചയെക്കുറിച്ചാണ് നാം ഇവിടെ സംസാരിക്കുക. ഇത്തരത്തിലുള്ള തളർച്ചയെ "ആത്മീയ ലൗകീകതയോടുള്ള സ്നേഹപ്രകടനം" എന്നു വിളിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നു. നാം തനിയെയായിരിക്കുമ്പോൾ, നമ്മുടെ ജീവിതത്തിന്റെ എത്രയോ മേഖലകൾ ഈ ലൗകീകതയിൽ ആണ്ടുകിടക്കുന്നതായി നാം മനസിലാക്കുന്നു. അത് ഒരിക്കലും പൂർണ്ണമായി കഴുകിക്കളയാൻ കഴിയുകയില്ല എന്നു തോന്നത്തക്കവിധം അത്രയധികമുണ്ട്. അപകടകരമായ ഒരുതരം തളർച്ചയാകാൻ ഇതിനു സാധിക്കും. ഈ തളർച്ചയുടെ കാരണം വെളിപാടു പുസ്തകം നമുക്കു കാട്ടിത്തരുന്നു: "എന്റെ നാമത്തെപ്രതി പീഡകൾ സഹിച്ചിട്ടും നീ ക്ഷീണിച്ചില്ല. എങ്കിലും, നിനക്കെതിരെ എനിക്കൊന്നു പറയാനുണ്ട്: നിനക്ക് ആദ്യമുണ്ടായിരുന്ന സ്നേഹം നീ കൈവെടിഞ്ഞു" (വെളി 2:3-4). സ്നേഹം മാത്രമാണ് യഥാർത്ഥ വിശ്രമം നൽകുന്നത്. സ്നേഹിക്കപ്പെടാത്ത ഒന്ന് ആയാസകരമായിത്തീരുകയും കാലക്രമേണ ഉപദ്രവകരമായ ഒരു തളർച്ച ഉളവാക്കുകയും ചെയ്യുന്നു.

നമ്മുടെ അജപാലനപരമായ ക്ഷീണത്തെ കർത്താവ് എപ്രകാരം കൈകാര്യം ചെയ്യുന്നു എന്നതിന്റെ ഏറ്റവും അഗാധവും രഹസ്യാത്മകവുമായ പ്രതിച്ഛായ അവിടുത്തെ ശിഷ്യന്മാരുടെ പാദങ്ങൾ അവിടുന്ന്

കഴുകുന്ന രംഗമാണ്. “തനിക്ക് സ്വന്തമായുള്ളവരെ അവൻ സ്നേഹിച്ചു; അവസാനം വരെ സ്നേഹിച്ചു” (യോഹ. 13:1). ഇതിനെക്കുറിച്ച് ‘ശിഷ്യത്വത്തിന്റെ ശുചീകരണം’ എന്നു ചിന്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ശിഷ്യത്വത്തിന്റെ മാർഗ്ഗംതന്നെ കർത്താവ് ശുദ്ധീകരിക്കുന്നു.അവിടുന്ന് നമ്മോടൊത്ത് “നിമഗ്നനാവുകയും” (*‘സുവിശേഷത്തിന്റെ ആനന്ദം’, 24)*. എല്ലാ കറയും, അവിടുത്തെ നാമത്തിൽ നാം നടത്തുന്ന യാത്രയിൽ നിന്ന് നമ്മിലേക്ക് പറ്റിപിടിക്കുന്ന കഠിനമായ ലൗകിക മൂടൽമഞ്ഞു മുഴുവനും, നീക്കികളയാൻ വ്യക്തിപരമായി ഉത്തരവാദിത്തമുള്ളവനായിത്തീരുകയും ചെയ്യുന്നു.

നമ്മുടെ ശരീരത്തിന്റെ ബാക്കിഭാഗം എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് നമ്മുടെ പാദങ്ങളിൽ നിന്ന് നമുക്കു പറയാൻ കഴിയും. നമ്മുടെ ഹൃദയം എപ്രകാരം പ്രവർത്തിക്കുന്നുവെന്ന് കർത്താവിനെ നാം അനുഗമിക്കുന്ന മാർഗം വെളിപ്പെടുത്തുന്നു. നമ്മുടെ പാദങ്ങളിലെ മുറിവുകളും നമ്മുടെ ഉളുക്കുകളും നമ്മുടെ തളർച്ചയും, എപ്രകാരം നാം അവിടുത്തെ അനുഗമിച്ചു എന്നതിന്റെ, നഷ്ടപ്പെട്ട ആടുകളെ തിരയാനും അജഗണത്തെ പച്ചയായ പുൽത്തകിടിയിലേക്കും പ്രശാന്തമായ ജലാശയത്തിലേക്കും നയിക്കാനും നാം അവലംബിച്ച മാർഗ്ഗങ്ങളുടെ, അടയാളങ്ങളാണ് (*cf. ibid., 270*). കർത്താവ് നമ്മെ കഴുകുകയും അവിടുത്തെ അനുഗമിച്ചപ്പോൾ നമ്മുടെ കാലുകളിൽ അടിഞ്ഞുകൂടിയ മുഴുവൻ അഴുക്കിൽ നിന്ന് നമ്മെ ശുദ്ധീകരിക്കുകയും ചെയ്യുന്നു. ഇത് വിശുദ്ധമായ ഒന്നാണ്. നിങ്ങളുടെ പാദങ്ങൾ വൃത്തികെട്ടവയായിരിക്കാൻ അനുവദിക്കാതിരിക്കുക. യുദ്ധത്തിലെ മുറിവുകളെപ്പോലെ കർത്താവ് അവയെ ചുംബിക്കുകയും നമ്മുടെ അദ്ധ്വാനത്തിന്റെ മാലിന്യം കഴുകിക്കളയുകയും ചെയ്യുന്നു.

നാം “ആനന്ദഭരിതരും” “സംതൃപ്തരും” “ഭയത്തിലും കുറ്റത്തിലും നിന്നു വിമുക്തരും” ആണെന്ന് നമുക്ക് ശരിക്കും അനുഭവപ്പെടത്തക്ക വണ്ണം നമ്മുടെ ശിഷ്യത്വത്തെത്തന്നെ യേശു വിശുദ്ധീകരിക്കുന്നു. പുറത്ത് “ഭൂമിയുടെ അതിർത്തികൾവരെപ്പോലും എല്ലാ പ്രാന്തപ്രദേശത്തേക്കും” പോകാൻ നാം പ്രചോദിതരാകുന്നു. ഈ രീതിയിൽ, “ലോകത്തിന്റെ അവസാനംവരെ പോലും അവിടുന്ന് എപ്പോഴും നമ്മോടുകൂടെ ഉണ്ടായിരിക്കും” എന്ന് അറിഞ്ഞുകൊണ്ട്, ഏറ്റവും പരിത്യക്തരായവരിലേക്ക് സുവിശേഷത്തെ ആനയിക്കാൻ നമുക്കു സാധിക്കും. തളർച്ചയുള്ളവരാകുന്നത്, എന്നാൽ ഏറ്റവും നല്ല മാർഗ്ഗത്തിൽ തളർച്ചയുള്ളവരാകുന്നത്, എപ്രകാരമെന്ന് അഭ്യസിക്കാനുള്ള കൃപയ്ക്കുവേണ്ടി നമുക്ക് ദയവായി പ്രാർത്ഥിക്കുകയും ചെയ്യാം!.

*കടപ്പാട്: ഒസ്സെർവത്തോരെ റൊമാനോ, പുസ്തകം 8, ലക്കം 6, ഏപ്രിൽ 2015*

# യാത്രയിലായിരിക്കുന്ന സഭ

**വൈദികരോടും സന്യസ്തരോടും പരമാചാര്യൻ ദാരിദ്ര്യത്തിന്റെയും കാരുണ്യത്തിന്റെയും ചൈതന്യം ആവശ്യപ്പെടുന്നു**

*മാർച്ച് 21 ശനിയാഴ്ച ഉച്ചകഴിഞ്ഞ് നേപ്പിൾസ് അതിരൂപതയിലെ വൈദികരും സന്യസ്തരും സ്ഥിരം ഡീക്കന്മാരുമായി ഫ്രാൻസീസ് മാർപാപ്പ കത്തീഡ്രലിൽ കൂടിക്കാഴ്ച നടത്തി. എഴുതിത്തയ്യാറാക്കിയ പ്രസംഗം മാറ്റിവച്ച്, നമ്മുടെ ജീവിതങ്ങളുടെ കേന്ദ്രത്തിലുള്ള ക്രിസ്തുവിന് എങ്ങനെ സ്വതന്ത്രവും സന്തോഷകരവുമായ സാക്ഷ്യംവഹിക്കാമെന്നതിനെക്കുറിച്ച് പരിശുദ്ധ പിതാവ് മുന്നൊരുക്കമില്ലാതെ സംസാരിച്ചു.* ഇറ്റാലിയൻ ഭാഷയിൽ നൽകപ്പെട്ട പരിശുദ്ധ പിതാവിന്റെ സ്വയം പ്രേരിത പ്രസംഗത്തിന്റെ പരിഭാഷ ചുവടെ.

ഞാനൊരു പ്രസംഗം എഴുതിതയ്യാറാക്കി, എന്നാൽ അങ്ങനെയുള്ള പ്രസംഗങ്ങൾ ബോറടിപ്പിക്കുന്നവയാണ്. ഞാനതു കർദ്ദിനാളിനെ ഏൽപ്പിക്കാം, അദ്ദേഹമതു ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കും. ചുരുക്കം ചില കാര്യങ്ങളോടു പ്രതികരിക്കുവാനാണ് ഞാൻ കൂടുതൽ ഇഷ്ടപ്പെടുന്നത്. ഇരുന്നുകൊണ്ടു സംസാരിക്കുവാൻ അവർ എന്നോടു പറയുന്നു, അങ്ങനെ എനിക്ക് അല്പം വിശ്രമം എടുക്കാം. ഇവിടെയുള്ള വളരെ പ്രായംചെന്ന ഒരു കന്യാസ്ത്രീ പെട്ടെന്ന് എന്റെ അടുത്തോട്ടു വന്നു പറഞ്ഞു: "എനിക്ക് അന്തിമ ആശീർവാദം (articulo mortis) തരിക" – "പക്ഷേ, എന്തിന്, സിസ്റ്റർ?" "എനിക്കു മിഷനുപോകണം, ഒരു മഠം തുറക്കാൻ....". ഇതാണു സന്യസ്തജീവിതത്തിന്റെ ചൈതന്യം. ഈ കന്യാസ്ത്രീ എന്നെ ചിന്തിപ്പിച്ചു. അവർ വൃദ്ധയാണ്, എന്നാൽ അവർ പറയുന്നു: "ഉവ്വ്, ഞാൻ ജീവിതാന്ത്യത്തിൽ ആണ്, എങ്കിലും ഒരിക്കൽകൂടി ഒരു മഠം തുറക്കാനോ നവീകരിക്കാനോ ഞാൻ പോകും". എന്നിട്ട് അവർ പുറപ്പെടുന്നു. ഇങ്ങനെ ഞാനും അനുസരിക്കുകയും ഇരുന്നുകൊണ്ടു സംസാരിക്കുകയും ചെയ്യുന്നു.

നിങ്ങൾ ചോദിച്ച സാക്ഷ്യത്തിന്റെ രൂപങ്ങളിൽ ഒന്നാണിത്: എന്നേക്കും യാത്രയിലായിരിക്കുക. യേശുവിന്റെ കാൽപ്പാടുകൾ പിന്തുടരുക എന്നതാണ് സന്യസ്തജീവിതത്തിലെ യാത്ര; വൈദികരെ സംബന്ധിച്ചും സന്യസ്തജീവിതത്തിൽ പൊതുവെയും, കർത്താവിനു വേണ്ടി പ്രവർത്തിക്കാനുള്ള ഇച്ഛയോടെ യേശുവിനെ അനുഗമിക്കുക

എന്നതാണത്. ഒരിക്കൽ പ്രായംചെന്ന ഒരു വൈദികൻ എന്നോടു പറഞ്ഞു: "ഞങ്ങൾക്കു റിട്ടയർമെന്റ് ഇല്ല. വിശ്രമിക്കുവാൻ ഭവനത്തിലേക്കു പോകുമ്പോൾ പ്രാർത്ഥനകൊണ്ട് ഞങ്ങൾ പ്രവർത്തനം തുടരുന്നു. ഞങ്ങൾക്ക് ചെയ്യാൻ കഴിയുന്ന കൊച്ചു കാര്യങ്ങളോടുകൂടിയാണെങ്കിലും യേശുവിനെ അനുഗമിക്കുന്നതിന്റെ അതേ ഉത്സാഹത്തോടുകൂടിത്തന്നെ." യേശുവിന്റെ വഴിത്താരകളിൽ നടക്കുന്നതിന്റെ സാക്ഷ്യം! ഇതിന് യേശു ജീവിതത്തിന്റെ കേന്ദ്രത്തിൽ ഉണ്ടായിരിക്കണം. ജീവിതത്തിന്റെ കേന്ദ്രത്തിലുണ്ടെങ്കിൽ-ഞാൻ അതിശയോക്തി പറയുകയാണ്... മറ്റു സ്ഥലങ്ങളിൽ അതു സംഭവിക്കുന്നുണ്ട്, എന്നാൽ തീർച്ചയായും ഇവിടെ നേപ്പിൾസിൽ ഇല്ല - ഞാൻ മെത്രാന് എതിരോ, ഇടവകവികാരിക്ക് എതിരോ, മറ്റേ വൈദികന് എതിരോ, ആയെന്നുവരാം. എന്റെ ജീവിതം മുഴുവൻ ഈ പോരാട്ടത്തിന് എടുത്തെന്നു വരാം. ഇതു ജീവിതംപാഴാക്കൽ ആണ്. കുടുംബമില്ലാതിരിക്കുക, കുട്ടികളില്ലാതിരിക്കുക, ഏറെ നല്ലതും മനോഹരവുമായ ദാമ്പത്യ സ്നേഹമില്ലാതിരിക്കുക, എന്നിട്ട് മെത്രാനുമായും സഹോദര വൈദികരുമായും വിശ്വാസികളുമായും "പുളിച്ച മുഖ"ത്തോടെ ശണ്ഠയിലാവുക. ഇതൊരു സാക്ഷ്യമല്ല. സാക്ഷ്യം യേശുവാണ്, കേന്ദ്രം യേശുവാണ്. യേശു കേന്ദ്രമായിരിക്കുമ്പോൾ ഈ വിഷമതകൾ പിന്നെയും അവിടെയുണ്ട്, അവ എവിടെയുമുണ്ട്, എന്നാൽ അവ വ്യത്യസ്തമായ ഒരു വിധത്തിൽ അഭിമുഖീകരിക്കപ്പെടുന്നു. മഠത്തിൽ ഞാൻ സുപ്പീരിയറെ ഇഷ്ടപ്പെട്ടില്ലെന്നു വരാം. ഞാൻ ഇഷ്ടപ്പെടാത്ത സുപ്പീരിയർ ആണ് എന്റെ കേന്ദ്രം എങ്കിൽ എന്റെ സാക്ഷ്യം നന്നല്ല. മറിച്ച്, എന്റെ കേന്ദ്രം യേശുവാണെങ്കിൽ, ഞാനിഷ്ടപ്പെടാത്ത ഈ സുപ്പീരിയർക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. മറ്റു സുപ്പീരിയർമാർക്ക് സ്ഥിതിവിശേഷം അറിയാവുന്നതിനാൽ ഞാൻ ഈ സുപ്പീരിയറോട് സഹിഷ്ണുത കാട്ടുകയും എനിക്കു കഴിയുന്നിടത്തോളം നന്നായി പെരുമാറുകയും ചെയ്യുന്നു. ആർക്കും എന്റെ ആനന്ദം എടുത്തു കളയുവാനാകില്ല: യേശുവിനെ പിന്തുടരുന്നതാണ് ആനന്ദം. ഞാനിവിടെ വൈദികവിദ്യാർത്ഥികളെ കാണുന്നു. നിങ്ങളോട് ഒരു കാര്യം പറയാം: നിങ്ങൾക്കു കേന്ദ്രത്തിൽ യേശു ഇല്ലെങ്കിൽ നിങ്ങളുടെ പൗരോഹിത്യ സ്വീകരണം നീട്ടിവയ്ക്കുക. യേശു നിങ്ങളുടെ ജീവിതകേന്ദ്രമാണെന്നു തീർച്ചയില്ലെങ്കിൽ, തീർച്ചയുണ്ടാകുന്നതുവരെ കുറച്ചുകൂടി കാത്തിരിക്കുക. മറിച്ചാണെങ്കിൽ, എവിടെ ചെന്നെത്തുമെന്ന് അറിയാതെ ഒരു യാത്ര തുടങ്ങുകയായിരിക്കും നിങ്ങൾ ചെയ്യുക.

ഇതാണ് ആദ്യത്തെ സാക്ഷ്യം: യേശുവിനെ കേന്ദ്രത്തിൽ കാണുക. കേട്ടുകേൾവിയോ ആ പദവിയല്ലെങ്കിൽ ഈ പദവി കിട്ടണമെന്ന അതിയായ ആഗ്രഹമോ പണമോ അല്ല കേന്ദ്രം - പണത്തെക്കുറിച്ച് ഞാൻ പിന്നാലെ പറയാം. യേശുവായിരിക്കണം കേന്ദ്രം. ഞാൻ എപ്പോഴും യേശുവിനെ പിന്തുടരുന്നുവെന്ന് എനിക്കെങ്ങനെ ഉറപ്പിക്കാനാവും? അവിടുത്തെ അമ്മ അവിടുന്നിലേക്കു നമ്മെ നയിക്കുന്നു. നമ്മുടെ നാഥയെ സ്നേഹിക്കാത്ത, നമ്മുടെ നാഥയോടു പ്രാർത്ഥിക്കാത്ത, ജപമാല എത്തിക്കാത്ത ഒരാൾ എന്നും ഞാൻ പറയും.... ഒരു വൈദികൻ, ഒരു സന്യസ്തൻ അല്ലെങ്കിൽ ഒരു സന്യാസിനി... അവർക്ക് അമ്മയെ വേണ്ടെങ്കിൽ അമ്മ അവർക്കു ദിവ്യസുതനെ നൽകില്ല.

വിശുദ്ധ അൽഫോൻസസ് മരിയ ദെ ലിഗോരി എഴുതിയ ഒരു ഗ്രന്ഥം കർദ്ദിനാൾ എനിക്കു തന്നു; ഒരു പക്ഷേ "മറിയത്തിന്റെ മഹിമകൾ".... ഈ ഗ്രന്ഥത്തിൽ ഓരോ അധ്യായത്തിനും ശേഷമുള്ള, നമ്മുടെ നാഥയെ സംബന്ധിച്ച കഥകൾ ഞാൻ വായിച്ചു രസിച്ചു: നമ്മുടെ നാഥ എപ്പോഴും എങ്ങനെ യേശുവിലേക്കു നമ്മെ നയിക്കുന്നു എന്ന് അവിടെ നമ്മൾ കാണുന്നു. അവൾ അമ്മയാണ്; അമ്മയായിരിക്കുക, യേശുവിനെ സംവഹിക്കുക എന്നതാണ് നമ്മുടെ നാഥയുടെ അസ്തിത്വത്തിന്റെ കേന്ദ്രം. മനോഹരവും കലാപരവുമായ പെയിന്റിംഗുകളും ഖചിതവേലകളും ചെയ്യുന്ന ഫാദർ റുപ്നിക്, മുന്നിൽ യേശുവോടുകൂടിയ നമ്മുടെ നാഥയുടെ ഒരു ഐക്കൺ എനിക്കു തന്നു. യേശു ഇറങ്ങി വരികയും വീണുപോകാതിരിക്കാൻ മാതാവിന്റെ അങ്കിയിൽ മുറുകെപ്പിടിക്കുകയും ചെയ്യുന്ന വിധത്തിലാണ് യേശുവിന്റെയും നമ്മുടെ നാഥയുടെയും കരങ്ങൾ വരച്ചിരിക്കുന്നത്. നമ്മിലേക്ക് ഇറങ്ങിവരുവാൻ യേശുവിനെ അനുവദിക്കുന്നത് അവളാണ്; യേശുവിനെ നമുക്കു തരുന്നത് അവളാണ്. യേശുവിനു സാക്ഷ്യംവഹിക്കുക. യേശുവിനെ അനുഗമിക്കുന്നതിൽ മനോഹരിയായ ഒരു സഹായിയാണ് അമ്മ: അവളാണു നമുക്കു യേശുവിനെ തരുന്നത്. ഇതാണ് സാക്ഷ്യത്തിന്റെ ഒരു രൂപം.

സാക്ഷ്യത്തിന്റെ മറ്റൊരു രൂപം ദാരിദ്ര്യത്തിന്റെ അരൂപി ആണ്; ദാരിദ്ര്യവ്രതം എടുക്കാത്ത വൈദികർക്കുപോലും ദാരിദ്ര്യത്തിന്റെ അരൂപി ഉണ്ടായിരിക്കണം. സഭയിൽ ലാഭേച്ഛ പ്രവേശിക്കുമ്പോൾ, വൈദികരിലായാലും സന്യാസിനീ സന്യാസിമാരിലായാലും, അതു ഭീഷണമാണ്. വലിയൊരു സന്യാസിനിയെ, ഒരു നല്ല സ്ത്രീയെ, സ്വന്തം കർത്തവ്യത്തിൽ മികവുകാട്ടിയ ഒരു വലിയ ഖജാൻജിയെ ഞാൻ ഓർക്കുന്നു. വലിയ നിരീക്ഷണപടുവായിരുന്നു അവർ; എന്നാൽ അവ

രുടെ ഹൃദയം പണത്തോടു ബന്ധിതമായിരുന്നു. ഓരോരുത്തരുടെയും കൈവശമുള്ള പണത്തിനനുസരിച്ച് അവർ അവരെ അബോധപൂർവ മായി തെരഞ്ഞെടുത്തു. "ഇയാളെ ഞാൻ കൂടുതൽ ഇഷ്ടപ്പെടുന്നു, ഇയാൾക്ക് ഏറെ പണമുണ്ട്." ഒരു പ്രധാനപെട്ട കോളേജിന്റെ ഖജാൻജി യായിരുന്ന അവർ നിരവധി വമ്പൻ കെട്ടിടങ്ങൾ പണിതു. എന്നാൽ നിങ്ങൾക്ക് അവരുടെ ഈ പരിമിതി കാണാം. ഈ സ്ത്രീയുടെ ആത്യ ന്തിക അവമാനം പരസ്യമായിരുന്നു. അവർക്ക് ഏതാണ്ട് എഴുപതു വയ സ്സായിരുന്നു. ഒരു സ്കൂളിലെ ഇടവേളയിൽ അധ്യാപകരുടെ മുറിയിലി രുന്നു കാപ്പികുടിക്കുമ്പോൾ തലചുറ്റി അവർ വീണു. ഉണർത്തുവാൻ മറ്റുള്ളവർ അവരെ തട്ടിനോക്കി. എന്നാൽ അവർ ഉണർന്നില്ല. ഒരധ്യാ പിക ഇങ്ങനെ പറഞ്ഞു: "അവരുടെ മുന്നിലേക്ക് കുറെ 'പെസോ' (നാണയം) ഇട്ടുകൊടുക്ക്, അവർ എഴുന്നേൽക്കുമോ എന്നു നോക്കാം." പാവം സ്ത്രീ മരിച്ചുകഴിഞ്ഞിരുന്നു. അവർ മരിക്കുമോ ഇല്ലയോ എന്ന് അറിയില്ലാതിരിക്കെ അവരെക്കുറിച്ചു പറയപ്പെട്ട അവസാനവാക്ക് ഇതാണ്. ഭയങ്കരമായ ഒരു സാക്ഷ്യമായിരുന്നു അത്.

സമർപ്പിതർ - അവർ വൈദികരോ കന്യാസ്ത്രീകളോ സന്യ സ്തരോ ആകട്ടെ - ഒരിക്കലും ബിസിനസ്സുകാർ ആയിക്കൂടാ. ദാരിദ്ര്യ ത്തിന്റെ അരൂപി പിശുക്കിന്റെ അരുപിയല്ല. ദാരിദ്ര്യവ്രതം എടുത്തിട്ടി ല്ലാത്ത ഒരു വൈദികന് സമ്പാദ്യം ഉണ്ടാവാം, എന്നാലത് സത്യ സന്ധവും ന്യായയുക്തവുമായ വിധത്തിലായിരിക്കണം. അദ്ദേഹത്തിന് ദുരാഗ്രഹം ഉണ്ടാവുകയും ബിസിനസിനു പോവുകയും ചെയ്യുമ്പോൾ ... പണംമൂലം പാരന്ത്ര്യവും സഭയിൽ അനേകം അപവാദങ്ങളും: "ഇയാളെ ഒരു പാഠം പഠിപ്പിക്കണം, എന്നാൽ അയാൾ വലിയ ഗുണ കാംക്ഷി ആയതിനാൽ എനിക്കതു ചെയ്യാൻ പറ്റില്ല" വലിയ ഗുണകാം ക്ഷികൾ ഇഷ്ടപ്പടി ജീവിക്കുന്നതിനാൽ അതു ചെയ്യുവാൻ എനിക്കു സ്വാതന്ത്ര്യമില്ല; കാരണം, അവർ തരുന്ന പണത്തോട് ഞാൻ ബന്ധി തനാണ്. സുവിശേഷഭാഗ്യങ്ങളിൽ ആദ്യത്തേതു പറയുന്നതുപോലെ, ദാരിദ്ര്യം, ദാരിദ്ര്യത്തിന്റെ ചൈതന്യം എത്ര പ്രധാനമാണെന്നു നിങ്ങൾ കാണുക: "ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ." ഞാൻ പറഞ്ഞതു പോലെ, ഒരു വൈദികന് സമ്പാദ്യം സൂക്ഷിക്കാം, എന്നാൽ അദ്ദേഹ ത്തിന്റെ ഹൃദയം അവിടെയായിരിക്കരുത്, സമ്പാദ്യം മിതവുമായിരിക്ക ണം. പണത്തിന്റെ കാര്യം വരുമ്പോൾ ആളുകൾ വ്യത്യസ്ത വഴികളി ലാണ് വിലയിരുത്തപ്പെടുന്നത്; അതുകൊണ്ടാണ് സ്വന്തം മനസ്സാക്ഷി പരിശോധിക്കുവാൻ ഓരോരുത്തരോടും ഞാൻ ആവശ്യപ്പെടുന്നത്: എന്റെ ദാരിദ്ര്യജീവിതം എങ്ങനെയാണു നടക്കുന്നത്, കൊച്ചുകാര്യങ്ങ

ളിൽനിന്ന് ഞാൻ എന്തു നേടുന്നു? ഇതാണു സാക്ഷ്യത്തിന്റെ രണ്ടാമത്തെ രൂപം.

കാരുണ്യമാണ് സാക്ഷ്യത്തിന്റെ മൂന്നാമത്തെ രൂപം – സന്യസ്തർക്കും വൈദികർക്കും രൂപതാവൈദികർക്കുംവേണ്ടി പൊതുവായാണ് ഞാനിവിടെ സംസാരിക്കുന്നത്. കാരുണ്യപ്രവൃത്തികൾ നാം മറന്നിരിക്കുന്നു. ശാരീരികമായ കാരുണ്യപ്രവൃത്തികളും ആധ്യാത്മികമായ കാരുണ്യപ്രവൃത്തികളും ഏവയെന്നു ചൊല്ലിനോക്കുവാൻ നിങ്ങളോടാവശ്യപ്പെടുന്നതിനു ഞാനാഗ്രഹിക്കുന്നു – ഞാൻ ആവശ്യപ്പെടുകയല്ല, ആവശ്യപ്പെടുവാനാഗ്രഹിക്കുകയാണ്. നമ്മിലെത്രയോ പേർ അതു മറന്നിരിക്കുന്നു! നിങ്ങൾ തിരിച്ചുചെല്ലുമ്പോൾ മതബോധനഗ്രന്ഥം എടുക്കുക; എന്നിട്ട് ഈ കാരുണ്യപ്രവൃത്തികൾ നോക്കുക. അയൽപക്കങ്ങളിലെയും ഇടവകകളിലെയും വൃദ്ധസ്ത്രീകളും ലളിതമനസ്കരും നിർവ്വഹിക്കുന്ന പ്രവൃത്തികളാണിവ; എന്തെന്നാൽ യേശുവിനെ അനുഗമിക്കുക എന്നത്, യേശുവിനു പിന്നാലെ നടക്കുക എന്നത് ലളിതമാണ്. ഞാൻ എപ്പോഴും പറയുന്ന ഒരുദാഹരണം ചൂണ്ടിക്കാട്ടാം: മഹാനഗരങ്ങളിൽ, ഇപ്പോഴും ക്രൈസ്തവമായ നഗരങ്ങളിൽ – മുമ്പ് ഞാനിരുന്ന രൂപതയെ ഓർക്കുന്നു. എന്നാൽ റോമിലും അതുതന്നെ സംഭവിക്കുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു, എനിക്കു നേപ്പിൾസിനെക്കുറിച്ച് അറിയില്ല, എന്നാൽ തീർച്ചയായും റോമിൽ – ജ്ഞാനസ്നാനം സ്വീകരിച്ചവരെങ്കിലും കുരിശുവരയ്ക്കാനറിയാത്ത കുട്ടികളുണ്ട്. കുട്ടികളെ പഠിപ്പിക്കുക എന്ന കാരുണ്യപ്രവൃത്തി ഇക്കാര്യത്തിൽ എവിടെയാണ്? "കുരിശുവരയ്ക്കാൻ ഞാൻ നിന്നെ പഠിപ്പിക്കാം". ഇത് ഒരു ഉദാഹരണം മാത്രം. ശാരീരികവും ആദ്ധ്യാത്മികവുമായ കാരുണ്യപ്രവൃത്തികൾ നാം പുനരാരംഭിക്കണം. ഒരു അയൽവാസി രോഗിയാണെന്നും, ഞാൻ അവനെ/അവളെ കാണാൻ ആഗ്രഹിക്കുന്നുവെന്നും വയ്ക്കുക. എന്നാൽ എനിക്ക് അതിനു കിട്ടുന്ന സമയത്താണ് എന്റെ ടി.വി. സീരിയൽ. ടി.വി. സീരിയലിനും കാരുണ്യപ്രവൃത്തിക്കുമിടയിൽ ഞാൻ ടി.വി. സീരിയലുകൾ തെരഞ്ഞെടുക്കുന്നു; ഇതു നന്നല്ല.

ടി.വി. സീരിയലുകളെക്കുറിച്ചു പറയുമ്പോൾ ദാരിദ്ര്യത്തിന്റെ അരൂപിയിലേക്കു ഞാൻ തിരിച്ചുവരട്ടെ. മുമ്പ് ഞാനിരുന്ന രൂപതയിൽ കന്യാസ്ത്രീകൾ നടത്തുന്ന ഒരു കോളേജ് ഉണ്ടായിരുന്നു. ഒരു നല്ല കോളേജ്. അവർ നന്നായിട്ട് ജോലി ചെയ്തു. എന്നാൽ കോളേജിനുള്ളിൽ അവർ താമസിച്ച കെട്ടിടത്തിൽ അവരുടെ ഒരു ഫ്ളാറ്റ് ഉണ്ടായിരുന്നു. അവർ താമസിച്ചിരുന്ന ഭവനം വളരെ പഴയതും ജീർണോദ്ധാരണം ആവശ്യമുള്ളതുമായിരുന്നു. അവരതു പുതുക്കിപ്പണിതു; നന്നായി

പണിതു. അത് ആഡംബരസമന്വിതമായിരുന്നു: ഓരോ മുറിയിലും അവർ ടെലിവിഷൻ വയ്ക്കുകപോലും ചെയ്തു. സീരിയലിന്റെ നേരത്ത് കോളജിൽ ഒരൊറ്റ സഹോദരിയെപ്പോലും കിട്ടിയില്ല... ഇതൊക്കെയാണ് ലൗകികാരൂപിയിലേക്കു നയിക്കുന്ന കാര്യങ്ങൾ. ഞാൻ പറയാനാഗ്രഹിക്കുന്ന മറ്റേകാര്യം കടന്നുവരുന്നത് ഇവിടെയാണ്: ലൗകായികത്വത്തിന്റെ അപകടം. ലൗകികമായ രീതിയിൽ ജീവിക്കുന്നത്. യേശു ആഗ്രഹിക്കാത്ത ലൗകികാരൂപിയുമായി ജീവിക്കുന്നത്! യേശു പിതാവിനോട് അപേക്ഷിച്ചപ്പോഴത്തെ പുരോഹിതപ്രാർത്ഥനയെക്കുറിച്ചു ചിന്തിക്കുക: "ലോകത്തിൽനിന്ന് അവരെ എടുക്കണം എന്നല്ല, ദുഷ്ടനിൽനിന്ന് അവരെ കാത്തുകൊള്ളണം എന്നാണ് ഞാൻ പ്രാർത്ഥിക്കുന്നത്" (യോഹ. 17:15). പ്രാർത്ഥനയുടെ അരൂപി, കാണാനാവുന്ന ഒരു സാക്ഷ്യമാവുമ്പോൾ, ലൗകികത സാക്ഷ്യത്തിനെതിരെ പോകുന്നു: പ്രാർത്ഥിക്കുന്ന സമർപ്പിത സ്ത്രീപുരുഷന്മാർ ആരെന്നും, അതുപോലെതന്നെ, ഔപചാരികമായി പ്രാർത്ഥിക്കുമെങ്കിലും ഹൃദയപൂർവ്വം അതു ചെയ്യാത്തവർ ആരെന്നും നമ്മൾ കാണുന്നുണ്ട്. ആളുകൾ കണ്ടുകൊണ്ടിരിക്കുന്ന സാക്ഷ്യങ്ങളാവ. ദൈവവിളികളുടെ കുറവിനെക്കുറിച്ച് നിങ്ങൾ പറഞ്ഞു. എന്നാൽ, ദൈവവിളികളെ ആകർഷിക്കുന്ന കാര്യങ്ങളിലൊന്നാണ് സാക്ഷ്യം: "ആ വൈദികനെ പ്പോലെയാകുവാൻ ഞാനാഗ്രഹിക്കുന്നു, ആ കന്യാസ്ത്രീയെപ്പോലെയാകുവാൻ ഞാനാഗ്രഹിക്കുന്നു." ജീവിതത്തിന്റെ സാക്ഷ്യം. സുഖകരമായ ഒരു ജീവിതം, ഒരു ലൗകികജീവിതം, നമ്മെ സഹായിക്കില്ല. വൈദികർക്കുവേണ്ടി വികാരി പ്രശ്നം ചൂണ്ടിക്കാട്ടുകയുണ്ടായി. വൈദികസാഹോദര്യത്തിന്റേതായ വസ്തുത-ഞാനതിനെ പ്രശ്നം എന്നു വിളിക്കുന്നു. സമർപ്പിതജീവിതത്തിനും ഇത് ബാധകമാണ്. സമർപ്പിതരുടെ സമൂഹത്തിലെയോ രൂപതാവൈദികരുടെ യഥാർത്ഥ സിദ്ധിയായ രൂപതയിലെ വൈദികസംഘത്തിലെയോ ജീവിതം. മെത്രാനു ചുറ്റുമുള്ള വൈദികസംഘത്തിലെ ജീവിതം. സ്പർദ്ധയും അസൂയയും തമ്മിലടിയും സഹജദ്വേഷവും, അങ്ങനെ യഥാർത്ഥ സാഹോദര്യം പുലർത്തുവാൻ നമ്മെ സഹായിക്കാത്ത നിരവധി കാര്യങ്ങളുംകൊണ്ട് പിശാച് എപ്പോഴും നമ്മെ പരീക്ഷിക്കുന്നു. അങ്ങനെ നാം നമുക്കിടയിൽ വിഭജനത്തിന്റെ സാക്ഷ്യം വഹിക്കുന്നു.

എനിക്ക് തോന്നുന്നത്, വൈദികസംഘത്തിലായാലും സന്യാസസമൂഹങ്ങളിലായാലും സാഹോദര്യം ഇല്ലെന്നതിന്റെ അടയാളമാണു പരദൂഷണം. ഈ പ്രയോഗം നടത്തുവാൻ എന്നെ അനുവദിക്കുക; പരദൂഷണത്തിന്റെ ഭീകരത. എന്തെന്നാൽ പരദൂഷണം നടത്തുന്നവൻ

പുറത്തുനിന്നു തകർക്കുന്ന, ബോംബ് ഇടുന്ന, ഒരു ഭീകരനാണ്– ആത്മാഹുതി നടത്തുന്നവൻ പോലുമല്ല, മറിച്ച് മറ്റുള്ളവരെ നശിപ്പി ക്കുന്നവനാണ്. നശിപ്പിക്കുന്നതാണ് പരദൂഷണം. സാഹോദര്യമില്ല എന്ന തിന്റെ അടയാളവുമാണത്. വ്യത്യസ്താഭിപ്രായങ്ങളുള്ള ഒരു വൈദി കനെ ഒരാൾ കാണുമ്പോൾ... എപ്പോഴും വ്യത്യാസങ്ങൾ ഉണ്ടായിരി ക്കുമെന്നതിനാൽ അതു സാധാരണമാണ്, അത് ക്രൈസ്തവമാണ്– മുഖാമുഖം സംസാരിക്കുന്നതിനുള്ള ധൈര്യത്തോടെ ഈ വ്യത്യാസ ങ്ങൾ വിശദമാക്കപ്പെടണം. എനിക്ക് മെത്രാനോട് എന്തെങ്കിലും പറ യാനുണ്ടങ്കിൽ ഞാൻ മെത്രാന്റെ അരികിൽ ചെല്ലുന്നു. അദ്ദേഹത്തോട് ഇങ്ങനെ പറയാനും എനിക്കു കഴിയും: “എങ്കിലും അങ്ങ് അരോചക നാണ്”. പ്രതികാരത്തിനു മുതിരാതിരിക്കാനുള്ള ധീരത മെത്രാനുമു ണ്ടായിരിക്കണം. ഇതു സാഹോദര്യമാണ്! മറ്റാർക്കെങ്കിലും എതിരെ നിങ്ങൾക്ക് എന്തെങ്കിലുമുണ്ടെങ്കിൽ അയാളുടെ അടുത്തേക്ക് പോകാതെ നിങ്ങൾ മൂന്നാമതൊരാളുടെ അടുത്തേക്ക് പോകുന്നു. സന്യ സ്തജീവിതത്തിലും വൈദികജീവിതത്തിലും പ്രശ്നങ്ങളുണ്ട്. അവ അഭിമുഖീകരിക്കപ്പെടണം, എന്നാൽ രണ്ടുപേർ തമ്മിൽ ഇതു നടക്ക ണം. ഇതു നടത്താൻ കഴിയുന്നില്ലെങ്കിൽ–ചിലപ്പോൾ അതിനു കഴിയി ല്ല–മധ്യസ്ഥനാകുവാൻ കഴിവുള്ള ഒരാളോടു പറയുക: എന്നാൽ അപരനെതിരെ നിങ്ങൾ സംസാരിക്കരുത്; എന്തെന്നാൽ രൂപതാസാ ഹോദര്യവും വൈദികസാഹോദര്യവും സന്യാസസമൂഹങ്ങളെയും തകർക്കുന്ന ഒരുതരം ഭീകരതയാണ് പരദൂഷണം.

ഇനി സാക്ഷ്യജീവിതത്തിലേക്ക്, ആനന്ദത്തിലേക്ക് എന്റെ ജീവി തത്തിലെ ആനന്ദം പൂർണമാണ്. നന്നായി തെരഞ്ഞെടുത്തതിന്റെ ആനന്ദം. കർത്താവ് എന്നോട് വിശ്വസ്തനാണെന്ന് ഓരോ ദിവസവും കാണുന്നതിന്റെ ആനന്ദം. കർത്താവ് എന്നും എല്ലാവരോടും വിശ്വസ്ത നാണെന്ന് കാണുന്നതാണ് ആനന്ദം. കർത്താവിനോട് ഞാൻ വിശ്വ സ്തനല്ലാതിരിക്കുമ്പോൾ, ഞാൻ അനുരഞ്ജന കൂദാശയെ സമീപി ക്കുന്നു. ബോറടിക്കുന്നവരും ഹൃദയകാഠിന്യമുള്ളവരും ദുഃഖിതരും എന്തോ ഒന്ന് ശരിയല്ലാത്തതായി അനുഭവപ്പെടുന്നവരുമായ സമർപ്പിത സ്ത്രീപുരുഷന്മാരും വൈദികരും നല്ലൊരു ആദ്ധ്യാത്മിക ഉപദേഷ്ടാ വിന്റെ, ഒരു സുഹൃത്തിന്റെ, അടുത്തുചെന്നു പറയണം: “എന്റെ ജീവി തത്തിൽ എന്താണ് നടക്കുന്നതെന്ന് എനിക്കറിയില്ല”. ആനന്ദമില്ലാത്ത പ്പോൾ, എന്തോ പന്തികേടുണ്ട്. മെത്രാപ്പോലീത്ത ഇന്ന് പറഞ്ഞതിന്റെ പൊരുൾ, എന്തിന്റെയോ കുറവുണ്ടെന്ന് നമ്മോട് പറയുന്നു. ആനന്ദം കൂടാതെ നിങ്ങൾ കർത്താവിനെയോ സുവിശേഷത്തേയോ ആകർഷി ക്കുന്നില്ല.

ഇവയാണു സാക്ഷ്യത്തിന്റെ രൂപങ്ങൾ മൂന്ന് കാര്യങ്ങൾകൊണ്ട് ഉപസംഹരിക്കാൻ ഞാനാഗ്രഹിക്കുന്നു. ഒന്നാമത്: ആരാധന. "നിങ്ങൾ പ്രാർത്ഥിക്കുമോ?" –"ഉവ്വ്, ഞാൻ പ്രാർത്ഥിക്കും". ഞാൻ യാചിക്കുന്നു, ഞാൻ നന്ദി പറയുന്നു, ഞാൻ കർത്താവിനെ സ്തുതിക്കുന്നു. എന്നാൽ നിങ്ങൾ കർത്താവിനെ ആരാധിക്കുന്നുണ്ടോ? ദൈവത്തെ ആരാധിക്കുന്നതിന്റെ അർത്ഥം നമ്മൾ നഷ്ടമാക്കിയിരിക്കുന്നു: നാം ദൈവാരാധന തിരികെ കൊണ്ടുവരണം. രണ്ടാമത്: യേശുവിന്റെ മണവാട്ടിയെ സ്നേഹിക്കാതെ നിങ്ങൾക്ക് അവിടുത്തെ സ്നേഹിക്കാൻ കഴിയില്ല. സഭയെ സ്നേഹിച്ച ധാരാളം വൈദികരെ നാം കണ്ടിട്ടുണ്ട്. മൂന്നാമത്, ഇത് പ്രധാനമാണ്: അപ്പസ്തോലിക തീക്ഷ്ണത, അതായത് ഒരു മിഷനറി ആയിരിക്കൽ. സഭയോടുള്ള സ്നേഹം, അവൾ അറിയപ്പെടുവാൻ ശ്രമിക്കുന്നതിലേക്കും പുറത്തേക്കു പോകുവാനായി തന്നിൽ നിന്നു പുറത്തുകടക്കുന്നതിലേക്കും യേശുവിന്റെ വെളിപാടു പ്രഘോഷിക്കുന്നതിലേക്കും ഒരുവനെ നയിക്കുന്നു. എന്നാൽ, ആരാധനയാകുന്ന മറ്റേ അതീന്ദ്രിയത്വത്തെ സമീപിക്കുന്നതിന് തനിക്കും അപ്പുറത്തേക്ക് നടക്കുവാനും അത് പ്രചോദിപ്പിക്കുന്നു. ഒരു മിഷനറി ആകുന്നതിന്റെ പശ്ചാത്തലത്തിൽ, സഭ അല്പംകൂടി യാത്ര ചെയ്യണമെന്ന്, കുറച്ചുകൂടി മാനസാന്തരപ്പെടുത്തണമെന്ന് ഞാൻ കരുതുന്നു; കാരണം സഭ ഒരു സർക്കാരിതര സംഘടനയല്ല, യേശുവാകുന്ന ഏറ്റവും മഹത്തായ നിധി സ്വന്തമായുള്ള, ക്രിസ്തുവിന്റെ മണവാട്ടിയാണവൾ. അവളുടെ ദൗത്യം, അവളുടെ പ്രവർത്തനയുക്തി, ഇതാണ്: സുവിശേഷവത്കരിക്കുക, മറ്റു വാക്കുകളിൽ പറഞ്ഞാൽ, യേശുവിനെ കൊണ്ടുവരിക. ആരാധന, സഭയോടുള്ള സ്നേഹം, മിഷനറിയായിരിക്കൽ. സ്വയം പ്രേരിതമായി എന്റെ മനസിലേക്കു കടന്നുവരുന്ന മൂന്നു കാര്യങ്ങൾ ഇവയാണ്.

*കടപ്പാട്: ഒസ്സെർവത്തോരെ റൊമാനോ, പുസ്തകം 8, ലക്കം 5, ഏപ്രിൽ 2015*

# Exploring the Phenomenon of Word Stealing

**Ian Pinto sdb**

### Word Stealing: A Sign of Diminishing Pastoral Concern

Stealing from others happens when one does not have one's own views; when one does not possess the Word. Hence, he cannot transmit what he does not have. On examining the content of sermons today, one cannot but sigh at their superficiality (I do not intend to generalize. I am referring to large portion of preachers. I admit that there are a good number of really inspiring preachers out there; I have personally encountered quite a few). Pastoral concern, so much in need today fails to be communicated to the earnest faithful.

A major obstruction to effective preaching is the practice of 'downloading' sermons. A sermon available on the internet has been prepared for a particular group in a particular context. In downloading the sermon, the preacher is merely downloading the matter and not the context. This obviously results in a disconnection between the Word being preached and the people. What is the reason for this rather odd behaviour of downloading sermons? One, possibility is the lack of preparedness on the part of the preacher. Another is immersion in other work to the detriment of this feature of the preacher's calling. Perhaps an attitude of flippancy towards this holy ministry is the cause or skepticism with regard to the purpose and efficacy of preaching. The cause is hard to pinpoint accurately, but the fact remains: this is a disturbing, yet slowly emerging trend.

One of the key concerns of the Church is the decline in church attendance. How does one expect the faithful to come to church when they do not experience any fulfillment; receive no consolation and see no 'Jesus effect' in those who gather? The preacher is in a pivotal position with regard to worship. In the present liturgical setup, the preacher is the one breaking the word and sharing it with others and hence, the onus is on him to provide the people with the Word suited to their context and situation. I acknowledge the near impossibility of breaking the word in a manner that is applicable to all. But all the same, this is the task the preacher has set before him. This liturgical format

cuts out the whole corpus of the faithful, who probably would be in a better position to address the word to others in a more meaningful manner, albeit without much doctrinal basis because of their sharing in the same or similar conditions.

I have no contention with the liturgical regulations as they currently stand and am not advocating that the laity take over the ministry of preaching but would like to focus on how this reduction in church attendance and be addressed. As I was saying earlier, why should people come to a church that does not meet their needs, be they spiritual, personal or social? I think emphasizing the obligation of attending church is not a suitable pastoral response. A creative pastoral approach needs to be developed to tackle this issue. I too would abhor going to listen to a sermon that is caught up in the realm of the imaginary, far removed from my life and situation. Is this not what is largely being fed to the hungry faithful, who are in search of the Bread of life (cf. Jn 6:35)?

An ostentatious oratorical presentation can never be a replacement to a genuine breaking and sharing of the word. The oratorical skills of the preacher have a major role to play in the efficacy of the communication but they cannot be afforded centre stage.

**Fundamentals of Effective Preaching**

**1. Social Rootedness**

The profile and social location of the preacher serves as the foundation for the efficacy of preaching. They establish the perspective from which the preacher views reality, although they need not to be binding. A preacher must become aware of his social location and apostolic options, only then will he be able to address the situation of the people he preaches to. But a problem arises. Priests, especially religious, are periodically transferred and thus, situating themselves in the new socio-politico-religious setting is a challenge. Besides, there exists the phenomenon of inviting preachers form outside the specific context. Of course, there are certain issues that are universal and hence do not necessarily require contextualizing. These include understanding the bible and teachings of the church. When it comes to such topics, no real problem of context arises, unless the preacher intends to draw out local ramifications.

Fruitful pastoral preaching presupposes a genuine interest in the community. It cannot be done to merely fulfill a duty or to flaunt

well developed oratorical skills. Authentic preaching is the expression of real concern. Pope Francis is a model in this regard. His messages are characterized by his personal, pastoral concern. Such concern is reflected, first and foremost, in the lifestyle of the preacher and secondly, in his tonality. Jesus showed compassion to the crowds and directed his message to their condition (Mt 9:36). He was not concerned as much about fulfilling his mission of preaching as he was to sharing God's love and mercy to those who needed it.

**2. Drawing from the source**

The message of the preacher stems from his Rootedness in God. Herein lies perhaps the root cause of 'word-stealing'. Jesus spent nights in prayer and days in the midst of the people (Lk 6:12; 6:17). Preachers too, need to account for this dual aspect of ministry. Rootedness in God needs to be supplemented by a familiarity with the condition of the people. Only then will his words have any, if at all, impact on the lives of people. The word of God cannot be heard from the scriptural texts alone but also in the cries and concerns of the community. Hence, the challenge is to address and engage the people where they are.

വി. ചാവറയച്ചന്റെയും, വി. അൽഫോൻസാമ്മയുടെയും വി. എവുപ്രാസ്യാമ്മയുടെയും തിരുശേഷിപ്പും വഹിച്ചുകൊണ്ടുള്ള തിരുശേഷിപ്പ് പ്രയാണം നടവയൽ മേഖലയിലും കൊട്ടിയൂർ മേഖലയിലും മാനന്തവാടി മേഖലയിലും ഭംഗിയായി ക്രമീകരിച്ച ജോർജ്ജ് തേരകത്തിലച്ചനും ബിജു തൊണ്ടിപറമ്പിലച്ചനും ജിമ്മി മൂലയിലച്ചനും മേഖല രൂപത ഭാരവാഹികൾക്കും നന്ദിയും അഭിനന്ദനങ്ങളും നേരുന്നു.

**രൂപത വാർഷിക മാനേജിംഗ് കമ്മറ്റി**

രൂപതാ വാർഷിക മാനേജിംഗ് കമ്മറ്റി മെയ് 7-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 3.30 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നതാണ്. എല്ലാ മേഖല ഭാരവാഹികളും രൂപതാ വാർഷിക മാനേജിംഗ് കമ്മറ്റിയിൽ പങ്കെടുക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

**രൂപത ടീം മീറ്റിംഗ്**

മെയ് 7-ാം തീയതി വൈകുന്നേരം 5.30 pm ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ രൂപതാ ടീം മീറ്റിംഗ് നടക്കുന്നതാണ്. എല്ലാ ടീം അംഗങ്ങളും നിർബന്ധമായും പങ്കെടുക്കുമല്ലോ.

**ജോ. ഡയറക്ടേഴ്സിന്റെ ശ്രദ്ധക്ക്**

അംഗത്വ ലിസ്റ്റിന്റെ 3 കോപ്പി എത്രയും പെട്ടെന്ന് രൂപതാ ഓഫീസിൽ എത്തിക്കുക.

**മേഖല വാർത്തകൾ – നീലഗിരി മേഖല**

'ജീവൻ രക്ഷാഭവൻ' സന്ദർശിക്കുകയും സാമ്പത്തിക സഹായമായി 3000 രൂപ നൽകുകയും ചെയ്തു.

**ശാഖാ വാർത്തകൾ**

*കല്ലോടി :–* സമർപ്പിതവർഷാചരണത്തിന്റെ ഭാഗമായി കേരളത്തിലെ വിശുദ്ധർ, വാഴ്ത്തപ്പെട്ടവർ, ധന്യൻ, ദൈവദാസൻ എന്നീ വിഷയത്തെ ആസ്പദമാക്കി ഹൗസടിസ്ഥാനത്തിൽ ആൽബം തയ്യാറാക്കി.

*ദീപ്തിഗിരി :–* പരീക്ഷ ഒരുക്ക ധ്യാനം നടത്തി. വികാരിയച്ചന്റെ ഫീസ്റ്റാഘോഷം നടത്തി.

*പഴൂർ :–* വൈദികവിദ്യാർത്ഥികളുടെ പഠനസഹായത്തിനായി 1000 രൂപ നൽകി.

*ഒലിവുമല :–* രോഗീസഹായം നൽകി.

*മംഗലശ്ശേരി :–* ജപമാലസൈന്യം, ലഹരിവിരുദ്ധസേന എന്നിവർ എല്ലാ ഞായറാഴ്ചയും ജപമാല ചൊല്ലി.

*ചാരിറ്റി :–* മലയാറ്റൂർ തീർത്ഥാടനം നടത്തി.

*എടപ്പെട്ടി :–* ദൈവവിളി ദിനാചരണം നടത്തി.

*പുൽപ്പള്ളി :–* 31–ാം തീയതി CML അംഗങ്ങൾ എല്ലാവരും കുരിശിന്റെ വഴി നടത്തി.

*യവനാർകുളം :–* ഇടവകയിൽ രോഗികളായവരെ സന്ദർശിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

*വാഴവറ്റ :–* കൽപ്പറ്റ ഗവ. ഹോസ്പിറ്റൽ സന്ദർശിക്കുകയും അവർക്കായി ഭക്ഷണം വെച്ച് കൊടുക്കുകയും ഒരു ദിവസത്തെ ഭക്ഷണത്തിനുള്ള പൈസ കൊടുക്കുകയും ചെയ്തു.

*ചിത്രഗിരി :–* മിഷൻഗ്രാമ സഹായമായി 1000 രൂപ നൽകി. പാവപ്പെട്ട രണ്ട് കുടുംബത്തിന് ഓരോ ചാക്ക് അരി വീതം വിതരണം ചെയ്തു.

*ഇടിവണ്ണ :–* SSLC, +1, +2 പരീക്ഷ എഴുതുന്ന കുട്ടികൾക്കായി പരീക്ഷ ഒരുക്ക പ്രാർത്ഥനയും ദിവ്യകാരുണ്യ ആരാധനയും നടത്തി.

*കൽപ്പ :–* 4700 രൂപ ക്യാൻസർ രോഗിക്ക് നൽകി.

*പോരൂർ :–* SSLC, +1, +2 കുട്ടികൾക്കായി പരീക്ഷ ഒരുക്ക ആരാധന നടത്തി. ക്ലാസടിസ്ഥാനത്തിൽ കുരിശിന്റെ വഴി നടത്തി.

*ചെറുകാട്ടൂർ :-* ക്രൈസ്തവ പീഡനത്തിനെതിരെ ചെറുകാട്ടൂർ ഇടവകയിൽ ഏറ്റവും വലിയ കുരിശിന്റെ വഴി (16 കി.മീ. ദൂരം വരുന്ന) നടത്തി.

**സ്നേഹപൂർവ്വം**

ഈശോയുടെ ഇഷ്ടത്തിനനുസരിച്ച് പ്രവർത്തിച്ച ഒരു വർഷം കൂടി തീരുകയാണ്. നമ്മളൊന്നിച്ച് പ്രവർത്തിച്ചതിന്റെ ചാരിതാർത്ഥ്യത്തിലാണ് നമ്മൾ... ഈ ഒരുമയാണ് മാനന്തവാടി രൂപതയിലെ മിഷൻലീഗിന്റെ വിജയം... ഇത് നമുക്ക് കാത്തുസൂക്ഷിക്കാം... ഇനിയുമൊന്നിച്ച് .... ഒരുമയോടെ... നമുക്ക് മുന്നേറാം... മിഷൻലീഗ് വിജയത്തിനായ്.... സഭയുടെ വിജയത്തിനായി... നമുക്കൊന്നിക്കാം... ജെയ് ജയ് മിഷൻലീഗ്.

**രഞ്ചിത്ത് മുതുപ്ലാക്കൽ**
രൂപത ജനറൽ സെക്രട്ടറി

## Department of Youth Ministry

### Career Vision 2015

ബത്തേരി, നിലമ്പൂർ, കല്പറ്റ, നടവയൽ, ദ്വാരക തുടങ്ങിയ സ്ഥലങ്ങളിൽ വച്ച് +2 കഴിഞ്ഞ വിദ്യാർത്ഥികൾക്കുവേണ്ടി ഉന്നത പഠനപ്രവേശനം സംബന്ധിച്ചുള്ള സെമിനാറുകൾ മാർച്ച് 1, മാർച്ച് 8, ഏപ്രിൽ 7, എന്നീ തീയതികളിൽ നടത്തപ്പെട്ടു. 100 കുട്ടികൾ പങ്കെടുത്തു.

**യാഹ്വെയിരെ – യുവജനധ്യാനം**

നടവയൽ ഇടവകയിലെ യുവജനങ്ങൾക്കുവേണ്ടി മാർച്ച് 27,28,29 തീയതികളിൽ യാഹ്വെയിരെ – യുവജനധ്യാനം നടത്തി. 45 പേർ ഈ ധ്യാനത്തിൽ പങ്കെടുത്തു. നടവയൽ യുവജനങ്ങൾക്ക് നല്ലൊരു ദൈവാനുഭവത്തിന്റെയും തിരിച്ചറിവിന്റേയും അവസരമായിരുന്നു. ധ്യാനം സംഘടിപ്പിച്ച നടവയൽ ഫൊറോന വികാരി റവ.ഫാ. ഷാജി മുളകൊടിയാങ്കലിനും അസി. വികാരി റവ.ഫാ. ജെയ്സൺ കള്ളിയാട്ടിനും, റവ.ഫാസന്തോഷ് തലച്ചിറക്കും സി.എം.സി സിസ്റ്റേഴ്സിനും നന്ദി പറയുന്നു. റവ.ഫാ.ലാൽ ജേക്കബിന്റെ നേതൃത്വത്തിലുള്ള Department of Youth Ministry യിലെ ടീമാണ് ധ്യാനം നയിച്ചത്. ജോൺ വർഗീസ് കൊല്ലം, ബ്രദർ ടോമി കാപ്പിൽ, ബ്രദർ ജെയ്സൺ അടയ്ക്കാത്തോട്, കുളത്തുവയൽ ധ്യാനകേന്ദ്രത്തിലെ കൗൺസിലേഴ്സ്, സി. ആൻസി സി.എം.സി, സി.ഡെൽഫി സി.എം.സി., സി.നോയൽ എസ്.എ.ബി.എസ്., സി.ക്രിസ്ററി എസ്.എച്ച്, സി.തെരസ് സി.എം.സി., സി.എം.സി. കാൻഡിഡേറ്റ്സ്, ഓർഗനിസ്റ്റ് അരുൺ എന്നിവർ ധ്യാനത്തിന് സഹായിച്ചു.

**പെനുവേൽ**

തരിയോട് ഇടവകയിൽ ഏപ്രിൽ 12,13,14 തീയതികളിൽ 7 മുതൽ 12 –ാം ക്ലാസ്സു വരെയുള്ള കുട്ടികൾക്കായി ക്രിസ്ററീൻ ധ്യാനം നടത്തി. ധ്യാനത്തിന് റവ റവ.ഫാ.ലാൽ ജേക്കബ് പൈനുങ്കൽ, സി.ആൻസി സി.എം.സി, സി.ഡെൽഫി സി.എം.സി., സി.നോയൽ എസ്.എ.ബി.എസ്., സി. മേഴ്സി എസ്.എ.ബി.എസ്, സി.ജാൻസി എസ്.എ.ബി.എസ് തുടങ്ങിയവർ സഹായിച്ചു. ധ്യാനം വളരെ നല്ല രീതിയിൽ ക്രമീകരിച്ച ഫൊറോന വികാരി ജോണി കുന്നത്തച്ചൻ, എസ്.എച്ച് സിസ്റ്റേഴ്സ്, കൈക്കാരന്മാർ, മതാധ്യാപകർ എന്നിരെ നന്ദിയോടെ ഓർക്കുന്നു.

**LIFE Training**

മാനന്തവാടി ഫൊറോനയിലെ 6–ാം ക്ലാസ്സ് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള ആദ്യത്തെ LIFE Entrance പരീക്ഷ ഏപ്രിൽ 12 ന് കണിയാരം സാൻജോ പബ്ളിക് സ്കൂളിൽ വച്ച് നടത്തപ്പെട്ടു. 64 വിദ്യാർത്ഥികളും അവരുടെ മാതാപിതാക്കളും പങ്കെടുത്ത പ്രസ്തുത പരിപാടി റവ.ഫാ.ലാൽ ജേക്കബ് പൈനുങ്കലിന്റെ കാർമ്മികത്വത്തിലുള്ള വി.ബലിയോടെ ആരംഭിച്ചു. പൊതുപരിപാടി കത്തീഡ്രൽ വികാരി റവ.ഫാ.ജോർജ് മൈലാടൂർ ഉദ്ഘാടനം ചെയ്തു. സി.സ്നോബി സി.എം.സി. സ്വാഗതവും ഫാ.ലാൽ പൈനുങ്കൽ ആമുഖപ്രഭാഷണവും സി.എമിലി എസ്.എ.ബി.എസ് നന്ദിയും പറഞ്ഞു. തുടർന്നുള്ള പരിശീലന പരിപാടിയിൽ ശ്രീ.ജോസ് പള്ളത്ത്, ശ്രീ.ജോസ് പുന്നക്കുഴി എന്നിവർ ക്ലാസ്സ് നയിച്ചു. അതേത്തുടർന്നുള്ള പരീക്ഷകൾക്കും തൽസമയ വിലയിരുത്തലുകൾക്കും സി. ആൻസി സി.എം.സി, സി.ഡെൽഫി സി.എം.സി., സി.ലിൻസി എസ്.സി.വി., നിക്സൺ കുഴലിപ്പറമ്പിൽ, അരുൺ തെങ്ങടയിൽ, ലിൻഷ ചേനപ്പാടി, അഞ്ജു എന്നിവർ സഹായിച്ചു. സഹകരിച്ച എല്ലാവർക്കും പ്രത്യേകിച്ച് കണിയാരം സ്കൂൽ പ്രിൻസിപ്പാൾക്കും അധികൃതർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

**സ്പിരിച്വൽ ആനിമേഷൻ**

**എയ്ഞ്ചൽ ധ്യാനം**

മാർച്ച് 31, ഏപ്രിൽ 1, ദിനങ്ങളിലായി നടവയൽ ഇടവകയിലെ എയ്ഞ്ചൽസിനുവേണ്ടി കായക്കുന്ന് ലാസലെറ്റ് ധ്യാനകേന്ദ്രത്തിൽ വച്ച് ധ്യാനം നടത്തി. 120 കുട്ടികൾ ധ്യാനത്തിൽ സംബന്ധിച്ചു. റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, സി.ആൻസി സി.എം.സി, സി.ഡെൽഫി സി.എം.സി., അരുൺ തുടങ്ങിയവർ സഹായിച്ചു. എയ്ഞ്ചൽ ധ്യാനം സംഘടിപ്പിച്ച വികാരിയച്ചനും കൊച്ചച്ചന്മാർക്കും സിസ്റ്റേഴ്സിനും പ്രത്യേക നന്ദി അറിയിക്കുന്നു.

**വിശുദ്ധരോടൊത്ത്**

ഏപ്രിൽ 6,7,8 തീയതികളിലായി നടവയൽ ഇടവകയിലെ 5 മുതൽ 10–ാം ക്ലാസ്സു വരെയുള്ള കുട്ടികൾക്കായി രണ്ടു ഗ്രൂപ്പുകളിലായി കേരള വിശുദ്ധരെക്കുറിച്ചുള്ള പഠനം നടത്തി. വിശുദ്ധരോടൊത്തുള്ള ഈ യാത്രയിലൂടെ വി.കുർബാനയിൽ ആഴപ്പെടാൻ കുട്ടികളെ സഹായിച്ചു. പ്രസ്തുത പരിശീലനത്തിന് റവ.ഫാ.ലാൽ ജേക്കബ് പൈനുങ്കൽ, സി.ആൻസി സി.എം.സി, സി.ഡെൽഫി സി.എം.സി. എന്നിവർ നേതൃത്വം നൽകി. ഈ പ്രോഗ്രാം സംഘടിപ്പിച്ച ബഹു.വികാരിയച്ചനും

സൺഡേ സ്കൂൾ എച്ച്. എം. ശ്രീ.തോമസ് പള്ളത്ത് സാറിനും മതാധ്യാപകർക്കും അഭിനന്ദനങ്ങൾ.

**ജെ.എം.ജെ.സിനർജി**

യാഹ്വെയിരെ ധ്യാനത്തിൽ പങ്കെടുത്ത 25 യുവജനങ്ങൾ ദ്വാരക പാസ്റ്ററൽ സെന്ററിൽ ഏപ്രിൽ 3 ദുഃഖവെള്ളിയാഴ്ച ഒരുമിച്ചു കൂടി ഷെയറിംഗ്, പ്രാർത്ഥന എന്നിവ നടത്തി. റവ.ഫാ.ലാൽ ജേക്കബ് പൈനുങ്കൽ, സി.ആൻസി സി.എം.സി, സി.ഡെൽഫി സി.എം.സി., സി.നോയൽ എസ്.എ.ബി.എസ്. എന്നിവർ സന്നിഹിതരായിരുന്നു.

**ടീം ഫോർമേഷൻ**

മാനന്തവാടി രൂപത ഡിപ്പാർട്ടുമെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയിൽ പ്രവർത്തിക്കുന്ന ബഹു.സിസ്റ്റേഴ്സിനു വേണ്ടിയുള്ള പരിശീലന പരിപാടി വേരിത്താസ് –1 ദ്വാരക എസ്.എച്ച് പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഏപ്രിൽ 16 –ാം തീയതി മുതൽ 19 –ാം തീയതി വരെ നടത്തി. വേരിത്താസിനു നേതൃത്വം നൽകിയ മി.സുരേഷ് മാത്യു, വേരിത്താസ് റിസോഴ്സ് ടീമിനെ സ്പോൺസർ ചെയ്ത ക്രിസ്തുദാസി സമൂഹത്തിന്റെ ജനറാൾ റവ.സി.ക്രിസ്റ്റീന എസ്.കെ.ഡി, എസ്.കെ.ഡി കോൺഗ്രിഗേഷൻ, ഭക്ഷണം, താമസം എന്നിവയ്ക്കുള്ള സൗകര്യങ്ങൾ ചെയ്തു തന്ന എസ്.എച്ച്.പ്രൊവിൻഷ്യാൾ റവ.സി.മേഴ്സിറ്റ എസ്.എച്ച്, എസ്.എച്ച് കോൺഗ്രിഗേഷൻ എന്നിവരെയും നന്ദിയോടെ ഓർക്കുന്നു. ഫോർമേഷൻ പരിപാടിയിൽ സി.എം.സി, എസ്.എ.ബി.എസ്, എസ്.എച്ച്, എഫ്.സി.സി, ലിയോൺസ്, പ്രൊവിഡൻസ് എന്നീ കോൺഗ്രിഗേഷനിലെ 37 സിസ്റ്റേഴ്സ് പങ്കെടുത്തു.

**വിശുദ്ധനാട് തീർത്ഥാടനം**

മാനന്തവാടി രൂപത ഡിപ്പാർട്ടുമെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഈശോയുടെ ജനനമരണ സ്ഥലങ്ങളിലേക്ക് ഒരു തീർത്ഥാടനം സംഘടിപ്പിക്കുന്നു. ഇസ്രായേൽ, ഈജിപ്ത്, പാലസ്തീൻ, ജോർദ്ദാൻ എന്നീ നാലു രാജ്യങ്ങളിലേക്ക് 9 ദിവസങ്ങളിലെ തീർത്ഥാടനം 2015 ഒക്ടോബർ മാസത്തിൽ ആരംഭിക്കുന്നു. താൽപര്യമുള്ളവർ യൂത്ത് മിനിസ്ട്രി ഓഫീസുമായി ബന്ധപ്പെടുക.

**Up Coming Programmes**

1. മെയ് 1,2,3 –കുട്ടികൾക്കുള്ള ധ്യാനം 'പെനുവേൽ'പുതുശ്ശേരിക്കടവ്
2. മെയ് 4 – Inauguration of LIFE Academy
3. മെയ് 6 – Night Vigil JMJ Sisters
4. മെയ് 22 – JMJ Synergy at Dwaraka Pastoral Centre 5 pm

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**
Director, Department of Youth Ministry

# കെ. സി. വൈ. എം.

**KCYM രൂപതാ ക്യാമ്പ് മെയ് 11, 12 തീയതികളിൽ**

മെയ് 11,12 തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് യൂണിറ്റ്, മേഖല, രൂപത ഭാരവാഹികൾക്കുവേണ്ടി നേതൃത്വക്യാമ്പ് നടത്തപ്പെടുന്നു. 11–ാം തീയതി തിങ്കളാഴ്ച 3 മണിക്ക് ആരംഭിച്ച് 12 ന് വൈകുന്നേരം 4 മണിക്ക് സമാപിക്കും. രജി.ഫീ. 200/- രൂപ. ഒരു യൂണിറ്റിൽ നിന്നും കുറഞ്ഞത് 5 പേരെയെങ്കിലും പറഞ്ഞയക്കുമല്ലോ.

**ആത്മജ്വാല 2015**

മാനന്തവാടി രൂപത കെസിവൈഎം നേതൃത്വം നൽകുന്ന പന്തക്കുസ്ത ജാഗരണപ്രാർത്ഥന " ആത്മജ്വാല 2015 " ചുങ്കക്കുന്ന് യൂണിറ്റിൽ വച്ച് മെയ് 23 ന് വൈകുന്നേരം 6 മണിക്ക് ആരംഭിച്ച് പിറ്റേ ദിവസം രാവിലെ 6 ന് അവസാനിക്കും. ഒരു യൂണിറ്റിൽ നിന്നും കുറഞ്ഞത് 10 പേരെയെങ്കിലും പറഞ്ഞയക്കുമല്ലോ.

**യുവശബ്ദം**

വയനാടൻ ജനതയുടെ പ്രശ്നങ്ങൾ കെസിവൈഎം പ്രവർത്തകർ ജനമധ്യത്തിൽ അവതരിപ്പിക്കുന്നു. പൊട്ടിപ്പൊളിഞ്ഞ റോഡുകൾ, ഉന്നതപഠന സൗകര്യമില്ലാത്ത വിദ്യാർത്ഥികൾ, നട്ടെല്ലൊടിഞ്ഞ കർഷകർ, പകർച്ചവ്യാധികൾ മൂലം മരണമടയുന്ന ആദിവാസികൾ. വയനാടിന്റെ ചിരകാല സ്വപ്നമായ മെഡിക്കൽ കോളേജ്, പ്രഖ്യാപനങ്ങളിൽ ഒതുങ്ങിയ റീജ്യണൽ ക്യാൻസർ സെന്റർ എന്നിവ യാഥാർത്ഥ്യമാക്കുക. രാത്രി യാത്ര - വന്യ ജീവി പ്രശ്നങ്ങൾ പരിഹരിക്കുക തുടങ്ങിയ സാമൂഹ്യ പ്രശ്നങ്ങൾ ഉന്നയിച്ചു കൊണ്ടു മാനന്തവാടി രൂപതയുടെ യുവശബ്ദം മെയ് 9 നു ചെണ്ട കൊട്ടി പൊതു സമൂഹത്തെ ഉണർത്തുന്നു.

**യൂണിറ്റ് വാർത്തകൾ – ചെറുകാട്ടൂർ യൂണിറ്റ്**

നടവയൽ മേഖല നടത്തിയ Youth Cross പ്രയാണത്തോടനുബന്ധിച്ചുള്ള ബൈക്ക് റാലിയിലും കുരിശിന്റെ വഴിയിലും ചെറുകാട്ടൂരിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു. നോമ്പുകാലത്ത് വെള്ളിയാഴ്ചകളിലെ കുരിശിന്റെ വഴിക്ക് കെസിവൈഎം നേതൃത്വം നൽകി.

മാർച്ച് 29-ന് KCYM ന്റെ നേതൃത്വത്തിൽ ചെറുകാട്ടൂർ വി.സെബസ്ത്യാനോസിന്റെ ദേവാലയത്തിൽ നിന്നും 16 കി.മീ.ദൂരത്തിൽ നടത്തിയ കുരിശിന്റെ വഴിയിൽ 500 ഓളം പേർ പങ്കെടുത്തു. ഇടവകയിലെ നാലു കുരിശുപള്ളികളെയും ബന്ധിപ്പിച്ചു നടത്തിയ കുരിശിന്റെ വഴി ഏറെ ശ്രദ്ധേയമായി. ഒരു നിർദ്ധന കുടുംബത്തിന് ഭവനം നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ ഇടവകയോട് ചേർന്ന് ഫണ്ടു രൂപീകരിച്ചു. സോഷ്യൽ മീഡിയ വഴി ഈസ്റ്റർ ആശംസകൾ നേർന്നു. ക്രൈസ്തവപീഡനത്തിനെതിരെ face book, വാട്സ് ആപ്പ് ഇവയിലൂടെ പ്രതികരിച്ചു. face book see profile picture black ആക്കി ഇട്ട് കരിദിനം ആചരിച്ചു. പ്രവർത്തനഫണ്ട് രൂപീകരിക്കുക എന്ന ലക്ഷ്യത്തോടെ കെസിവൈഎം സ്റ്റാൾ വിപുലീകരിച്ചു. സ്ഥലം മാറിപ്പോകുന്ന ബഹു.പ്രിൻസച്ചന് യാത്രയയപ്പ് നൽകി. പനമരം വൃദ്ധസദനം സന്ദർശിച്ച് നിത്യോപയോഗസാധനങ്ങൾ നൽകുകയും ഒരുദിവസം അവരോടൊപ്പം ചെലവഴിക്കുകയും ചെയ്തു.

**വള്ളിക്കെട്ട് യൂണിറ്റ്**

KCYM വള്ളിക്കെട്ട് യൂണിറ്റ് പുനരാരംഭിച്ചു. ഇടവകയ്ക്ക് വേണ്ടി സ്വന്തമായി ഒരു വെബ്സൈറ്റ് നിർമ്മിച്ചു നൽകി. www.stmaryschurchvallikkettu.org എന്ന അഡ്രസ്സിലുള്ള വെബ്സൈറ്റിൽ ഇടവകയുടെ ചരിത്രം, സംഘടനകൾ, എന്നിവയെക്കുറിച്ചും ഇടവകയിലെ എല്ലാകുടുംബങ്ങളുടെ വിശദവിവരങ്ങളും ഇടവകയിൽ സേവനം ചെയ്ത വൈദികരുടെ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ദുഃഖവെള്ളിയാഴ്ച നടത്തിയ കുരിശിന്റെ വഴിക്ക് കെസിവൈഎം അംഗങ്ങൾ നേതൃത്വം നൽകി. ഉയിർപ്പു തിരുനാളിനോടനുബന്ധിച്ച് യുവജനങ്ങൾ ചേർന്ന് ഉയിർപ്പുകല്ലറ നിർമ്മിച്ചു.

**വെള്ളൂന്നി യൂണിറ്റ്**

ഇടവകയിൽ നടന്ന കുരിശിന്റെ വഴിക്ക് യൂണിറ്റംഗങ്ങൾ നേതൃത്വം നൽകി. പച്ചക്കറിക്കൃഷി കൂടുതൽ വിപുലമാക്കി ആദ്യവിളവെടുപ്പ് യൂണിറ്റ് പ്രസിഡണ്ട് ശ്രീ. അഭിജിത്ത് കല്ലിടുക്കാനി നിർവഹിച്ചു. പഠനവീടുമായി ബന്ധപ്പെട്ട് വാർഡടിസ്ഥാനത്തിൽ കുട്ടികളുടെ സർവേ നടത്തി. ക്രൈസ്തവർക്കെതിരെ നടക്കുന്ന പീഡനങ്ങളിൽ പ്രതിഷേധിച്ച് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തിയ സമാധാന പ്രാർത്ഥനയിലും ചുങ്കക്കുന്ന് മേഖലയുടെ ആഭിമുഖ്യത്തിൽ കേളകം ബസ്സ്റ്റാന്റിൽ വച്ചു നടത്തിയ സായാഹ്നധർണയിലും ധാരാളം യുവജനങ്ങൾ പങ്കെടുത്തു. 40 -ാം വെള്ളിയാഴ്ച ശാന്തിഗിരി കുരിശുമലയിലേക്ക് നടത്തിയ കുരിശിന്റെ വഴിയിൽ പരിഹാരചൈതന്യത്തോടെ പങ്കെടുത്തു.

**വടക്കനാട് യൂണിറ്റ്**

ഇടവക വാർഷിക ധ്യാനത്തിൽ എല്ലാ യുവജനങ്ങളും പങ്കെടുത്തു. ബത്തേരി മേഖല നടത്തിയ രക്തദാന ക്യാമ്പിൽ യൂണിറ്റംഗങ്ങൾ പങ്കെടുത്തു. 8 പേർ രക്തം ദാനം ചെയ്തു.

**കരിമാനി യൂണിറ്റ്**

മാനന്തവാടി ഫൊറോനയുടെ നേതൃത്വത്തിൽ അമ്പായത്തോടു മുതൽ ബോയ്സ് ടൗൺവരെ നടത്തപ്പെട്ട പരിഹാരപ്രദക്ഷിണത്തിൽ യൂണിറ്റിൽ നിന്നും യുവജനങ്ങളെല്ലാം പങ്കെടുത്തു.

**ചുങ്കക്കുന്ന് യൂണിറ്റ്**

നാല്പതാം വെള്ളിയാഴ്ച ശാന്തിഗിരി മലയിലേക്കു നടത്തിയ പരിഹാര കുരിശിന്റെ വഴിയിൽ യൂണിറ്റിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു. മാസയുവജനസംഗമത്തിൽ 200 ഓളം യുവജനങ്ങൾ സംബന്ധിച്ചു. ഇടവകവാർഷിക ധ്യാനത്തിൽ യുവജനങ്ങളുടെ സജീവപങ്കാളിത്തം ഉണ്ടായിരുന്നു. ഈസ്റ്ററിനോടനുബന്ധിച്ച് കെസിവൈഎം അംഗങ്ങൾ മനോഹരമായ ഉയിർപ്പുകല്ലറ നിർമ്മിച്ചു.

**ചാരിററി യൂണിറ്റ്**

ലഹരി വിരുദ്ധവർഷസമാപന ആരാധനയിൽ യുവജനങ്ങൾ പങ്കുചേർന്നു. മേഖല യൂത്തുക്രോസ് പ്രയാണത്തിൽ കെസിവൈഎം അംഗങ്ങൾ പങ്കെടുത്തു. ബഹു. വിനിലച്ചന് നാമഹേതുകത്തിരുനാളിന്റെ ആശംസകൾ നേർന്നു. മലയാറ്റൂരിലേക്ക് കുരിശിന്റെ വഴി നടത്തുകയും വി. എവുപ്രാസ്യാമ്മയുടെ കബറിടം സന്ദർശിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. ഇടവകയിൽ നടത്തിയ പതിമൂന്നുമണി ആരാധനയിൽ സംബന്ധിച്ചു.

**കല്ലോടി യൂണിറ്റ്**

വിവിധ പരീക്ഷകൾക്കായി ഒരുങ്ങുന്ന കുട്ടികൾക്കായി അർദ്ധദിനസെമിനാറും ആരാധനയും നടത്തി. ബഹു. ബാബു കക്കട്ടിക്കാനായിലച്ചൻ നേതൃത്വം നൽകി. 154 കുട്ടികൾ ഇതിൽ പങ്കെടുത്തു. ബഹു. ജോസ് കൊച്ചറയ്ക്കലച്ചന്റെ നാമഹേതുകതിരുനാൾ ആഘോഷിച്ചു. യുവജനങ്ങളുടെ നേതൃത്വത്തിൽ ഉയിർപ്പുകല്ലറ നിർമ്മിച്ചു. ഇടവകയുടെ പ്രത്യേക നിയോഗാർത്ഥം നടത്തിയ ജാഗരണ പ്രാർത്ഥനയിൽ ഭാരവാഹികൾ പങ്കെടുത്തു. ബഹു.സി. ജെസ്സിന്റെ നേതൃത്വത്തിൽ രോഗീസന്ദർശനം നടത്തി. കെസിവൈഎം അംഗങ്ങൾ ബഹു. ആനിമേറ്റർ സിസ്റ്ററിനോടൊപ്പം മക്കിയാട് കുരിശുമല കയറി.

**അരിഞ്ചേർമല യൂണിറ്റ്**

ലോകവനിതാ ദിനത്തോടനുബന്ധിച്ച് കെസിവൈഎം അംഗങ്ങൾ "സ്ത്രീകൾ സുരക്ഷിതരോ" എന്ന വിഷയത്തെ ആസ്പദമാക്കി ഡിബേറ്റ് നടത്തി. മേഖല നേതൃത്വത്തിൽ നടവയലിൽ വച്ചു നടന്ന

Youth Cross പ്രയാണത്തോടനുബന്ധിച്ചുള്ള ബൈക്ക് റാലിയിലും കുരിശിന്റെ വഴിയിലും യൂണിറ്റിൽ നിന്നും 24 പേർ പങ്കെടുത്തു. ഇടവകയിൽ രോഗിയായ കഴിയുന്ന ഒരു വ്യക്തിയുടെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകുകയും ഭാരവാഹികൾ സന്ദർശനം നടത്തിവരികയും ചെയ്യുന്നു. ജലദിനത്തിൽ യുവജനങ്ങൾക്കിടയിൽ മുദ്രാവാക്യ രചന നടത്തി. ഇടവക വാർഷിക ധ്യാനത്തിൽ യുവജനങ്ങൾ പങ്കെടുത്തു.

**മേഖലവാർത്തകൾ – ചുങ്കക്കുന്ന് മേഖല**

**സായാഹ്നധർണ**

ചുങ്കക്കുന്ന് മേഖലാസമിതി വെള്ളൂന്നി മലയിലേക്ക് കുരിശിന്റെ വഴി നടത്തി. മേഖല പ്രസിഡണ്ട് ശ്രീ. ജിജോ താന്നിവേലിൽ, സെക്രട്ടറി ഡാർവിൻ, കോർഡിനേറ്റർ ടിജോ തുടങ്ങിയവർ നേതൃത്വം നൽകി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പീഡിപ്പിക്കപ്പെടുന്ന ക്രൈസ്തവരോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കേളകം ബസ്സ് സ്റ്റാന്റിൽ സായാഹ്ന ധർണ നടത്തി. മേഖല ഡയറക്ടർ റവ.ഫാ. ജെയ്സ് പൂതക്കുഴി മുഖ്യപ്രഭാഷണം നടത്തി. മേഖല വൈസ് പ്രസിഡണ്ട് ജോമോൾ കുഴിയാനി മറ്റത്തിൽ അധ്യക്ഷത വഹിച്ചു. മേഖല ആനിമേറ്റർ റവ.സി. റോയ്സ് നന്ദിയർപ്പിച്ചു.

**മലയാറ്റൂർ പദയാത്ര**

ചുങ്കക്കുന്ന് മേഖല കെസിവൈഎം നെ പ്രതിനിധീകരിച്ച് ഭാരവാഹികകളായ ജിജോ താന്നിവേലിൽ, ജിതിൻ പാൽച്ചുരം, ടിജോ കിഴക്കയിൽ എന്നിവർ മലയാറ്റൂരിലേക്ക് പദയാത്ര നടത്തി.

**നടവയൽ മേഖല**

അൻപതു നോമ്പുകാലത്ത് യുവജനകുരിശും വഹിച്ചുകൊണ്ട് കെസിവൈഎം നടവയൽ മേഖലകുരിശിന്റെ വഴി നടത്തി. പനമരം സെന്റ് ജൂഡ്സ് ദേവാലയത്തിൽ നിന്നും ബൈക്ക് റാലിയുടെ അകമ്പടിയോടെ യൂത്തുക്രോസ് വഹിച്ചുകൊണ്ട് യുവജനങ്ങൾ കുരിശിന്റെ പ്രയാണം നടത്തി. നടവയൽ ഫൊറോനയുടെയും കെസിവൈഎം നടവയൽ മേഖലയുടെയും സംയുക്താഭിമുഖ്യത്തിൽ വി.കുർബാന അർപ്പിക്കുകയും നടവയൽ പള്ളിയിൽ നിന്നും നെയ്ക്കുപ്പ ദേവാലയത്തിലേക്ക് കുരിശിന്റെ വഴി നടത്തുകയും ചെയ്തു. ഈ പരിഹാരയാത്രയിൽ മേഖലാഭാരവാഹികളും യുവജനങ്ങളും പങ്കെടുത്തു. 40–ാം വെള്ളിയാഴ്ച പനമരം പുഷ്പഗിരി ആശ്രമത്തിൽ നിന്നും ലാറ്റിൻ പള്ളിയിലേക്ക് കുരിശിന്റെ വഴി നടത്തി. യൂണിറ്റ് ശാക്തീകരണത്തിന്റെ ഭാഗമായി കെസിവൈഎം മേഖല ടീം യൂണിറ്റ് സന്ദർശനം കാര്യക്ഷമമാക്കുന്നു.

**എബിൻ മുട്ടപ്പള്ളി** – രൂപത ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സ്**

മണിമൂളി പാസ്റ്ററൽ സെന്ററിൽ മാർച്ച് 20 മുതൽ 23 വരെ നടന്ന കോഴ്സിൽ 78 പേരും ദ്വാരക പാസ്റ്ററൽ സെന്ററിൽ മാർച്ച് 27 മുതൽ 30 വരെ നടന്ന കോഴ്സിൽ 103 പേരും ഏപ്രിൽ 10 മുതൽ 13 വരെ നടന്ന കോഴ്സിൽ 103 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയ ത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസത്തിലെ കോഴ്സുകൾ**

| | | |
|---|---|---|
| മെയ | 8–11 | പാസ്റ്ററൽ സെന്റർ ദ്വാരക |
| മെയ് | 29– ജൂൺ 1 | പാസ്റ്ററൽ സെന്റർ ദ്വാരക |
| ജൂൺ | 26–29 | പാസ്റ്ററൽ സെന്റർ ദ്വാരക |

## സീറോമലബാർ മാതൃവേദി

**ടീം ട്രെയിനിംഗ്**

രൂപതാ റിസോഴ്സ് ടീമിനുള്ള പരിശീലനം 2015 ഏപ്രിൽ 13-ാം തീയതി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. 28 പേർ പങ്കെടുത്തു. ഈ വർഷത്തെ മാതൃവേദിയുടെ പഠനവിഷയമായ ആധുനിക കുടുംബ ങ്ങൾ നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തെ അധികരിച്ചാണ് പരിശീലനം നടത്തിയത്. ശ്രീ. ബേബി ജോസഫ് ചക്കാലക്കൽ, ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. പങ്കെ ടുത്ത മുഴുവൻ പേർക്കും നന്ദിയും ആശംസകളും. ഇടവകകളിൽ ക്ലാസ്സെടുക്കാൻ ടീമംഗങ്ങൾ സജ്ജരാണ്.

**സമ്മാനകൂപ്പൺ**

നമ്മുടെ സമ്മാനകൂപ്പൺ വിതരണം കാര്യക്ഷമമായി പുരോഗ മിക്കുന്നു എന്ന് കരുതുന്നു. വലിയ താൽപര്യം ഈ കാര്യത്തിൽ പുലർത്തുന്നതിന് മുൻകൂട്ടി നന്ദി അറിയിക്കുന്നു. കൂപ്പണിന്റെ counter foil ഉം പണവും രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ട അവസാന തീയതി മെയ് 15 ആണെന്ന കാര്യവും പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**ഏകസ്ഥർ, ഉദ്യോഗസ്ഥരായ അമ്മമാർ**

ഇടവകകളിൽ നിന്നും ഏകസ്ഥരായ സ്ത്രീകളുടെയും ഉദ്യോഗസ്ഥരായ അമ്മമാരുടെയും ലിസ്റ്റ് രൂപതയിൽ നൽകുന്നതിനെക്കുറിച്ച് കഴിഞ്ഞ മാസത്തെ ബുള്ളറ്റിനിലും കത്തു മുഖേനയും അറിയിച്ചിരുന്നു. ഇനിയും ലിസ്റ്റ് ഏൽപ്പിക്കാത്തവർ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണെ.

**ചുങ്കക്കുന്ന് മേഖല**

10.04.2015 –ന് പുതിയ മേഖലാ ഡയറക്ടർ ബഹു. ജയിംസ് കുന്നത്തേട്ട് അച്ചന്റെ നേതൃത്വത്തിൽ മേഖലാ എക്സിക്യൂട്ടിവ് ചേർന്നു. ശ്രീമതി കത്രിക്കുട്ടി മണ്ണൂക്കുളം സ്വാഗതം ആശംസിച്ചു. സംഘടനയുടെ വളർച്ചയ്ക്കുവേണ്ടി നൂതന ആശയങ്ങൾ അച്ചൻ വിശദീകരിച്ചു. രൂപതയുടെ സമ്മാനകൂപ്പൺ എല്ലാ ശാഖകളിൽ നിന്നും വന്ന ആനിമേറ്റർമാർ വഴി വിതരണം ചെയ്തു.

**ബത്തേരി മേഖല**

കഴിഞ്ഞ 17 വർഷക്കാലമായി മാതൃവേദിയുടെ ആനിമേറ്ററായും രൂപതാ ടീം അംഗമായും പ്രവർത്തിച്ച് വരുന്ന സി.സബീന SABS നെയും, കഴിഞ്ഞ 30 വർഷമായി സംഘടനയുടെ പ്രവർത്തകരായ ഡോ. വൽസലയെയും ശ്രീമതി എൽസി കൊട്ടാരത്തേയും മേഖലാ ഡയറക്ടർ റവ.ഫാ.ജോണി കാഞ്ഞിരംപറമ്പിൽ പൊന്നാട അണിയിച്ച് ആദരിച്ചു. മേഖലാ തലത്തിൽ നടന്ന സാഹിത്യമൽസര വിജയികൾക്ക് രൂപതാ ആനിമേറ്റർ സി.കൃപ SABS സമ്മാനദാനം നിർവഹിച്ചു. ക്രൈസ്തവ വിശ്വാസികൾക്കെതിരെ ലോകമെമ്പാടും നടക്കുന്ന അക്രമങ്ങൾ അവസാനിപ്പിക്കുവാൻ മേഖലയിലെ അമ്മമാർ കുരിശിന്റെവഴി നടത്തി. മേഖലയിലെ 13 ശാഖകളിൽ നിന്നും 10 പേരെ വീതം സംഘടിപ്പിച്ച് ഈ വർഷം എല്ലാ അമ്മമാർക്കും നൽകുവാൻ രൂപത നിർദ്ദേശിച്ചിരിക്കുന്ന ആധുനിക കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികൾ' എന്ന വിഷയത്തെക്കുറിച്ച് സെമിനാർ സംഘടിപ്പിച്ചു. പഴൂർ ഇടവകയിൽ വച്ചാണ് മേഖലാ സംഗമം നടത്തിയത്. രൂപതാ റിസോഴ്സ് ടീം അംഗമായ ശ്രീ ജോണി അമ്പാട്ട് ക്ലാസ്സ് നയിച്ചു. സമർപ്പിത വർഷത്തോടനുബന്ധിച്ച് ബത്തേരി മേഖലയിലെ 13 ശാഖകളിലെയും ആനിമേറ്റർമാരെയും, ഈ മേഖലയിലെ മുഴുവൻ ആശ്രമങ്ങളിലെയും സുപ്പീരിയേഴ്സിനെയും മെമന്റോ നൽകി ആദരിച്ചു. മേഖലാ ടീം പരിപാടികൾക്ക് നേതൃത്വം നൽകി.

**കുറുമണി**

നോമ്പുകാലത്ത് അമ്മമാർ ഉപവാസമെടുത്ത് ശേഖരിച്ച അരി മാനന്തവാടി ഗവ. ആശുപത്രിയിലേക്ക് സംഭാവന ചെയ്തു. 50 നോമ്പിലെ എല്ലാ ബുധനാഴ്ച്ചകളിലും ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ 6 pm മുതൽ 9 pm വരെ ലഹരി വിമുക്ത വർഷത്തോടനുബന്ധിച്ച് ജാഗരണപ്രാർത്ഥന നടത്തി. എല്ലാവാർഡിലെയും അംഗങ്ങൾ ഓരോ ആഴ്ചയും ചെയിൻ റോസറി നടത്തി.

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ, കുടുംബപ്രേഷിതത്വം
**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
അസോസിയേറ്റ് ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**രണ്ടാംശനി - പൊതുകൗൺസിലിംഗ് 11-4-2015**

കൗൺസിലിംഗിനായി 75 പേർ കടന്നുവന്നു. കൗൺസിലിംഗിന് ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചനും ബഹു. മൈക്കിൾ വടക്കേമുള ഞ്ഞനാൽ അച്ചനും സീയോൻ കൗൺസിലേഴ്സും നേതൃത്വം നൽകി.

**യുവജന കൂട്ടായ്മ**

11-4-2015 ശനിയാഴ്ച രാവിലെ 9 മണി മുതൽ യുവജന കൂട്ടായ്മ ആരംഭിച്ചു. ജപമാല, കുരിശിന്റെ വഴി എന്നിവയ്ക്ക് ജീസസ് യൂത്ത് ലീഡേഴ്സ് നേതൃത്വം നൽകി. ബഹു. സോണി വാഴകാട്ടച്ചൻ വി.ബലി അർപ്പിച്ച്, വചനസന്ദേശം നൽകുകയും ആരാധനയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു. 3.30 ന് ശുശ്രൂഷകൾ അവസാനിച്ചു.

**ദമ്പതീ കൂട്ടായ്മ**

11-4-2015 ശനിയാഴ്ച രാവിലെ 9.30 ന് ദമ്പതീകൂട്ടായ്മയുടെ ശുശ്രൂഷകൾ ആരംഭിച്ചു. ശ്രീ. ജോസ് മാളോല ദൈവവചനത്തിന്റെ ശക്തിയെക്കുറിച്ച് ക്ലാസ് നയിച്ചു. ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചൻ വി.ബലിയർപ്പിച്ച് വചനസന്ദേശം നൽകുകയും ആരാധനയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു.

**ക്രിസ്റ്റീൻ ധ്യാനം**

ഏപ്രിൽ 19 മുതൽ 23 വരെ IX, X, XI, XII ക്ലാസുകളിലെ കുട്ടി കൾക്കുവേണ്ടി ക്രിസ്റ്റീൻ ധ്യാനം നടത്തി. ധ്യാനത്തിൽ 208 കുട്ടികൾ പങ്കെടുത്തു. ബഹു. സോണി വാഴകാട്ടച്ചനും ബഹു. അഗസ്റ്റിൻ താന്നി യിൽ അച്ചനും ജീസസ് യൂത്ത്, സീയോൻ ടീം അംഗങ്ങളും നേതൃത്വം നൽകി.

**സീയോൻ മെയ് മാസത്തിൽ**

1. ആദ്യവെള്ളി - സോണൽ മീറ്റിംഗ്
9. പൊതുകൗൺസിലിംഗ്, യുവജനകൂട്ടായ്മ, ദമ്പതീകൂട്ടായ്മ
15. ജാഗരണ പ്രാർത്ഥന

17-21 - ആന്തരികസൗഖ്യധ്യാനം (മുതിർന്നവർക്ക്)

25-28 - ക്രിസ്റ്റീൻ ധ്യാനം V, VI, VII, VIII ക്ലാസുകളിലെ കുട്ടികൾക്ക്

**ഫാ. അഗസ്റ്റിൻ താന്നിയിൽ** - ഡയറക്ടർ, സീയോൻ സി.ആർ.സി.

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

കർത്താവിൽ ഏറ്റവും സ്നേഹമുള്ള വിൻസെൻഷ്യൻ സഹോദരങ്ങളേ,

"ദരിദ്രരോട് ദയ കാണിക്കുന്നവൻ ഭാഗ്യവാൻ; കഷ്ടതയുടെ നാളുകളിൽ അവനെ കർത്താവ് രക്ഷിക്കും"

മെയ് 1 അഖില ലോക തൊഴിലാളി ദിനവും തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പ് പിതാവിന്റെ തിരുനാൾ ദിനവും ആണല്ലോ, കൂടാതെ ലോകമാതാവിന്റെ വണക്കത്തിനായി തിരുസഭ മാറ്റി വച്ചിരിക്കുന്ന മാസവും മെയ് ആണല്ലോ. പരസ്നേഹപ്രവർത്തനങ്ങളിൽ അക്ഷീണരായി മുന്നേറുവാൻ ശക്തിയും ഊർജ്ജവും ലഭിക്കുന്നതിനായി നീതിമാനായ മാർ യൗസേപ്പിതാവിന്റെയും പൂർണ്ണ സമർപ്പിതയായ പരി. കന്യകാമറിയത്തിന്റെയും മാദ്ധ്യസ്ഥവും സംഘടനയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. വിൻസെന്റ് ഡി പോളിന്റെയും സംഘടനയുടെ സ്ഥാപകനായ വാഴ്ത്തപ്പെട്ട ഫെഡറിക് ഓസ്സാനാമിന്റെയും നിറവാർന്ന മാദ്ധ്യസ്ഥവും നമുക്കപേക്ഷിക്കാം.

**സിസി വാർഷികവും ഓസ്സാനാം ഫാമിലി ഭവൻ ഉദ്ഘാടനവും**

മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ 37-ാമത് വാർഷികവും ഓസ്സാനാം ഫാമിലിഭവൻ ഉദ്ഘാടനവും 2015 ഏപ്രിൽ 18-ാം തീയതി ഓസ്സാനാംഭവനിൽ വെച്ച് നടന്നു.

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പുതിയ സംരംഭമായ "ഓസ്സാനാം ഫാമിലി ഭവൻ" നടവയൽ ഓസ്സാനാംഭവനോട് ചേർന്ന് നിർമ്മിക്കുകയും മാനന്തവാടി രൂപത ഇടയൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് 2015 ഏപ്രിൽ 18-ാം തീയതി വെഞ്ചരിപ്പ് കർമ്മം നിർവ്വഹിക്കുകയും ചെയ്തു.

സിസി പ്രസിഡണ്ട് ബ്രദർ തോമസ് മാങ്ങന്റെ അദ്ധ്യക്ഷതയിൽ ചേർന്ന വാർഷിക സമ്മേളന യോഗത്തിൽ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു. ഏറ്റവും നല്ല പ്രവർത്തനങ്ങൾ കാഴ്ചവെച്ച് മാനന്തവാടി സിസിയെ ഉയർത്തിയ ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ, ജനറൽ സെക്രട്ടറി മാനന്തവാടി സിസി, ഓസ്സാനാംഭവന്റെ പ്രവർത്തനങ്ങൾ ഏറ്റവും നല്ല രീതിയിൽ ക്രമീകരിച്ച്

സുതാര്യനടത്തിപ്പിൽ അഹോരാത്രം പ്രവർത്തിച്ച ബ്രദർ വിൻസെന്റ് ജോൺ, സെക്രട്ടറി ഓസ്സാനാംഭവൻ എന്നിവർക്ക് അവാർഡുകൾ നൽകി ആദരിച്ചു.

ഏസി തലത്തിൽ നല്ല പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും തങ്ങളുടെ കാലാവധി പൂർത്തിയാക്കി സ്ഥാനമൊഴിഞ്ഞ ഏസി പ്രസിഡണ്ട്മാരായിരുന്ന:- ബ്രദർ പി. എസ്. മാത്യു നിരപ്പേൽ -ചുണ്ടക്കര ഏസി, ബ്രദർ ജോസഫ് ആലുങ്കൽ- മണിമൂളി ഏസി, ബ്രദർ ജോസ്കുട്ടി ചാത്തമല-കൊട്ടിയൂർ എ.സി. എന്നിവരെ മെമന്റോ നൽകി ആദരിച്ചു.

സിസി ആത്മീയോപദേഷ്ടാവ് റവ. ഫാ. വർഗ്ഗീസ് മുളകുടിയാങ്കൽ അനുഗ്രഹ പ്രഭാഷണം നടത്തി. വിശിഷ്ട അതിഥിയും വിരമിച്ച പോലീസ് ഇൻസ്പെക്ടറുമായ ശ്രീ. ജോസ് ജോർജ്ജ് IPS ഓസ്സാനാം ഫാമിലിഭവന്റെ താക്കോൽ ദാനം നിർവ്വഹിച്ചു.

മാനന്തവാടി സെൻട്രൽ കൗൺസിൽ തലത്തിൽ സംഘടിപ്പിച്ച യുവജന മത്സരങ്ങളിൽ വിജയികളായവർക്കും KRCC യുവജന മത്സരങ്ങളിൽ വിജയികളായ കൊട്ടിയൂർ ഏസി പ്രതിനിധിക്കും ബ്രദർ സുനിൽ. ജെ. കുരുവിളയിൽ, സിസി പ്രസിഡണ്ട്, ബത്തേരി മലങ്കര രൂപത സമ്മാനങ്ങൾ നൽകി ആദരിച്ചു. വാർഷിക സമ്മേളനത്തിൽ സ്കോളർഷിപ്പുകൾ വിതരണം ചെയ്തു.

**കാരുണ്യസ്പർശം സ്കോളർഷിപ്പ്**

a) അമല അരീക്കൻ - മേരി മാതാ കോൺഫറൻസ്, കയ്യൂന്നി
b) അപർണ്ണ തുറുവിട്ടേതിൽ - സെന്റ് തെരേസ കോൺഫറൻസ് തരിയോട്
c) ബ്രിമോൺ ജോസഫ് - സെന്റ് മേരീസ് കോൺഫറൻസ് വാളവയൽ
d) മിൽക്കി മോൾ - സെന്റ് അൽഫോൻസ കോൺഫറൻസ് ചുങ്കക്കുന്ന്
e) ബെൻസിറ്റ് പഴുക്കാത്തറ - സെന്റ് ജോസഫ് കോൺഫറൻസ് ബാലേശുഗിരി
f) ഡെനിൽ ജോസഫ് കൊല്ലമന-സെന്റ് ജൂഡ് കോൺഫറൻസ് മൂലങ്കാവ്

**സ്കോളർഷിപ്പ്** (USA)

18-4-2015 ഓസാനാംഭവനിൽ വെച്ചുനടന്ന സിസി വാർഷിക സമ്മേളനത്തിൽ താഴെ പറയുന്ന കുട്ടികൾക്ക് USA സ്കോളർഷിപ്പ് വിതരണം ചെയ്തു.

a) അഞ്ജു എളമ്പിലക്കാട്ടിൽ – സെന്റ് ജോസഫ് തെനേരി
b) ജീവൻ തോമസ് – ഇൻഫന്റ് ജീസസ് കബനിഗിരി
c) ഗ്ലോറിയ ആന്റണി – ഇൻഫന്റ് ജീസസ് കബനിഗിരി
d) നൈസി യു. എൽ. – സെന്റ് മേരീസ് കൽപ്പറ്റ
e) ആനിറ്റ സനിൽ – സെന്റ് തോമസ് ദീപ്തിഗിരി
f) ലിജിൻ സോജൻ – സെന്റ് അൽഫോൻസ ദീപ്തിഗിരി
g) അജിത് പ്രകാശ് – സെന്റ് മരിയ ഗൊരോത്തി കല്ലോടി
h) ആൽബിൻ പൗലോസ് – സെന്റ് ജോസഫ് ബാലേശുഗിരി
i) ആൽബിൻ സജി – സെന്റ് ഫ്രാൻസീസ് അസ്സീസി മീനങ്ങാടി
j) അഞ്ജലി ജെയിംസ് – സെന്റ് തെരേസ തരിയോട്
k) നിർമ്മൽ ജോസ് – സെന്റ് ജോർജ്ജ് കോട്ടത്തറ
l) സ്നേഹ പി. ദേവസ്യ – സെന്റ് തോമസ് ചെന്ദലോട്
m) ഡിൽന വർക്കി – സെന്റ് അൽഫോൻസ കാവുംമന്ദം
n) അഞ്ജലി ക്രിസ്റ്റി ജോസ് – സെന്റ് മേരീസ് യവനാർകുളം
o) അനീറ്റ ജോസഫ് – സെന്റ് മേരീസ് യവനാർകുളം
p) ടീന ജോർജ്ജ് – സെന്റ് മേരീസ് തോണിച്ചാൽ
q) നീനു ജെയിംസ് – ലിറ്റിൽ ഫ്ളവർ ചെറുകാട്ടൂർ
r) ദിവ്യ പീറ്റർ – സെന്റ് തെരേസ കൊമ്മയാട്
s) സാന്ദ്ര വി.ബി. – സെന്റ് അൽഫോൻസ ദ്വാരക

റവ. ഫാ. ബിജോ കറുകപ്പിള്ളി, പ്രസിഡണ്ട് വയനാട് ജില്ലാ ഓർഫനേജ് കൺട്രോൾ ബോഡ്, യോഗത്തിൽ ആശംസ അർപ്പിച്ചു. ബ്രദർ ജോർജ്ജ് ആക്കാന്തിരി, ഓസ്സാനാംഭവൻ മാനേജർ നന്ദി പറഞ്ഞു.

**ഓസാനാംഭവൻ രാത്രി സേവനം**

**ബത്തേരി എസി**

| | | |
|---|---|---|
| 15-5-2015 | സെന്റ് ജൂഡ് | മൂലങ്കാവ് |
| 16-5-2015 | സെന്റ് മേരീസ് | ബത്തേരി |
| 17-5-2015 | സെന്റ് മേരീസ് | കടൽമാട് |
| 18-5-2015 | സെന്റ് മാർട്ടിൻ | അമ്പലവയൽ |
| 19-5-2015 | സെന്റ് മേരീസ് | കൽപ്ര |
| 20-5-2015 | സെന്റ് അൽഫോൻസ | ബത്തേരി |
| 21-5-2015 | സെന്റ് ആന്റണി | വാകേരി |
| 22-5-2015 | മേരി മാതാ | മൂലങ്കാവ് |
| 23-5-2015 | സെന്റ് മേരീസ് | തോമാട്ടുചാൽ |
| 24-5-2015 | സെന്റ് ജോർജ്ജ് | ചിത്രഗിരി |

| | | |
|---|---|---|
| 25-5-2015 | സെന്റ് ആന്റണി | പഴൂർ |
| 26-5-2015 | ഫാത്തിമ മാതാ | കുന്നലാടി |
| 27-5-2015 | സെന്റ് ഫ്രാൻസീസ് അസ്സീസി | ചുള്ളിയോട് |
| 28-5-2015 | ഫാത്തിമ മാതാ | കയ്യൂന്നി |
| 29-5-2015 | സെന്റ് ജോസഫ് | വടക്കനാട് |
| 30-5-2015 | സെന്റ് അൽഫോൻസ | ചുള്ളിയോട് |
| 31-5-2015 | സെന്റ് ജോർജ്ജ് | കല്ലുമുക്ക് |

**ചുണ്ടക്കര എസി**

| | | |
|---|---|---|
| 01-6-2015 | സെന്റ് മേരീസ് | ചുണ്ടക്കര |
| 02-6-2015 | സെന്റ് മേരീസ് | അരിഞ്ചേർമല |
| 03-6-2015 | സെന്റ് ജോർജ്ജ് | ചുള്ളിയാന |
| 04-6-2015 | സെന്റ് സെബാസ്റ്റ്യൻ | വിളമ്പുകണ്ടം |
| 05-6-2015 | സെന്റ് ജോസഫ് | ചുണ്ടക്കര |
| 06-6-2015 | സെന്റ് തോമസ് | അരിഞ്ചേർമല |
| 07-6-2015 | സെന്റ് മേരീസ് | കണിയാമ്പറ്റ |
| 08-6-2015 | സെന്റ് മേരീസ് | പറളിക്കുന്ന് |
| 09-6-2015 | സെന്റ് അൽഫോൻസ | ചുള്ളിയാന |
| 10-6-2015 | സെന്റ് ജൂഡ് | കുറുമ്പാലക്കോട്ട |
| 11-6-2015 | വാഴ്ത്തപ്പെട്ട മദർ തെരേസ | വിളമ്പുകണ്ടം |

**ഗൂഡല്ലൂർ എസി**

| | | |
|---|---|---|
| 12-6-2015 | സെന്റ് മേരീസ് | ആറാട്ടുപാറ |
| 13-6-2015 | സെന്റ് ജോസഫ് | മച്ചിക്കൊല്ലി |
| 14-6-2015 | സേക്രട്ട് ഹാർട്ട് | അരുൾനിലയം |
| 15-6-2015 | സെന്റ് സെബാസ്റ്റ്യൻ | ധർമ്മഗിരി |

**ഓസ്സാനാംഭവൻ സന്ദർശനം**

**കുറുമ്പാല എസി**

| | | |
|---|---|---|
| 16-5-2015 | ക്രിസ്തുരാജ | പുതുശ്ശേരിക്കടവ് |
| 18-5-2015 | സെന്റ് സെബാസ്റ്റ്യൻ | കുപ്പാടിത്തറ |
| 20-5-2015 | സെന്റ് ജോസഫ് | കുറുമ്പാല |
| 22-5-2015 | സെന്റ് അൽഫോൻസ | പുതുശ്ശേരിക്കടവ് |
| 24-5-2015 | സെന്റ് മേരീസ് | കുറുമ്പാല |

**മാനന്തവാടി എസി**

| | | |
|---|---|---|
| 26-5-2015 | സെന്റ് മേരീസ് | യവനാർകുളം |
| 28-5-2015 | ലിറ്റിൽ ഫ്ളവർ | മുതിരേരി |
| 30-5-2015 | ലിറ്റിൽ ഫ്ളവർ | പുതിയിടം |

| | | |
|---|---|---|
| 01-6-2015 | വാ. മദർ തെരേസ | തവിഞ്ഞാൽ (വിമലനഗർ) |
| 03-6-2015 | സെന്റ് ഫിലോമിന | ആലാറ്റിൽ |
| 05-6-2015 | ലിറ്റിൽ ഫ്ളവർ | മാനന്തവാടി |
| 07-6-2015 | സെന്റ് മേരീസ് | ആലാറ്റിൽ |
| 09-6-2015 | സെന്റ് ജോസഫ് | കണിയാരം |
| 11-6-2015 | മൗണ്ട് കാർമ്മൽ | തലപ്പുഴ |
| 13-6-2015 | സെന്റ് സെബാസ്റ്റ്യൻ | കാട്ടിമൂല |

**നടവയൽ എസി**

| | | |
|---|---|---|
| 15-6-2015 | സെന്റ് മേരീസ് | വാളവയൽ |

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ 37-ാ മത് വാർഷികവും സിസി യുടെ പുതിയ സംരംഭമായ ഓസ്സാനാം ഫാമിലി ഭവൻ ഉദ്ഘാടനവും ഇതോടനുബന്ധിച്ചുള്ള സമ്മേളനവും മറ്റ് പ്രവർത്തനങ്ങളും വിജയപ്രദമാക്കുവാൻ സഹകരിച്ച സിസി ബോഡ് മെമ്പേഴ്സ്, ഏസി ഭാരവാഹികൾ, കോൺഫറൻസ് ഭാരവാഹികൾ, അംഗങ്ങൾ, ബഹു. അച്ചന്മാർ, സിസ്റ്റേഴ്സ്, ശുശ്രൂഷികൾ, പ്രത്യേകിച്ച് നടവയൽ ഏസി, ബത്തേരി ഏസി, ഭാരവാഹികളെയും ഏറ്റവും നന്ദിയോടെ ഓർക്കുന്നു. മുന്നോട്ടും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുകയും ചെയ്യുന്നു.

ഒരിക്കൽകൂടി എല്ലാവിധ ഭാവുകങ്ങളും പ്രാർത്ഥനാപൂർവ്വം നേർന്നുകൊണ്ട്, വിൻസെൻഷ്യൻ സഹോദരങ്ങളുടെ സഹോദരൻ

**ബ്രദർ എം. സി. തോമസ് മാങ്ങൻ**
സി.സി. പ്രസിഡണ്ട്

# സാമൂഹ്യ സേവനരംഗം (WSSS)

**ജൈവ സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

പദ്ധതിയുടെ ഭാഗമായി മാർച്ച് മാസത്തിൽ ജൈവകൃഷിയിലെ നൂതന മാറ്റങ്ങളും, രോഗ-കീട നിയന്ത്രണവും എന്ന വിഷയത്തെ ആസ്പദമാക്കി അമ്പലവയലിൽ വച്ച് കർഷക സെമിനാർ നടന്നു. പുതിയതായി 239 കർഷകർ കഴിഞ്ഞമാസം പദ്ധതിയിൽ അംഗമായി. പുതിയതായി ചേർന്ന കർഷകരുടെ GPS സർവ്വേ പുരോഗമിക്കുന്നു. വിവിധ സ്ഥലങ്ങളിലായി 90 ഓളം കർഷക ഗ്രൂപ്പ് യോഗങ്ങൾ നടന്നു.

കർഷകർക്കുവേണ്ടി നബാർഡിന്റെ സഹായത്തോടെ നെല്ലിയാമ്പതിയിലേക്ക് ഒരു പഠനയാത്ര നടത്തി. 86 കർഷകർ പഠനയാത്രയിൽ പങ്കെടുത്തു.

**വോഫ (WOFFA)**

WSSS ഓർഗാനിക് ഫെയർട്രേഡ് അസോസിയേഷൻ അംഗങ്ങളുടെ കർഷകർക്ക് ഉത്പാദന ഉപാധികൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ വാരണാസി കമ്പോസ്റ്റ് നിർമ്മിക്കുന്നതിന് 4 കർഷക സംഘങ്ങൾക്ക് 20,000 രൂപവീതം സാമ്പത്തിക സഹായം നൽകി. മൈത്രി ജൈവകർഷക സംഘം ദ്വാരക, ഉഭയ ജൈവകർഷക സംഘം കൊമ്മയാട്, ദീപം ജൈവകർഷകസംഘം കൂളിവയൽ, കബനിസ്വാശ്രയസംഘം ചെറുകാട്ടൂർ എന്നീ കർഷക ഗ്രൂപ്പുകൾക്കാണ് ഈ വർഷം സാമ്പത്തിക സഹായം നൽകിയത്.

**അധികവില വിതരണം**

കഴിഞ്ഞ സാമ്പത്തികവർഷം വോഫയിലൂടെ സംഭരിച്ച കാപ്പി, ഇഞ്ചി, മഞ്ഞൾ എന്നീ ഉത്പന്നങ്ങൾക്ക് കിലോഗ്രാമിന് 1 രൂപാ വീതം അധികവില നൽകി. 6407 രൂപ ഇതുപ്രകാരം കർഷകർക്ക് വിതരണം ചെയ്തു.

**മാർക്കറ്റിംഗ് വിഭാഗം**

അന്താരാഷ്ട്ര വിപണിയിൽ ജൈവകർഷക ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തി. ജർമ്മനി,

ഇറ്റലി, സ്വിറ്റ്സർലാന്റ്, ഡെൻമാർക്ക്, ബ്രിട്ടൺ, ഓസ്ട്രേലിയ, ഹോങ്കോങ്ങ് എന്നിവിടങ്ങളിൽ നിന്നായി കാപ്പി, കുരുമുളക്, ഏലം, ജാതി, ഗ്രാമ്പു, കറുവപ്പട്ട, മഞ്ഞൾ എന്നീ ഉത്പന്നങ്ങൾക്കുള്ള ആവശ്യക്കാരെ കണ്ടെത്തുകയും വിപണനം നടത്തുകയും ചെയ്തു.

**വികാസ്പീഡിയ മലയാളം**

വികാസ്പീഡിയ പോർട്ടൽ ദേശീയ താൽപര്യത്തിന്റെ ഭാഗമായി, ഗ്രാമീണ ഭാരതത്തെ അറിവും സേവനങ്ങളും നൽകി ശക്തിപ്പെടുത്തുന്നതിന് വേണ്ടി ഭാരതസർക്കാർ താൽപര്യമെടുത്ത് വിഭാവനം ചെയ്തതാണ്. അറിവും സേവനവും നൽകി ഇന്ത്യയിലെ ജനങ്ങളുടെ വികസനത്തിനായി ഈ പോർട്ടൽ നിലകൊള്ളുന്നു.

വികാസ്പീഡിയ മലയാളം പോർട്ടലിന്റെ ഉന്നമനത്തിനായി ജില്ലാതല ശിൽപ്പശാലകൾ തുടങ്ങി. മലപ്പുറം ജില്ലയിലെ പരിപാടി മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ച് മാർച്ച് 28-ാം തീയതി നടത്തുകയും 65 ആളുകൾ പ്രസ്തുത ശിൽപ്പശാലയിൽ പങ്കെടുക്കുകയും ചെയ്തു. ശിൽപ്പശാല മണിമൂളി ക്രൈസ്റ്റ് ദി കിംഗ് സ്കൂൾ പ്രിൻസിപ്പാൾ ശ്രീമതി പൗളിൻ ജോർജ് ഉത്ഘാടനം ചെയ്തു. റവ.ഫാ. ജെയിംസ് കുറ്റിമാക്കൽ (സിഞ്ചെല്ലൂസ്, മണിമൂളി-നിലമ്പൂർ മേഖല) അദ്ധ്യക്ഷതയിൽ റവ.ഫാ. ബിജോ കറുകപ്പള്ളി വിഷയാവതരണം നടത്തി. പോർട്ടൽ ലക്ഷ്യം, സമീപനം, പിന്നാമ്പുറം എന്നിവയെ ആസ്പദമാക്കി ശ്രീ. അനൂപ് ഫിലിപ്പും, ഫേസ്ബുക്ക്, Content uploading എന്നിവയെക്കുറിച്ച് ശ്രീ. ജൂബിൻ അഗസ്റ്റ്യനും ക്ലാസുകളെടുക്കുകയും മലപ്പുറം ജില്ലാ ഇൻഫർമേഷൻ വകുപ്പ് ഓഫീസർ ശ്രീ. സുബ്രമണ്യൻ ശിൽപ്പശാല അവലോകനം നടത്തുകയും ചെയ്തു.

പുതിയ സർക്കാർ, ജനറൽ, മൊബൈൽ ആപ്പുകൾ വികാസ്പീഡിയ പോർട്ടലിൽ upload ചെയ്തിട്ടുണ്ട്. ഭാരത സർക്കാർ, വികാസ്പീഡിയ, സിഡാക് എന്നിവയുടെ സഹകരണത്തോടെ ഈ ആപ്പുകൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നു. farmers.gov.in എന്ന വെബ്സൈറ്റ് കർഷകർക്ക് ഉപകാരപ്രദമായ വിവരങ്ങൾ നൽകുന്നു. വികാസ്പീഡിയ മലയാളം കൂടുതൽ അറിയുവാൻ www.vikaspedia.in, ml.vikaspedia.in എന്നീ സൈറ്റുകൾ സന്ദർശിക്കുക.

**സേവ് എ ഫാമിലി പ്ലാൻ**

മാർച്ച് മാസത്തിൽ SAFP യുടെ മേഖലാതലയോഗം നടത്തുകയുണ്ടായി. മാർച്ച് 16, 17, 19 തീയതികളിൽ ആണ് SAFP യുടെ പുൽപ്പള്ളി, മാനന്തവാടി, കൽപ്പറ്റ എന്നീ മേഖലകളിൽ യോഗം സംഘടിപ്പിച്ചത്. പ്രസ്തുത യോഗത്തിൽ "മാനസിക സംഘർഷവും അതിന്റെ പ്രതി

വിധിയും" എന്ന വിഷയത്തെക്കുറിച്ച് SAFP കോ-ഓർഡിനേറ്റർ സി.ആനി ക്ലാസെടുത്തു.

SAFP കുടുംബങ്ങൾ സന്ദർശിച്ച് അടിസ്ഥാന വിവരശേഖരണം നടത്തുകയുണ്ടായി. പുൽപ്പള്ളി, മാനന്തവാടി, കൽപ്പറ്റ മേഖലകളിലെ വിവിധ സെന്ററുകളിൽ ആനിമേറ്റർമാരുടെയും ഇടവക വികാരിയുടേയും സാന്നിദ്ധ്യത്തിൽ യോഗം നടത്തുകയുണ്ടായി.

**ജനകീയ സംഘാടനം**

**സഹ്യശ്രീ പദ്ധതി**

കേരളസർക്കാർ മലയോര ജില്ലകളായ കണ്ണൂർ, വയനാട്, മലപ്പുറം, ഇടുക്കി ജില്ലകളിൽ സഹ്യശ്രീപദ്ധതി നടപ്പിലാക്കിവരുന്നു. മലയോര വികസന ഏജൻസി വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. WSSS-നെ മലയോര വികസനഏജൻസി സഹ്യശ്രീപദ്ധതി നടപ്പിലാക്കുന്നതിന് അംഗീകാരമുള്ള സന്നദ്ധ സംഘടനയായി തെരഞ്ഞെടുത്തിരിക്കുന്നു. സ്വാശ്രയ സംഘങ്ങളിലെ ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സബ്സിഡിയോട് കൂടിയ വായ്പ ലഭ്യമാക്കാൻ ഈ പദ്ധതി വഴി സാധിക്കുന്നു.

ഈ പദ്ധതിയെക്കുറിച്ച് വിശദീകരിക്കുന്നതിനും മേൽനടപടി സ്വീകരിക്കുന്നതിനുമായി 2-3-15 ന് പട്ടാണികൂപ്പ് ഉണ്ണീശോപള്ളി അങ്കണത്തിൽ വച്ചും 5-3-15 ന് ചെന്നലോട് സെന്റ് സെബാസ്റ്റ്യൻസ് പാരീഷ്ഹാളിൽ വച്ചും സ്വാശ്രയസംഘ ഭാരവാഹികളുടെ മേഖലായോഗങ്ങൾ നടത്തി.

**ബാങ്ക് മാനേജർമാരുടെ യോഗം**

കേന്ദ്ര ഗവൺമെന്റ് ധനമന്ത്രാലയത്തിന്റെ കീഴിൽ നബാർഡ് മുഖേന നടപ്പിലാക്കിവരുന്ന വനിതസ്വാശ്രയ സംഘ പദ്ധതിയുടെ പ്രവർത്തന പരിധിയിൽ വരുന്ന ബാങ്ക് മാനേജർമാരുടെ യോഗം WSSS ഓഫീസ് ഓഡിറ്റോറിയത്തിൽ വച്ച് മാർച്ച് 26-ാം തീയതി നടത്തുകയുണ്ടായി. പ്രസ്തുത യോഗത്തിൽ നബാർഡ് ജില്ലാഓഫീസർ ശ്രീ. സജികുമാർ, ലീഡ്ബാങ്ക് മാനേജർ ശ്രീ. എം.വി. രവീന്ദ്രൻ എന്നിവർ മുഖ്യാതിഥികളായിരുന്നു. വനിതാസ്വാശ്രയസംഘത്തിന്റെ പ്രവർത്തനങ്ങളെകുറിച്ചും ക്രഡിറ്റ് ലിങ്കേജ് പുരോഗതിയെക്കുറിച്ചും യോഗം വിലയിരുത്തി.

**നബാർഡ് സമഗ്ര ആദിവാസി വികസനപദ്ധതി**

**1. കിണർ നിർമ്മാണം**

നബാർഡ് സമഗ്ര ആദിവാസി വികസനപദ്ധതിയിൽ ഉൾപ്പെടുത്തി കിണർ നിർമ്മാണം, കിണർ പുനരുദ്ധാരണം എന്നിവയ്ക്ക് സാമ്പത്തിക

സഹായം നൽകിവരുന്നു. ഈ മാസം 15 കിണർ നിർമ്മിക്കുന്നതിനും 12 കിണറുകൾ പുനരുദ്ധരിക്കുന്നതിനും സാമ്പത്തിക സഹായം അനുവദിച്ചു.

**കോഴിക്കുഞ്ഞുങ്ങളുടെ വിതരണം**

സമഗ്ര ആദിവാസി വികസനപദ്ധതിയിൽ അംഗങ്ങളായവരുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യംവെച്ച് ഉയർന്ന ഗുണമേന്മയുള്ള കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു. ഈ മാസം 64 കുടുംബങ്ങൾക്ക് 20 കോഴിക്കുഞ്ഞുങ്ങളെ വീതമാണ് വിതരണം ചെയ്തത്. കൂടാതെ കൂട് നിർമ്മിക്കുന്നതിന് 3000 രൂപ വീതം സാമ്പത്തിക സഹായം നൽകി.

**ഡോളോമൈറ്റ് വിതരണം**

കൃഷിയിടങ്ങളിലെ അമ്ലാംശം കൃത്യമാക്കുന്നതിനായി പദ്ധതിയിൽ പങ്കാളികളായ മുഴുവൻ കർഷകർക്കും സൗജന്യമായി ഡോളോമൈറ്റ് വിതരണം ചെയ്തു. ഒരു ഏക്കർ സ്ഥലത്തേക്ക് 200 കി.ഗ്രാം വീതമാണ് ഡോളോമൈറ്റ് വിതരണം ചെയ്തത്.

**വില്ലേജ് പ്ലാനിംഗ് കമ്മറ്റിയോഗം**

സമഗ്ര ആദിവാസി വികസനപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന വില്ലേജ് പ്ലാനിംഗ് കമ്മിറ്റി അംഗങ്ങളുടെ യോഗം 2015 മാർച്ച് 26-ാം തീയതി ബോയ്സ് ടൗണിൽ വെച്ച് നടന്നു. WSSS ജനറൽ കോ-ഓഡിനേറ്റർ ജോസ് പി.എ. നേതൃത്വം നൽകി.

**നയിറോഷ്നി പരിശീലനം**

കേന്ദ്രസർക്കാർ ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ സഹകരണത്തോടെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന സ്ത്രീകൾക്കുവേണ്ടി നടത്തപ്പെടുന്ന നയിറോഷ്നി പരിശീലനം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വിജയകരമായി പൂർത്തീകരിച്ചു. ഇരുളം, കുറ്റിമൂല, എടയൂർക്കുന്ന്, കാരക്കാമല, മക്കിയാട്, കോറോം, കുഞ്ഞോം, നിരവിൽപ്പുഴ, വെള്ളിലാടി എന്നിവിടങ്ങളിലായി 227 സ്ത്രീകൾക്ക് പരിശീലനം നൽകി. ജോയിന്റ് ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളിൽ, ജനറൽ കോ-ഓഡിനേറ്റർ ജോസ് പി.എ., കെ.ഒ. ജോയി, അനൂപ് ഫിലിപ്പ്, ചാക്കോ എൻ.ജെ., സി. ആനി, റ്റോബി സെബാസ്റ്റ്യൻ, ശിൽപ്പ, ബൈജു ഐസക്, ഷാജുമോൻ, ബിന്ദു, ലത എന്നിവർ നേതൃത്വം നൽകി.

**ദീൻദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന (അജീവിക)**

കേന്ദ്ര ഗ്രാമവികസന മന്ത്രാലയം നടപ്പിലാക്കിവരുന്ന ദീൻദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന (അജീവിക) പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിക് അംഗീകാരം ലഭിച്ചു. 18 വയസ്സു മുതൽ 40 വയസ്സു

വരെ പ്രായമുള്ള തൊഴിൽ രഹിതരായ യുവജനങ്ങൾക്ക് വിവിധ സാങ്കേതിക വിഷയങ്ങളിൽ പ്രായോഗിക പരിശീലനം നൽകുകയും അവർക്ക് വിവിധ സ്ഥാപനങ്ങളിൽ തൊഴിൽ ലഭ്യമാക്കികൊടുക്കുകയും ആണ് ഈ പദ്ധതികൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. പരിശീലനത്തിന്റെ മുഴുവൻ ചെലവും സർക്കാർ വഹിക്കുന്നതാണ്. NCVT, NSDC തുടങ്ങിയ സ്ഥാപനങ്ങളുടെ അംഗീകാരമുള്ള 3 മാസം മുതൽ 1 വർഷം വരെ നീണ്ടു നിൽക്കുന്ന ഏത് സാങ്കേതിക തൊഴിലുകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഈ വർഷം ഫുഡ് പ്രോസസിംഗ്, ഫാഷൻ ടെക്നോളജി എന്നിവയിലാണ് പരിശീലനം നൽകുന്നത്. താൽപര്യമുള്ളവർക്ക് WSSS ൽ ബന്ധപ്പെടാവുന്നതാണ്.

**വികലാംഗർക്കുള്ള സാമ്പത്തികസഹായം**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും വികലാംഗരുമായ 100 സ്ത്രീകൾക്ക് വരുമാനമാർഗ്ഗമായി പശുവളർത്തലിന് സാമ്പത്തിക സഹായം നൽകി. ഓരോ വ്യക്തിക്കും 15000 രൂപ വീതമാണ് സാമ്പത്തിക സഹായം അനുവദിച്ചത്. 5000 രൂപ ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തി 20000 രൂപയിൽ കുറയാത്ത പശുക്കളെ വാങ്ങുകയും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

**ഫാ. ജോൺ ചൂരപ്പുഴയിൽ**
WSSS ഡയറക്ടർ

# കേരള ലേബർ മൂവ്മെന്റ് (KLM)

**അംഗത്വം പുതുക്കൽ**

ഈ മാസം സുരക്ഷ B യിൽ 95 ആളുകളും സുരക്ഷ A യിൽ 15 ആളുകളും KCTTF ൽ 22 ആളുകളും SNTU ൽ 12 ആളുകളും തങ്ങളുടെ അംഗത്വം പുതുക്കി. ക്ഷേമപദ്ധതിയിൽ അംഗത്വം പുതുക്കാൻ ഉള്ളവർ തങ്ങളുടെ അംഗത്വം എത്രയും വേഗം പുതുക്കേണ്ടതാണ്.

**സംസ്ഥാന ഡയറക്ടേഴ്സ് മീറ്റ്**

മാർച്ച് 16,17 തീയതികളിൽ എറണാകുളം POC യിൽ വച്ച് നടന്ന രൂപതാ ഡയറക്ടർമാരുടെ യോഗത്തിൽ രൂപതാ ഡയറക്ടർ റവ.ഫാ. ബിജോ കറുകപ്പള്ളി പങ്കെടുത്തു.

**അറിയിപ്പ്**

വിവിധ ക്ഷേമപദ്ധതികളിൽ പുതിയ അംഗങ്ങളെ ചേർക്കുന്നു. നിർമ്മാണ തൊഴിലാളി, തയ്യൽതൊഴിലാളി, ചെറുകിടതോട്ടം തൊഴിലാളി എന്നിവയിലാണ് പ്രധാനമായും അംഗങ്ങളെ ചേർക്കുന്നത്. ക്ഷേമപദ്ധതിയിൽ അംഗങ്ങളാകുവാൻ താൽപര്യമുള്ളവർ താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടുക. ഫോൺ: 04935-240314, 9447264935, 9562766224.

**ഫാ. ബിജോ കറുകപ്പള്ളി**
ഡയറക്ടർ KLM

# കെസിബിസി മദ്യവിരുദ്ധസമിതി

**ലഹരിവിമുക്ത പ്രവർത്തനങ്ങൾ**

ഏപ്രിൽ 1-ാം തീയതി ചേര്യംകൊല്ലിയിൽ കേരള മഹിളാ മദ്യനിരോധന സമിതിഘടകം സംഘടിപ്പിച്ച ലഹരിവിമുക്ത യാത്രയ്ക്ക് ആവേശകരമായ സ്വീകരണം നൽകി. ജാഥ ക്യാപ്റ്റൻ അഡ്വ. സുജാത വർമ്മയെ ഇടവക ലഹരിവിമുക്ത സമിതി സെക്രട്ടറി ശ്രീ. ജോയി പരിയാരത്ത് പൊന്നാട അണിയിച്ച് സ്വീകരിച്ചു. അഡ്വ. സുജാതവർമ്മ ലഹരിക്കെതിരെ മുഖ്യപ്രഭാഷണം നടത്തി. യോഗത്തിൽ ഫാ. രാജു, ശ്രീ. ശശികുമാർ, ശ്രീ. അബ്രാഹം പുത്തനങ്ങാടി എന്നിവർ പ്രസംഗിച്ചു. ലഹരിവിമുക്ത പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ കടകളിൽനിന്ന് പരിപൂർണ്ണമായ പുകയില ഉൽപ്പന്നങ്ങളുടെ ബഹിഷ്ക്കരണം നടത്തിയ ശ്രീ. ആന്റു പാലാട്ടിൽ, ശ്രീ. പാപ്പച്ചൻ ആക്കപ്പാറ എന്നിവരെ ആദരിച്ചു. ഏപ്രിൽ 19-ാം തീയതി ഇടവകയിൽ മദ്യവിരുദ്ധ ഞായർ ആചരിച്ചു. കുർബാനമദ്ധ്യേ ബഹു. വികാരിയച്ചൻ ലഹരിക്കെതിരെ സന്ദേശം നൽകി. സമ്പൂർണ്ണ ലഹരിവിമുക്ത കുടുംബങ്ങളിൽ പതിപ്പിക്കാൻ വേണ്ടി *ഞങ്ങളുടെ കുടുംബം ലഹരിവിമുക്ത കുടുംബം; ഞങ്ങളുടെ കുടുംബം സന്തുഷ്ട കുടുംബം* എന്ന സ്റ്റിക്കറുകൾ വിതരണം ചെയ്യുകയും ഇടവകയിലെ 130 കുടുംബങ്ങളിൽ ഏകദേശം അമ്പതോളം കുടുംബങ്ങളിൽ അന്നേദിവസം തന്നെ സ്റ്റിക്കറുകൾ പതിപ്പിക്കുകയും ചെയ്തു. പള്ളിയിലും കുടുംബങ്ങളിലും ലഹരിവിമുക്ത പ്രാർത്ഥന തുടർന്നും ചൊല്ലിവരുന്നു.

**ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ,** ചുള്ളിയാന

## പൂൾ ലിസ്റ്റ് പ്രസിദ്ധീകരിച്ചു

മാനന്തവാടി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി HSA, UPSA,LPSA എന്നീ വിഭാഗങ്ങളിലേക്ക് നിയമനങ്ങൾക്കായി അദ്ധ്യാപകരുടെ പുതിയ പൂൾ ലിസ്റ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി 7 ഘട്ടങ്ങളിലായി നടത്തിയ പരീക്ഷകളുടെ റിസൽറ്റിന്റെ അടിസ്ഥാനത്തിൽ പൂൾ ലിസ്റ്റ് ഏപ്രിൽ 17-ാം തിയ്യതി വെള്ളിയാഴ്ച രാവിലെ 10.00 മണിക്ക് പ്രസിദ്ധീകരിച്ചു. പൂൾ ലിസ്റ്റ് പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. 16-04-2015 ന് പ്രസിദ്ധീകരിക്കുന്ന പൂൾ ലിസ്റ്റിന് 30-06-2017 വരെ കാലാവധി ഉണ്ടായിരിക്കും.

2. കാലാവധി നീട്ടാനുള്ള അധികാരം കോർപ്പറേറ്റ് മാനേജർക്ക് ഉണ്ടായിരിക്കുന്നതാണ്.

3. ഇതുവരെയുള്ള കാലയളവിൽ രൂപതാ കോർപ്പറേറ്റ് ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തതിന്റെ മാർക്കുകൾ ഇപ്പോൾ പരിഗണിച്ചിട്ടുണ്ട്.

4. തുടർ വർഷങ്ങളിൽ ലഭിക്കുന്ന ദിവസവേതന സർവ്വീസ് മാർക്കുകൾ ഒരോ വർഷവും മാർച്ച് മാസം മാത്രമേ പൂൾലിസ്റ്റിൽ ചേർക്കുകയുള്ളൂ. പ്രസ്തുത മാർക്കുകൾ ചേർക്കുന്നതിന് ജോലി ചെയ്ത സ്ഥാപനത്തിൽ നിന്നും സർട്ടിഫിക്കറ്റുകൾ ഹാജരാക്കി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

5. എഴുത്ത് പരീക്ഷ പാസ്സാവുകയും മറ്റ് ആരോഗ്യപരമായ പ്രത്യേക കാരണങ്ങളാൽ ഏതെങ്കിലും ഘട്ടങ്ങളിൽ പങ്കെടുക്കാൻ സാധിക്കാതെ വരികയും ചെയ്ത ഉദ്യോഗാർത്ഥികൾ ആനുകൂല്യത്തിനായി Medical Certificate സഹിതം അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഒഴിവ് അനുവദിച്ചിട്ടുണ്ടെങ്കിൽ, അവർക്ക് 2015 ആഗസ്റ്റ് മാസത്തിനു ശേഷം, പങ്കെടുക്കാതിരുന്ന ഘട്ടങ്ങൾ പൂർത്തിയാക്കാൻ അവസരം നൽകുന്നതാണ്. വിജയകരമായി പൂർത്തിയാക്കിയാൽ അവരുടെ പേരുകൾ പൂൾലിസ്റ്റിനോട് ചേർക്കുകയും ചെയ്യുന്നതാണ്.

6. ഈ പൂൾലിസ്റ്റിൽ സോഷ്യൽ സയൻസിൽ A,B,C പൂളുകളിലായി 13 ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നുണ്ടെങ്കിലും നിലവിലെ സാഹചര്യത്തിൽ വളരെ ചുരുങ്ങിയ നിയമനങ്ങൾ മാത്രമേ നടത്തുവാൻ സാധിക്കുകയുള്ളൂ. കാരണം കോർപ്പറേറ്റിൽ ഏറ്റവും കൂടുതൽ പ്രമോഷന് അർഹതയുള്ള അദ്ധ്യാപകരുള്ളത് പ്രസ്തുത വിഷയത്തിനാണ്.

HM **പ്രമോഷൻ & ട്രാൻസ്ഫർ**

മാനന്തവാടി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയ്ക്ക് കീഴിൽ ന്യൂനപക്ഷപദവി ലഭിച്ച വിദ്യാലയങ്ങളിലെ 2015-2016 അധ്യയന വർഷത്തേയ്ക്കുള്ള പ്രധാനാദ്ധ്യാപക നിയമനത്തിനുള്ള മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള HS , UP & LP പ്രാധാനാധ്യാപകരുടെ പ്രമോഷനും ട്രാൻസ്ഫറും പ്രസിദ്ധീകരിച്ചു.

HS:- ശ്രീ. പീറ്റർ കുരുവിള - ഫാ.ജി.കെ.എം എച്ച്.എസ്.എസ്., ശ്രീമതി. ത്രേസ്യാമ്മ ജോർജ്ജ് - സു.ബത്തേരി എച്ച്.എസ്, ശ്രീ. പൗലോസ് ഇ.കെ - കബനിഗിരി എച്ച്.എസ്.

UP:- ശ്രീ. ജോസഫ് എം.പി - അമ്പായത്തോട് യു.പി.എസ്, ശ്രീ.ജോൺസൻ റ്റി. - സു.ബത്തേരി യു.പി.എസ്, ശ്രീ.ബിജുമോൻ. വി.എം - പഴൂർ യു.പി.എസ്, ശ്രീ.ജോർജ്ജ് സി.വി - കല്ലോടി. യു. പി.എസ്,

LP: - ശ്രീ. സ്റ്റാൻലി - നടവയൽ എൽ.പി.എസ്, ശ്രീ. തോമസ് ജേക്കബ് - അമ്പായത്തോട് എൽ.പി.എസ്, ശ്രീ.ചെറിയാൻ എ.ജെ കൊളവയൽ എൽ.പി.എസ്, ശ്രീമതി.സിസിലി എൻ.എം - മണിമൂളി എൽ.പി.എസ്, ശ്രീമതി. ഏലി കെ.റ്റി - വെള്ളൂന്നി എൽ.പി.എസ്, ശ്രീമതി. വൽസമ്മ എം - ആടിക്കൊല്ലി എൽ.പി.എസ്, ശ്രീമതി.ഗ്രേസി ജോർജ്ജ് കെ - ഒണ്ടയങ്ങാടി എൽ.പി.എസ്, ശ്രീമതി ത്രേസ്യ പി.വി - ആലാറ്റിൽ എൽ.പി.എസ്. പുതിയ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തിരിക്കുന്ന എല്ലാ പ്രധാനാധ്യാപകർക്കും പ്രത്യേകം അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു.

**അഭിനന്ദനങ്ങളും നന്ദിയും**

സെന്റ് ആന്റണീസ് യു.പി സ്കൂൾ, കോട്ടത്തറയ്ക്ക് കേരള ഗവ.വിദ്യാഭ്യാസ വകുപ്പ് വൈത്തിരി ഉപജില്ലയിലെ മികച്ച വിദ്യാലയത്തിനുള്ള പുരസ്ക്കാരം ഈ വർഷം ലഭിച്ചു. വൈത്തിരി ഉപജില്ലയിലെ 49 യു.പി സ്കൂളുകളിൽ നിന്ന് പഠനപാഠ്യേതര വിഷയങ്ങളിൽ മികവ് പുലർത്തിയതിനുള്ള പ്രത്യേകപുരസ്ക്കാരമാണിത്. അതുപോലെതന്നെ ഇത്തവണത്തെ മാതൃഭൂമി സിഡിന്റെ ശ്രേഷ്ഠ ഹരിത വിദ്യാലയം

എന്ന സ്ഥാനവും ഈ വിദ്യാലയം കരസ്ഥമാക്കി. ഈ പ്രവർത്തനങ്ങൾ എല്ലാം ഏറ്റവും നന്നായി ചെയ്യുന്നതിന് പ്രയത്നിച്ച പ്രധാനാദ്ധ്യാപക യായ ശ്രീമതി ത്രേസ്യാമ്മ ജോർജ്ജിനെയും എല്ലാ സഹായസഹക രണങ്ങളും ചെയ്തുകൊടുത്ത എല്ലാ അദ്ധ്യാപകരെയും, അനദ്ധ്യാപ കരെയും, കുട്ടികളെയും, ഇവരെ പ്രോത്സാഹിപ്പിച്ച പി.റ്റി.എ, മദർ പി.റ്റി.എ. എന്നിവരെയും പ്രത്യേകം അഭിനന്ദിക്കുകയും അനുമോദി ക്കുകയും ചെയ്യുന്നു.

**സിഡോം കൺവെൻഷൻ 2015 മെയ് 6ന്**

2015 മേയ് മാസം 6-ാം തീയതി ബുധനാഴ്ച രാവിലെ പത്തു മണിക്ക് ദ്വാരക പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ മാനന്തവാടി രൂപത കോർപ്പറേറ്റ് സ്കൂൾ ജീവനക്കാരുടെ ഒരു ഏകദിന സംഗമം നടത്തുകയാണ്. പ്രഫ. ശ്രീ. എൻ.എം വർഗ്ഗീസ് കോഴിക്കോട് നയി ക്കുന്ന കത്തോലിക്ക വിദ്യാലയങ്ങൾ കാലത്തിന്റെ പ്രതീക്ഷയും നമ്മുടെ ഉത്തരവാദിത്വവും എന്ന വിഷയത്തെ സംബന്ധിച്ച സെമി നാറും, ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന പ്രസിഡന്റ് ശ്രീ. ജോഷി വടക്കന്റെ പ്രഭാഷണവും ഉണ്ടായിരിക്കും. മാനന്തവാടി രൂപതാക്ഷ്യൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് മുഖ്യാതിഥിയായ ഈ സംഗമത്തിൽ, നമ്മുടെ സ്കൂളുകളിൽ നിന്നും ദീർഘകാലത്തെ സേവനത്തിനുശേഷം വിരമിക്കുന്ന അധ്യാപക ശ്രേഷ്ഠർക്ക് ഉപഹാരസമർപ്പണം നടത്തുന്നത് സംസ്ഥാന പരീക്ഷാഭവൻ ജോ.സെക്രട്ടറി ശ്രീമതി. എൻ.എം.തങ്കമണി ടീച്ചർ ആണ്. അതോടൊപ്പം തന്നെ മാനന്തവാടി കോർപ്പറേറ്റ് സ്കൂൾ സ്റ്റാഫ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി നൽകുന്ന വാട്ടർ പ്യൂരിഫയറു കളുടെ ഔദ്യോഗിക വിതരണോത്ഘാടനവും, നമ്മുടെ സ്കൂളുകളിൽ നടത്തിയ മോറൽ സയൻസ് പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് കരസ്ഥമാക്കിയ കുട്ടികൾക്കുള്ള അവാർഡുദാന ചടങ്ങും നടത്തപ്പെടു ന്നതാണ്. നമ്മുടെ ഈ കോർപ്പറേറ്റ് കുടുംബകൂട്ടായ്മയിലേയ്ക്ക് എല്ലാ ജീവനക്കാരെയും പ്രത്യേകം ക്ഷണിക്കുന്നു.

**സ്കൂളുകളുടെ പ്രവർത്തന റിപ്പോർട്ട്**

**സെന്റ് ആന്റണീസ് യു. പി സ്കൂൾ, കോട്ടത്തറ**

- കേരള ഗവ.വിദ്യാഭ്യാസ വകുപ്പ് വൈത്തിരി ഉപജില്ലയിലെ മികച്ച വിദ്യാലയത്തിനുള്ള പുരസ്ക്കാരം ഈ വർഷം ലഭിച്ചു. വൈത്തിരി ഉപജില്ലയിലെ 49 യു. പി സ്കൂളുകളിൽ നിന്ന് പഠന പാഠ്യേതര വിഷയങ്ങളിൽ മികവ് പുലർത്തിയതിനുള്ള പ്രത്യേക പുരസ്ക്കാരമാണിത്.

- ഇത്തവണത്തെ മാതൃഭൂമി സിഡിന്റെ ശ്രേഷ്ഠ ഹരിത വിദ്യാലയം എന്ന സ്ഥാനവും ഈ വർഷം കരസ്ഥമാക്കി.

- സ്കൂളിൽ പൊതുജനങ്ങൾക്കായി അവധിക്കാല കംമ്പ്യൂട്ടർ പഠനവും, കുട്ടികൾക്ക് കരിയർ ഗൈഡൻസ് ക്ലാസ്സും ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്തുന്നതാണെന്ന് പ്രധാനാധ്യാപികയും, പി.റ്റി.എ. പ്രിസിഡന്റും അറിയിച്ചു.

**SSLC പരീക്ഷയിൽ കോർപ്പറേറ്റ് സ്കൂളുകൾക്ക് ചരിത്ര നേട്ടം**

ഈ അദ്ധ്യയന വർഷത്തിൽ നമ്മുടെ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള ഹൈസ്ക്കൂളുകൾ SSLC പരീക്ഷയിൽ 99.17 % ത്തോടെ ചരിത്രനേട്ടം കരസ്ഥമാക്കി. കോർപ്പറേറ്റിന്റെ കീഴിൽ ഒൻപത് ഹൈസ്ക്കൂളുകൾ ഉള്ളതിൽ നാല് സ്ക്കൂളുകളും 100% (ശതമാനം) വിജയം സ്വന്തമാക്കി. ആകെ 2058 കുട്ടികൾ പരീക്ഷ എഴുതിയതിൽ 2041 കുട്ടികൾക്കും തിളക്കമാർന്ന വിജയം കൈവരിക്കാൻ സാധിച്ചു എന്നത് ഏറെ അഭിനന്ദനാർഹമാണ്.ഈ ചരിത്ര നേട്ടം സ്വന്തമാക്കിയ എല്ലാ കുട്ടികൾക്കും പ്രത്യേകം അഭിനന്ദനങ്ങളും ദൈവാനുഗ്രഹവും ആശംസിക്കുന്നു.

മികച്ച ഈ വിജയം നേടാനായി നേതൃത്വം നൽകിയ പ്രധാനാധ്യാപകരെയും, അത്യദ്ധ്വാനം ചെയ്ത എല്ലാ അദ്ധ്യാപകരെയും, അനദ്ധ്യാപകരെയും, സഹായസഹകരണങ്ങൾ നൽകിയ രക്ഷിതാക്കളെയും, പി ടി എ , മദർ പിടിഎ തുടങ്ങിയ സമിതികളെയും CEADOM-ന്റെ അനുമോദനങ്ങളും അഭിനന്ദനങ്ങളും അറിയിക്കുന്നു.

**ഫാ. ജോൺ പൊൻപാറയ്ക്കൽ**
കോർപ്പറേറ്റ് മാനേജർ

# Pastoral Centre Programme



**May 2015**

| | | |
|---|---|---|
| 1 | - | Counselling course |
| 2 | - | Diocesan Day |
| 3-5 | - | CML Camp |
| 6 | - | CEADOM Convention |
| 7 | - | CML Team Meeting |
| 7 | - | S H Vestition |
| 8-11 | - | Marriage Preparation Course |
| 11-12 | - | KCYM Roopatha Camp |
| 14 | - | CMA Executive |
| 17-21 | - | Zion Retreat |
| 19 | - | Marian Singles |
| 22 | - | Youth Ministry – JMJ Synergy |
| 23 | - | HMPP Conference |
| 24-28 | - | Christeen Retreat |
| 29June1 | - | Marriage Preparation Course |

**Director, Pastoral Centre**

Fr. Mathew Periappuram

# Bishop's Programme



***May 2015***

| | | |
|---|---|---|
| *1* | *Fri ....................* | *Out of Station* |
| *2* | *Sat ....................* | *Diocesan Day* |
| *3* | *Sun Morning .....* | *Mananthavady Town Church: Blessing of Presbytery* |
| | *Afternoon .........* | *Edayoorkunnu: Jubilee of the Parish* |
| *4* | *Mon Morning ....* | *Thavinjal: First Communion and Confirmation* |
| *5* | *Tue ...................* | *Alattil: Ordination of Dn. Jose Thamarakkatt CST* |
| | *Afternoon ........* | *Bathery* |
| *6* | *Wed ...................* | *Dwaraka: Corporate School Staff Convention* |
| *7* | *Thu ...................* | *Dwaraka: Vestition & First Profession of SH Novices and Jubilee of Sisters* |
| *8* | *Fri ....................* | *Out of Station* |
| *9* | *Sat ...................* | *Payyampally: First Communion and Confirmation* |
| *10* | *Sun Morning .....* | *Edapetty: First Communion and Confirmation* |
| | *Afternoon ..........* | *Theneri: Foundation Stone Lying of Sunday School* |
| *11* | *Mon ..................* | *Minor Seminary: Interview* |
| *12* | *Tue ...................* | *Minor Seminary: Vestition of Major Seminarians* |
| | | *Bishop's House : Deacons & Parents Meet* |
| *13* | *Wed .................* | *Ootty: Golden Jubilee of Ootty Diocese* |

| | |
|---|---|
| *14 Thu 15 Fri..........* | *Kakkanad* |
| *16 Sat ....................* | *Vincentgiri: Jubilee of Sisters* |
| *18 Mon .................* | *Bathery: Ordination of Dn. Jomon Uppuveettil TOR* |
| *19 Tue ....................* | *Engaged* |
| *20 Wed .................* | *Poroor: Blessing of the Oldage home of SH Sisters* |
| *21 Thu ..................* | *Kulathuvayal* |
| *22 Fri ....................* | *Out of Station* |
| *23 Sat ....................* | *Dwaraka: Sunday School HM and PP Conference* |
| *24 Sun ..................* | *Arinchermala: First Communion and Confirmation, Blessing of the Extension of Presbytery* |
| *25 Mon .................* | *Visitors' Day* |
| *26 Tue ..................* | *WSSS General Body* |
| *27 Wed ..................* | *Visitors' Day* |
| *28 Thu ..................* | *Engaged* |
| *29 Fri ....................* | *Out of Station* |
| *30 Sat ....................* | *Vilambukandam, Blessing of Chapel* |
| *31 Sun ..................* | *Pazhoor: First Communion and Confirmation* |

***June 2015***

| | |
|---|---|
| *1 Mon .................* | *Kartikulam Divine Providence Seminary: Diaconate of Tomy Vadakkedathvayalil PSDP* |
| *6 Sat 8 Mon ............* | *Kakkanad: Mount St.Thomas* |
| *9 Tue 11 Thu ...........* | *KCBC* |
| *12 Fri ....................* | *Out of Station* |
| *16 Tue ..................* | *Forane Vicars Meet* |
| *18 Thu ..................* | *Camillus Seminary: Diaconate of Vineesh Kochukudiyil MI* |
| *21 Sun 23 Tue.........* | *Kakkanad: Mount St.Thomas* |
| *24 Wed .................* | *Out of Station* |
| *26 Fri ....................* | *Out of Station* |
| *28 Sun ..................* | *Kelakam: Pastoral Visit* |
| *29 Mon .................* | *Visitors' Day* |